മി. സ്പീക്കർ : 1999-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അങ്ങേക്ക് 1999-ലെ ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാം.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ധനകാര്യ ബിൽ†

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ഇതു സംബന്ധിച്ച് നാല് അംഗങ്ങൾ വിയോജനക്കുറിപ്പ് നല്കിയിട്ടുണ്ട്.

X. ക്രമപ്രശ്നം

ധനകാര്യ ബില്ലിൽ ഉൾപ്പെടുത്താത്തകാര്യം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വന്നതു സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാൻ എഴുതിത്തന്നിരുന്നു. അത് ഈ സമയത്ത് എടുക്കേണ്ടതാണ്.

മി. സ്പീക്കർ : അങ്ങ് ഉന്നയിക്കുന്നുണ്ടോ; ഉന്നയിച്ചാൽ അതുസംബന്ധിച്ച് പറയേണ്ടിവരും.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഞാൻ എഴുതിത്തന്നു.

മി. സ്പീക്കർ : അതു ഈ സന്ദർഭത്തിലല്ല ഉന്നയിക്കേണ്ടത്. അങ്ങ് എഴുതിത്തന്നു. ഞാൻ അതു പരിശോധിച്ചു. ഈ സ്റ്റേജിലല്ല ഉന്നയിക്കേണ്ടത്. ബില്ലിന്റെ അവതരണ വേളയിലാണ് ഉന്നയിക്കേണ്ടത്. ഇന്നല്ല. ധനകാര്യബില്ല് അവതരിപ്പിച്ചല്ലോ; ആ സമയത്താണ് ഉന്നയിക്കേണ്ടത്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ധനകാര്യ ബില്ലിൽ ഇല്ലാത്ത കാര്യം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ വന്നിരിക്കുകയാണ്. അതിനെയാണ് ഞാൻ ഒബ്ജക്ട് ചെയ്തത്. ധനകാര്യബില്ലിനു എതിരായിട്ട് കൊണ്ടുവന്നിരിക്കുകയാണ്. അതാണ് എന്റെ ഒബ്ജക്ഷൻ. ധനകാര്യബില്ലിനു കടകവിരുദ്ധമായി ബില്ലിൽ ഇല്ലാത്ത കാര്യം, ധനകാര്യബില്ല് 1999-2000 ആണ്ടിലേയ്ക്കാണ്.

(അനുബന്ധം II)

LIBRARY ARCHIVES Kerala Legislative Assembly

XI. റൂളിംഗ്

മി. സ്പീക്കർ : അങ്ങു ഉന്നയിച്ച കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും നിയമവകുപ്പുമന്ത്രിയുമെല്ലാം മറുപടി പറഞ്ഞു. ഞാൻ ആദ്യം പറഞ്ഞത് ഇതിന്റെ ചട്ടപ്രകാരമുള്ള കാര്യങ്ങളാണ്. നമ്മൾ ഒരു ബില്ലിന്റെ തടസ്സവാദങ്ങൾ ഏതു സമയത്താണ് കൊണ്ടുവരേണ്ടത് എന്ന് നിയമസഭാ ചട്ടങ്ങളിൽ പറയുന്നുണ്ട്. തടസ്സവാദങ്ങൾ അതിന്റെ അവതരണവേളയിൽ തന്നെയാണ് കൊണ്ടുവരേണ്ടത്. അപ്പോൾ കൊണ്ടുവരണം. ഇനി അങ്ങനെ കൊണ്ടുവരാൻ കഴിയാതെ വന്നാൽ റൂൾ 79 കൂടി പരിഗണിച്ചു കൊണ്ട് പറയുകയാണ്, അതനുസരിച്ചാണ് ഇവിടെ വന്നിരിക്കുന്നത്. വീണ്ടും അവസരങ്ങൾ വരും. ഈ രൂപത്തിൽ ഉള്ള തടസ്സവാദമല്ല. അങ്ങ് ഇപ്പോഴുന്നയിച്ച രൂപത്തിലുള്ളതല്ല. അല്ലാതെ തന്നെ ഈ റിപ്പോർട്ടിന്റെ ഡിസന്റുണ്ട്. അങ്ങ് ഉൾപ്പെടെയുള്ള ആളുകളുടെ ഡിസന്റുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : അതു വേറെ കേസാണ്.

മി. സ്പീക്കർ : വേറെ കേസ് വരുകയില്ല. ഒരു കേസ് മാത്രമേ ഇവിടെയുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒരു തെറ്റു കണ്ടാൽ ഏതു സന്ദർഭത്തിലും ചൂണ്ടിക്കാണിക്കാം.

മി. സ്പീക്കർ : അതിനുവേണ്ടിയാണ് പറയുന്നത്. ഞാൻ പറയുന്നതു മുഴുവൻ അങ്ങു കേൾക്കുക. അങ്ങേയ്ക്കു വേണ്ടിയാണ് ഞാൻ പറയുന്നത്. ഏതു സമയത്തും തിരുത്താം, ഡിസന്റിൽ അങ്ങേയ്ക്ക് പറയാം. ഇനി ഡിസന്റിൽ പറഞ്ഞില്ല എങ്കിൽ ക്ലാസ് ബൈ ക്ലാസുണ്ട്. വേർഡ് ബൈ വേർഡ് ഉണ്ട്. അങ്ങനെയാണല്ലോ ഇവിടെ വരുന്നത്. ആ സമയത്തെല്ലാം പറയാം. അല്ലാതെ ഒരു ജനറൽ ഒബ്ജക്ഷൻ എന്ന നിലയിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.. റൂൾ അനുസരിച്ചുതന്നെ.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഒറിജിനൽ ബില്ലിൽ ഇല്ലാത്ത കാര്യങ്ങളാണ്.

മി. സ്പീക്കർ : അതായിക്കോട്ടെ. അതു ക്ലാസ് ബൈ ക്ലാസ് എടുക്കുമ്പോൾ പറയാം. ആ ക്ലാസ്സിൽ അതിനുള്ള സന്ദർഭമുണ്ട്. ഇവിടെ ചർച്ച ചെയ്തു പാസ്സാക്കുകയല്ലേ ചെയ്യുന്നത്? ഡോ. എം.എ. കുട്ടപ്പൻ എന്തിനാണ് ഇവിടെ എഴുതിത്തന്നത്? അദ്ദേഹം തരേണ്ട കാര്യമില്ല. ഉന്നയിച്ചാൽ പോരേ? അദ്ദേഹത്തിന് അതിനുള്ള അവകാശമുണ്ട്. ക്ലാസ് ബൈ ക്ലാസ് എടുക്കുമ്പോൾ അതെടുക്കാം. ഇൻട്രോഡക്ഷനിലോ അല്ലെങ്കിൽ മറ്റു രൂപത്തിലോ ഉള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല. അതുകൊണ്ട് അങ്ങയുടെ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്നു ചെയർ റൂൾ ചെയ്യുന്നു.

(അദ്ധ്യക്ഷവേദിയിൽ ഡോ. കെ.സി. ജോസഫ്)

ശ്രീ. ഇസ്ഹാക് കുരിക്കൾ : സർ, ബഡ്ജറ്റിൽ നിർദ്ദേശിച്ച നികുതി നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്ന ഈ ധനകാര്യ ബില്ലിനോടുള്ള എന്റെ വിയോജനം രേഖപ്പെടുത്തുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക രംഗങ്ങളെയും കൃഷിക്കാരെയും ചെറുകിട കർഷകരെയും ബാധിക്കുന്ന ഗുരുതരമായ ഭവിഷ്യത്തുകളുണ്ടാക്കുന്ന നികുതിനിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ സംസ്ഥാനം വ്യാപാരരംഗത്തും വ്യവസായികരംഗത്തും കടുത്ത മത്സരങ്ങൾ നേരിടുകയാണ്. നികുതിനിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുമ്പോൾ മറ്റു സംസ്ഥാനങ്ങളിലെ നികുതിനിരക്കും മറ്റു സംസ്ഥാനങ്ങളിലെ ഇളവുകളും കിഴിവുകളുമൊക്കെ അവലോകനം ചെയ്തതിനുശേഷമേ നമ്മുടെ സംസ്ഥാനത്തെ നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരാൻ, ഭാവിയെക്കുറിച്ച്, സംസ്ഥാനത്തെക്കുറിച്ച് ചിന്തിക്കുന്ന ധനകാര്യമന്ത്രിമാർക്ക് സാധിക്കുകയുള്ളൂ. അങ്ങയുടെ നിർദ്ദേശങ്ങൾ പലതും സംസ്ഥാനത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് മാത്രമല്ല കർഷകരെ കൂടുതൽ ദുരിതങ്ങളിലേയ്ക്ക് കൊണ്ടുപോകുകയും ചെയ്യും. പണ്ടൊരു പഴമൊഴിയുണ്ട്. ''ഈറ്റെടുക്കാൻ പോയവൾ ഇരട്ട പ്രസവിച്ചു''. വില കുറയ്ക്കുവാനും കാർഷികരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും അധികാരത്തിൽവന്ന ഒരു പുരോഗമന സർക്കാർ ഏതിനെല്ലാമാണ് നികുതി ചുമത്തിയതെന്ന് നാമിന്ന് ആലോചിക്കണം. കൊപ്ര, തേങ്ങ എന്നുപറയുന്നത്.....ബഹളം...തേങ്ങയും കൊപ്രയും വ്യത്യാസമുണ്ട്. പലതും കുറച്ചുകഴിയുമ്പോൾ പലതായിമാറും. ബില്ലിലെ ക്ലാസ് 3, സബ് ക്ലാസ് (13)-ൽ കൊപ്രയ്ക്ക് 5% നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന കൊപ്രയ്ക്ക് നികുതി ഈടാക്കുന്നത് ഞാൻ സ്വാഗതം ചെയ്യും. തമിഴ്നാട്ടിൽനിന്നും കർണാടകത്തിൽനിന്നും ആന്ധ്രയിൽനിന്നുപോലും ഇവിടേയ്ക്ക് നാളികേരം ഇറക്കുമതി ചെയ്യുന്നത് നമ്മുടെ കർഷകരെ സാരമായി ബാധിക്കുന്നുണ്ട്. അത്തരം കാര്യങ്ങളിൽ നമ്മുടെ രാജ്യത്തെ ഉൽപ്പാദകരെ സഹായിക്കാൻ മറ്റു സംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന കൊപ്രയ്ക്കും നാളികേരത്തിനും നികുതി കൊണ്ടുവന്നാൽ അത് നമുക്ക് ആശ്വസിക്കാം. പക്ഷേ ഇന്ന് കൊണ്ടുവന്നിട്ടുള്ളത് 5-ാം വകുപ്പുപ്രകാരം നികുതി നൽകാൻ ബാധ്യസ്ഥനായ വ്യാപാരി സംസ്ഥാനത്തിനകത്ത് നടത്തുന്ന ആദ്യവില്പനഘട്ടത്തിൽ 5% നികുതി കൊടുക്കണമെന്നാണ്. തേങ്ങയ്ക്ക് 5% നികുതി കൊണ്ടുവന്നത് കർഷകരെ സഹായിക്കാനാണോ ദ്രോഹിക്കാനാണോ എന്ന് അപ്പുറത്തിരിക്കുന്നവർ ചിന്തിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുകൊണ്ട് ആഭ്യന്തര വിപണനത്തിന് അല്ലെങ്കിൽ കച്ചവടത്തിന് കൊപ്രയ്ക്കും തേങ്ങയ്ക്കും അങ്ങുകൊണ്ടുവന്ന 5% നികുതി ഒഴിവാക്കണമെന്ന് ഈ രാജ്യത്തിലെ കൃഷിക്കാർക്കുവേണ്ടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ തമിഴ്നാടുമായും നമുക്ക് വളരെ കടുത്ത മത്സരം ഉണ്ട്. വെളുത്തുള്ളി, മുളക്, കുരുമുളക്, റബ്ബർ, ഏലം, അടയ്ക്ക, തേയില, കാപ്പി എന്നിവയ്ക്കൊക്കെത്തന്നെ ക്ലാസ് 3-ൽ പുതിയ നികുതി അങ്ങ് കൊണ്ടുവന്നിരിക്കുകയാണ്. ലോക കമ്പോളത്തിൽ ചുവപ്പു മുളകിന് വിലയിടിയുമ്പോൾ അങ്ങ് ചുവപ്പുമുളകിന് വിലകൂട്ടി നികുതി നിർദ്ദേശങ്ങൾ കൊണ്ടുവരികയാണ്. ചുവന്നമുളകിനെയെങ്കിലും അങ്ങ് ഒഴിവാക്കുമെന്ന് ഞാൻ പ്രതീക്ഷിച്ചിരുന്നു. ഞാൻ ചുവപ്പിന് വിലയിടിയുന്നു എന്നുപറയുന്നില്ല. പക്ഷെ വിലകുറഞ്ഞുവരുന്നത് കണ്ടിട്ടാണോ ഈ നികുതി നിർദ്ദേശം എന്ന് എനിക്കറിയില്ല. അതുകൊണ്ട് ക്ലാസ് 5, സബ് ക്ലാസ് (3)-ൽ പട്ടികയിൽ നിശ്ചയിച്ചിരിക്കുന്ന നികുതികൾ ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ കേൾക്കാൻവേണ്ടി പറയുകയാണ്, അങ്ങ് ഒരു വീട്ടമ്മയല്ലേ? അങ്ങേയ്ക്കും കുടുംബമൊക്കെയില്ലേ? മുളകിനും മല്ലിക്കും നികുതി കൊണ്ടുവന്നാൽ അങ്ങത് അനുകൂലിക്കുമോ? നിഷ്പക്ഷമായിട്ടുപറയണം. സ്റ്റേറ്റിന് വരുമാനമുണ്ടാക്കാൻ വേറെ എന്തെല്ലാം മാർഗ്ഗമുണ്ട്? പാവപ്പെട്ടവനെ, സാധാരണക്കാരനെ ദ്രോഹിക്കുന്ന ഈ നികുതിനിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാണ് ഞാൻ പറയുന്നത്. ഇവിടെ നമുക്കറിയാം സാമ്പത്തിക മാന്ദ്യം കൊണ്ട് ജനങ്ങൾ വീർപ്പുമുട്ടുകയാണ്. ഗ്രാമപ്രദേശങ്ങളിൽ യഥാർത്ഥത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ ഒരുതരം പട്ടിണിതന്നെയാണ്. പർച്ചേസിംഗ് പവർ നഷ്ടപ്പെട്ട ജനത, ഈ വിലവർദ്ധനവിനുമുന്നിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത കുടുംബനാഥന്മാർ ആത്മഹത്യ ചെയ്യുന്ന സ്ഥിതിവിശേഷമാണ് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നത്. കടകമ്പോളങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങാൻ കഴിവില്ലാത്ത ലക്ഷക്കണക്കിനുവരുന്ന സാധാരണക്കാരുടെ പ്രയാസങ്ങളും ദുരിതങ്ങളും കാണാൻ സർക്കാർ മടികാണിക്കരുത് എന്ന് ഞാൻ അപേക്ഷിക്കുകയാണ്. സാധാരണക്കാർ ഉപയോഗിക്കുന്ന വസ്തുക്കളാണ് ചുവന്നമുളക്, മല്ലി, ഉള്ളി എന്നിവ. ഇതിനൊക്കെ നികുതി കൊണ്ടുവന്നാൽ കോടിക്കണക്കിന് രൂപ കിട്ടുമെന്നാണോ പ്രതീക്ഷ? ....ബഹളം.... ഞാൻ നമ്മുടെ നാട്ടിലെ സാധാരണക്കാരൻ മുളക് ഉപയോഗിക്കുന്നതിനെക്കുറിച്ചാണ് പറഞ്ഞത്. ശ്രീ. ബാലൻ വൈദ്യരേ, അങ്ങ് ഇപ്പോൾ കുറച്ച് ഉയർന്നിട്ട് തന്തൂരിയും മറ്റുമൊക്കെ ഉപയോഗിക്കുന്നതുകൊണ്ട് മുളക് ഉപയോഗിക്കുന്നില്ല എന്നെനിക്കറിയാം. സാധാരണക്കാരൻ കഞ്ഞി കുടിക്കുമ്പോൾ കുറച്ച് ഉപ്പിടും, ഒരു മുളക് കടിക്കും. ആ സാധാരണക്കാരന്റെ വികാരവിചാരങ്ങൾ കമ്മ്യൂണിസ്റ്റുകാരനായ അങ്ങ് മറന്നുപോയി, അസ്തമിച്ച അധ്യായമായി അങ്ങേയ്ക്ക് അതൊക്കെ മാറി. അതുകൊണ്ട് ഈ സാധാരണക്കാരനെ ബാധിക്കുന്ന നികുതിനിർദ്ദേശങ്ങൾ പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇവിടെ കഴിഞ്ഞതവണ മോട്ടോർ വാഹനങ്ങൾക്ക് 15% നികുതി കൊണ്ടുവന്നപ്പോൾ ഞാനത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിയോട് അത് പിൻവലിച്ചില്ലായെങ്കിൽ നമ്മുടെ സംസ്ഥാനത്തെ മോട്ടോർ വ്യാപാരികൾ അടുത്ത സംസ്ഥാനങ്ങളിലേയ്ക്ക് പോകുമെന്നുപറഞ്ഞു. ഇന്നുരാവിലെ ചോദ്യോത്തരസമയത്ത് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി മറുപടി പറഞ്ഞപ്പോൾ ഏറ്റവും കുറവ് നികുതി വരുമാനം മോട്ടോർ വാഹനങ്ങളുടെ സെയിൽസ് ടാക്സ് ഇനത്തിലാണെന്നുപറഞ്ഞു. കഴിഞ്ഞ തവണ ഈ നിയമസഭയിൽ ഞാനത് ചൂണ്ടിക്കാണിച്ചപ്പോൾ പോണ്ടിച്ചേരിയിൽനിന്നും കാർ വാങ്ങിയാൽ ഇവിടെ കർശനമായി നേരിടുമെന്നുപറഞ്ഞു. ഇവിടെ അത് കൊണ്ടുനടക്കാൻ സാധിക്കില്ലെന്ന് ധനകാര്യവകുപ്പു സെക്രട്ടറിയും സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞു. പോണ്ടിച്ചേരിയിൽനിന്നും കാറെടുത്താൽ അതിവിടെ പിടികൂടുമെന്ന് മോട്ടോർ ട്രാൻസ്പോർട്ട് കമ്മിഷണർ പറഞ്ഞു. പോണ്ടിച്ചേരിയിൽ നിന്നും തൊട്ടുകിടക്കുന്ന മാഹിയിൽ നിന്നും കാർ വാങ്ങിയാൽ 35,000 രൂപയുടെ കുറവാണ്. ഇവിടെ ലൈഫ് ടാക്സ് 20,000 രൂപ കൊടുക്കുമ്പോൾ അവിടെ 5,000 രൂപ കൊടുത്താൽ മതി. ഞാൻ സാധാരണക്കാരുടേയും ജനങ്ങളുടേയും പ്രശ്നങ്ങൾ പറയുകയാണ്. മോട്ടോർ വാഹന സെയിൽസ് ടാക്സ് ഏറ്റവുമധികം കുറഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ഇന്ന് സമ്മതിക്കേണ്ടിവന്നു. ഇന്ത്യാരാജ്യത്തുള്ള ഒരു നിയമമാണ് മോട്ടോർ വെഹിക്കിൾസ് ആക്ട്. ഇന്ത്യാരാജ്യത്ത് ഏതു സംസ്ഥാനത്തിൽ നിന്നും വാഹനങ്ങൾ വാങ്ങാനുള്ള അധികാരം ഈ നിയമത്തിലൂടെ ഒരു പൗരന് നൽകുന്നു. അതുകൊണ്ട് മോട്ടോർ വാഹനങ്ങളുടെ നികുതി നിരക്കു കുറച്ചുകൊണ്ടു നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കണം. തേങ്ങാപ്പിണ്ണാക്കിന് നികുതി കൊണ്ടുവന്ന ഒരു ഗവൺമെന്റാണിത്. 20-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പുരോഗമനത്തെക്കുറിച്ച് പറയുന്ന, വിപ്ലവകരമായ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ഒരു ഗവൺമെന്റ് മിണ്ടാപ്രാണികൾ കഴിക്കുന്ന തേങ്ങാപ്പിണ്ണാക്കിന് നികുതികൊണ്ടുവന്നത് അശാസ്ത്രീയമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. അങ്ങേയ്ക്ക് അറിയാമോ നമ്മുടെ രാജ്യത്തെ ക്ഷീരോല്പാദക സംഘങ്ങൾ ഇന്ന് പ്രതിസന്ധിയെ നേരിടുകയാണ്. മിണ്ടാപ്രാണി

LIBRARY ARCHIVES Kerala Legislative Assembly

കൾക്കുവേണ്ടി ഞാൻ അപേക്ഷിക്കുകയാണ്. സംസ്ഥാനത്തിനകത്ത് തേങ്ങാ പ്പിണ്ണാക്കിന്മേലുള്ള നികുതി ഒഴിവാക്കണം. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന തേങ്ങാപ്പിണ്ണാക്കിന് നികുതി ഏർപ്പെടുത്തുന്നതിൽ എനിക്ക് വിരോധമില്ല. അതുപോലെതന്നെ കൃഷിക്കാരെ സംബന്ധിച്ചിട ത്തോളം ചെറുകിട കൃഷിക്കാരെ തളർത്തുന്ന ഒരു നയമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്. മൂന്നു ഹെക്ടറെന്നുപറഞ്ഞാൽ അത് വളരെ കുറവാണ് എന്നാ ണെന്റെ അഭിപ്രായം. കേന്ദ്രഗവൺമെന്റുപോലും ചെറുകിട കൃഷിക്കാരെന്ന് അംഗീകരിച്ചിട്ടുള്ളത് 5 ഹെക്ടർവരെയുള്ളവരെയാണ്. ബഹുമാനപ്പെട്ട ധന കാര്യ വകുപ്പുമന്ത്രി, അങ്ങ് എല്ലാ കാര്യത്തിനും നികുതി കൊണ്ടുവന്നു, കാർഷികോൽപ്പന്നങ്ങൾക്കെല്ലാം അങ്ങ് നികുതി കൊണ്ടുവന്നു. മൂന്ന് ഹെക്ട റിനുവരെ കുരുമുളകിന് നികുതിയൊഴിവാക്കിയിട്ടുണ്ട്. അതുപോലെ തേങ്ങ യ്ക്കും, കൊക്കൊയ്ക്കും, കാപ്പിയ്ക്കും, ഏലത്തിനും, റബ്ബറിനും അട യ്ക്കാക്കും അഞ്ച് ഹെക്ടർവരെ നികുതിയൊഴിവാക്കണം. "പണ്ടേ ദുർബല, പിന്നെ ഗർഭിണിയുമായി" എന്നുപറയുന്ന സ്ഥിതിയാകും. അതുകൊണ്ട് ഈ പരിധി മൂന്നു ഹെക്ടറിൽ നിന്ന് അഞ്ച് ഹെക്ടറാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മറ്റൊരുകാര്യം ഉൽപ്പാദനമേഖലയെ രക്ഷിച്ചില്ലെങ്കിൽ നമ്മുടെ രാജ്യം കടക്കെണിയിലേയ്ക്ക് നീങ്ങും. ഇന്നുതന്നെ കടത്തിന്റെ കണ ക്കുകൾ ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞപ്പോൾ അക്ഷരാർത്ഥ ത്തിൽ നമ്മുടെ സംസ്ഥാനം ഞെട്ടുകയാണ്. വികസന രംഗത്ത് മുടക്കേണ്ട ഭീ മമായ സംഖ്യ ഇന്ന് പലിശ കൊടുക്കുന്നതിനുവേണ്ടി ചെലവാക്കുന്നു. ഞാൻ സൂചിപ്പിക്കുന്നത് ചെറുകിട വ്യവസായികളെ ഈ ഗവൺമെന്റ് ദ്രോഹിച്ചു. അൻപത് ലക്ഷംവരെ ടേൺ ഓവറുണ്ടായിരുന്ന ചെറുകിട വ്യവസായത്തിൽ നാല് ശതമാനമുണ്ടായിരുന്ന ടേണോവർ ടാക്സ് ആറ് ശതമാനമായി വർദ്ധി പ്പിച്ചു. അതേ സന്ദർഭത്തിൽ അൻപത് ലക്ഷംരൂപ ഓവറിന് മുകളിലുള്ള വൻകിടക്കാർക്കു ഒൻപത് ശതമാനമുണ്ടായിരുന്ന സെയിൽസ് ടാക്സ് ആറ് ശതമാനമായി ചുരുക്കി. ഇത് ചെറുകിട വ്യവസായികളോട് കാണിക്കുന്ന അനീതിയാണ്. നമ്മുടെ രാജ്യത്ത് ഇന്ന് എല്ലാ രംഗത്തും കോമ്പറ്റീഷൻ നട ക്കുകയാണ്. തമിഴ്നാട്ടിൽ ചെറുകിട വ്യവസായികൾക്ക് ടാക്സ് എക്സം പ്ഷൻ അനുവദിച്ചു. കർണ്ണാടക ഗവൺമെന്റ് ടാക്സ് എക്സംപ്ഷൻ അനുവ ദിച്ചു. അവർക്കു സബ്സിഡി നൽകും. നമുക്കു പിടിച്ചുനിൽക്കണമെങ്കിൽ നമ്മുടെ സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് ആവശ്യമായ സെയിൽസ് ടാക്സ് ഇളവുകൾ അനുവദിക്കണം. അൻപത് ലക്ഷംരൂപ ടേണോവറിനുമുകളിലുള്ള വൻകിട വ്യവസായികൾക്ക് ഒൻപത് ശതമാനം ആയിരുന്ന ടാക്സ് ആറ് ശതമാനമാക്കിയതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചെറുകിട വ്യവ സായികൾക്ക് ടേൺഓവർ ടാക്സ് ആറ് ശതമാനമായി ഉയർത്തിയത് നാലു ശതമാനമായി കുറയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. നിരവധി കാര്യ ങ്ങൾ പറയുവാനുണ്ടെങ്കിലും സമയക്കുറവുകൊണ്ടു ഒന്നു രണ്ടു കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. കെട്ടിടങ്ങൾക്കു ലക്ഷ്വറി ടാക്സ് അങ്ങ് കൊണ്ടുവന്നു. പുതിയ നികുതി നിർദ്ദേശങ്ങളനുസരിച്ച് ഒരാൾ ഒരു ഷെഡ്ഡോ, ചെറിയ ഒരു മുറിയോ കെട്ടിയാൽ അതിന് പഴയ തറവിസ്തീർണ്ണമടക്കം നികുതി കൊടു ക്കേണ്ട ഒരു സ്ഥിതിവിശേഷമുണ്ടാക്കിയിട്ടുണ്ട്. അങ്ങ് തന്നെ ആലോചിക്ക ണം, അങ്ങേയ്ക്കൊരു വീടുണ്ട്, അങ്ങ് സങ്കൽപ്പിക്കുക. ഇരുപത് കൊല്ല ങ്ങൾക്കു മുൻപുണ്ടാക്കിയ ഒരു വീടാണ്. അതിൽ ഒരു ഷെഡ്ഡോ, ഒരു മുറിയോ അഡീഷണലായിട്ട് കെട്ടിയാൽ തറവിസ്തീർണ്ണം പഴയ വീടിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

കൂടി അളന്ന് മുഴുവൻ വിസ്തീർണ്ണത്തിനും നികുതി കൊടുക്കണമെന്ന് പറയുന്നത് ശാസ്ത്രീയമായി പുനഃപരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ലക്ഷ്വറി ടാക്സ് മൂവായിരം സ്കയർ മീറ്ററിലധികം വരുന്നതിന് ലക്ഷ്വറി ടാക്സ് അടയ്ക്കണമെന്നുള്ളതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ഒരു വീടിന് ഒരു ഷെഡ്ഡുണ്ടാക്കിയതിന്റെ പേരിൽ മുഴുവൻ സ്ഥലത്തിനും നികുതി കൊടുക്കണമെന്ന് പറയുന്നത് പുനഃപരിശോധിച്ച് കെട്ടിടനിർമ്മാണത്തിനാവശ്യമായ ഭേദഗതികൾ കൊണ്ടുവന്ന് ഈ ടാക്സ് പുനഃപരിശോധിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. അങ്ങ് കൊണ്ടുവന്ന നികുതിനിർദ്ദേശങ്ങളൊന്നും തന്നെ അങ്ങേയ്ക്കു പിരിച്ചെടുക്കാൻ സാധിച്ചിട്ടില്ല. സി.എ.ജി. റിപ്പോർട്ടിൽ റവന്യു റെസീറ്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. Compared to the trend of actual revenue receipts exceeding the budget estimates during the past 4 years, there was substantial short-fall in revenue receipts during 1997-98 by Rs.435.15 crore compared to the budget estimate. റവന്യൂ റെസീറ്റിൽ നികുതി പിരിക്കുന്നതിൽ, അങ്ങയുടെ ഗവൺമെന്റിന് വളരെയധികം അനാസ്ഥയുണ്ടെന്ന് സി.എ.ജി. റിപ്പോർട്ടിൽ പറയുന്നു. കാലിത്തീറ്റയ്ക്കും, കോഴിത്തീറ്റയ്ക്കും നികുതി വർദ്ധിപ്പിച്ച ഒരു ഗവൺമെന്റാണ് ഇത്. നമ്മുടെ രാജ്യത്ത് കോഴിക്കൃഷിക്കാരെ ബാധിക്കുന്ന വലിയ പ്രശ്നമാണ്. തമിഴ്നാട്ടിൽ നിന്നുമാണ് കോഴികളേയും കോഴിക്കുഞ്ഞുങ്ങളേയും ഇറക്കുമതി ചെയ്യുന്നത്. അങ്ങ് കഴിഞ്ഞ ബഡ്ജറ്റിൽ കോഴിക്ക് 20% നികുതി നിർദ്ദേശിച്ചു. വാളയാർ ചെക്ക്പോസ്റ്റിലടക്കം നമ്മുടെ സംസ്ഥാനത്തെ ചെക്ക്പോസ്റ്റുകളിൽ നമ്മൾ ഏർപ്പെടുത്തിയ നികുതി പിരിച്ചെടുക്കാൻ കഴിയുന്നില്ല. ചെക്ക്പോസ്റ്റുകളിൽ ഇന്ന് നിർലോഭം അഴിമതി നടക്കുകയാണ്. കോഴികൾക്കുള്ള നികുതി ശരിക്കും പിരിച്ചെടുത്തില്ലെങ്കിൽ ഗ്രാമപ്രദേശങ്ങളിലാണ് ഇതിന്റെ ദൂരവ്യാപകമായ പ്രതിഫലനങ്ങളുണ്ടാകുന്നത്. തമിഴ്നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയ്ക്ക് കർശനമായി നികുതി പിരിച്ചെടുക്കാനുള്ള സംവിധാനമുണ്ടാകണം. എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികളെയുൾപ്പെടുത്തി ഓരോരോ ചെക്ക്പോസ്റ്റിനും ഓരോ അഡ്വൈസറി ബോർഡോ അല്ലെങ്കിൽ വിജിലൻസ് സ്കാഡോ ഉണ്ടാക്കിയാൽ നികുതി വെട്ടിപ്പും നികുതി ചോർച്ചയും തടയാൻ സാധിക്കുമെന്നുള്ളതുകൊണ്ട് എല്ലാ ചെക്ക്പോസ്റ്റുകളിലും എല്ലാ രാഷ്ട്രീയ പ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ട് വിജിലൻസ് സ്കാഡുകളുണ്ടാക്കണമെന്നും ഈ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കാൻ നടപടികളെടുക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വിയോജനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിൽ കൊണ്ടുവന്നിട്ടുള്ള പല നികുതിയിനങ്ങളും ബഹുമാനപ്പെട്ട ഇസ്ഹാക് കുരിക്കൾ ചൂണ്ടിക്കാണിച്ചതുപോലെ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല. ഇൻഡ്യാ രാജ്യത്ത് ആവറേജ് ജീവിതസൂചികയുടെ വിലനിലവാരമുള്ള ഒരു സംസ്ഥാനമായിരുന്നു കേരളം. മെയ് മാസത്തിലെ റിസർവ് ബാങ്കിന്റെ ബുള്ളറ്റിൻ ഇവിടെ ഉദ്ധരിച്ചു. ഇൻഡ്യയുടെ ആവറേജ് വിലനിലവാരത്തേക്കാൾ കൂടുതൽ വിലനിലവാരമുള്ള സംസ്ഥാനമായി ഇന്ന് കേരളം മാറിയിരിക്കുന്നു. മുൻപ് അങ്ങനെയായിരുന്നില്ല. അതിനുള്ള പ്രധാനപ്പെട്ട കാരണം ബഹുമാനപ്പെട്ട മന്ത്രിയുടെ ഇതുപോലുള്ള നികുതിനിർദ്ദേശങ്ങളാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഈ ബില്ലിനകത്ത് സർച്ചാർജ് പിരിച്ചെടുക്കാനും അയ്യായിരം രൂപവരെ ഫൈൻ ഈടാക്കാനുമുള്ള വ്യവസ്ഥയുണ്ട്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. പക്ഷെ ആ കാര്യത്തിൽ എനിക്ക് പറയുവാനുള്ളത് അയ്യായിരം പോരാ, അനധികൃതമായി പിരിച്ചെടുക്കുന്ന നികുതിയുടെ പകുതി

LIBRARY ARCHIVES Kerala Legislative Assembly

യോ, അയ്യായിരമോ 'whichever is higher' എന്ന് കൂട്ടിച്ചേർക്കണം എന്നാണ്. അങ്ങനെ വന്നാൽ മാത്രമേ ഇതൊക്കെ തടയാൻ സാധിക്കുകയുള്ളൂ. അതിൽ ആ ഭേദഗതി കൊണ്ടുവരണമെന്നുള്ളതാണ് എനിക്ക് പറയുവാനുള്ളത്. കാഷ്വൽ ട്രേഡേഴ്സിന് ആയിരംരൂപ രജിസ്ട്രേഷൻ നികുതി. എനിക്ക് ഇതു മനസ്സിലായില്ല, ആരാണ് ഈ കാഷ്വൽ ട്രേഡേഴ്സ്? ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുടെ സമ്മേളനം നടക്കുന്ന, പണ്ട് പാലക്കാട് നടത്തിയതുപോലെ, അവിടെ കുറെ ആളുകൾ കച്ചവടം ചെയ്യുന്നു. ആ സമ്മേളനം ഏഴ് ദിവസം നീണ്ടുനിൽക്കും, അതിനുവെളിയിൽ കച്ചവടം ചെയ്താൽ അത് കാഷ്വൽ ട്രേഡേഴ്സ് ആണോ? അയാൾ ആയിരം രൂപ കൊടുക്കണം. ഒരു അമ്പലത്തിൽ ഉത്സവം നടക്കുന്നിടത്ത് ഒരു കച്ചവടം നടത്തുന്ന ആൾ ആയിരം രൂപ രജിസ്ട്രേഷൻ നികുതി കൊടുക്കണമോ? എന്താണ്, ആരാണ് കാഷ്വൽ ട്രേഡേഴ്സെന്ന് വ്യക്തമാക്കണം. അപ്പോൾ ഈ കാഷ്വൽ ട്രേഡേഴ്സിനു ആയിരം രൂപ കൊടുക്കണമെന്ന് പറയുന്നത് വളരെ തെറ്റാണ്. അത് ഒരുകാലത്തും ചെയ്യാൻ പാടില്ലാത്തതാണ്. ഇവിടെ കമ്മിയാണെങ്കിൽ എന്തെങ്കിലും ചെയ്തുകൊണ്ടു അവരിൽനിന്നും വാങ്ങണമോ? അങ്ങനെ ഓരോ സ്ഥലങ്ങളിലും കച്ചവടവുമായി നടക്കുന്ന പാവപ്പെട്ട ആളുകളിൽനിന്ന് പിരിച്ചെടുത്തിട്ട് വേണമോ നിങ്ങളുടെ ഈ കമ്മിയൊക്കെ നികത്താൻ. അത് പിൻവലിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. സ്വർണ്ണത്തിന് 120 ശതമാനം വച്ചുകൊണ്ടുള്ള ഒരു ഭേദഗതി കൊണ്ടുവന്നിരിക്കുകയാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. അങ്ങേയ്ക്ക് അത് കൊണ്ടുവരാൻ പാടില്ല. അങ്ങയുടെ മുഖ്യമന്ത്രിയാണല്ലോ ശ്രീമാൻ നായനാർ. ഇവിടെ ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ധനകാര്യ മന്ത്രിയായിരുന്നപ്പോൾ ആദ്യം കൊണ്ടുവന്നതാണ്. ഞാൻ സമയക്കുറവുകൊണ്ട് ലൈബ്രറിയിൽ നിന്നും നമ്മുടെ മുഖ്യമന്ത്രി ശ്രീ. നായനാരുടെ പ്രസംഗം എടുത്തില്ല. ലൈബ്രറിയിൽ കാണും. അന്ന് 120 ശതമാനം വെച്ചുകൊണ്ട് ഒരു കോമ്പൗണ്ടിംഗ് സിസ്റ്റം ശ്രീ. ഉമ്മൻചാണ്ടി കൊണ്ടുവന്നപ്പോൾ അന്ന് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയായി ബാക്കിൽ ആദ്യത്തെ സീറ്റിലിരുന്ന ശ്രീ. നായനാർ പ്രസംഗിച്ചു, അദ്ദേഹം പ്രസംഗിച്ചത് എന്താണെന്ന് അറിയാമോ? ഉമ്മൻചാണ്ടിക്ക് കൈനിറയെ സ്വർണ്ണക്കച്ചവടക്കാർ സ്വർണ്ണവള ഇട്ടുകൊടുത്തിരിക്കുന്നു എന്നാണ്. മിസ്റ്റർ നായനാർ അങ്ങയ്ക്ക് ഇപ്പോൾ എന്താണ് ഇട്ടുതന്നത്? സ്വർണ്ണവളയാണോ, അതോ സ്വർണ്ണത്തിൽ കുളിപ്പിക്കുകയാണോ ചെയ്തത്?

<u>ശ്രീ. പി. രാഘവൻ</u> : ബഹുമാനപ്പെട്ട ആര്യാടൻ ശ്രീ. ഇ.കെ. നായനാരെ ഇതിനു മുൻപും പല പ്രാവശ്യം മിസ്റ്റർ എന്ന് സംബോധന ചെയ്യുകയുണ്ടായി. ഈ സഭയ്ക്കകത്ത് ഏതെങ്കിലും ഒരു മെമ്പറെ അഭിസംബോധന ചെയ്യുമ്പോൾ ബഹുമാനപ്പെട്ട ഇന്ന മെമ്പർ എന്നോ ബഹുമാനപ്പെട്ട മന്ത്രിയെന്നോ ആണ് സംബോധന ചെയ്യുന്നത്. മുഖ്യമന്ത്രിയെ മി. നായനാർ എന്ന് സംബോധന ചെയ്യുന്നത് ഓർഡറിലാണോ?

<u>മി. ചെയർമാൻ</u> : ആദരവോടുതന്നെയാണ് വിളിച്ചത്.

[12 Noon]

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഒരുകാര്യം ഓർക്കണം. ഞാൻ ആരെയും എടായെന്ന് വിളിച്ച ഒരു ചരിത്രം ഈ രേഖയിൽ കാണുകയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എനിക്ക് അങ്ങയോട് പറയാനുള്ളത് അങ്ങ് ശ്രീ. ഉമ്മൻചാണ്ടിയെക്കുറിച്ച് പ്രസംഗിച്ചത് രേഖയിലുണ്ട്. ഇന്ന് അങ്ങയുടെ ഗവൺമെന്റ് അതുതന്നെ കൊണ്ടുവന്നിരിക്കുന്നു. ഇതുപോലെ ഛർദ്ദിച്ചത് പലതും നിങ്ങൾ വിഴുങ്ങേണ്ടിവരും. (ബഹളം...)

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലെ കുറെയൊക്കെ കാര്യങ്ങൾ നിങ്ങൾ ചെയ്യേണ്ടിവരും. ഞങ്ങൾ എതിർക്കുന്നില്ലല്ലോ, ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം അതാണ്. പിന്നെ ഇപ്പോൾ മന്ത്രി കൊണ്ടുവന്ന വേറൊരു കാര്യം, ടാക്സ് അരിയേഴ്സ് 780 കോടി രൂപയോളമുണ്ട്, ആ ടാക്സ് അരിയേഴ്സ് 780 കോടിരൂപയുള്ളതുകൊണ്ട് നിങ്ങൾ ഒരു കൺസഷൻ കൊടുത്തു. അതിന് ഞാൻ എതിരല്ല. അതൊക്കെ പ്രായോഗികമാണ്. 294 കോടി രൂപ ഇപ്പോൾ കേന്ദ്രത്തിൽ നിന്നുംകിട്ടിയത് വോളന്ററി സ്കീം അനുസരിച്ചാണല്ലോ. അതുപോലെ ഒരു സ്കീം ഉണ്ട്. 40% ഇന്ററസ്റ്റ് കൊടുത്താൽ മതിയെന്നാണ്. പക്ഷെ സെപ്റ്റംബറിലാണ് അങ്ങ് ഇതിന് അവധി വച്ചിട്ടുള്ളത്. ജൂലൈ മാസത്തോടുകൂടിയാണ് ബിൽ പാസ്സാക്കുന്നത്. ജൂലൈ കഴിഞ്ഞു, ആഗസ്റ്റ്, സെപ്റ്റംബർ രണ്ടു മാസം പോരാ. അത് കുറച്ചുകൂടി നീട്ടി കൊടുക്കണം. ഞാൻ പ്രായോഗികമായാണ് പറയുന്നത്. പിന്നെ 500 ഹെക്ടർ വരെയുള്ളവർക്ക് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് കോമ്പൗണ്ട് ചെയ്യാമെന്ന് വച്ചിരിക്കുന്നു. നിങ്ങൾ അധികാരത്തിൽ വന്നതിനുശേഷം കൊണ്ടുവന്ന ബഡ്ജറ്റൊക്കെ ഇങ്ങനെയാണല്ലോ. 500 ഹെക്ടർ വരെ എക്സംപ്റ്റ് ചെയ്തോളൂ. വിരോധമില്ല. 20 ഹെക്ടർ വരെ ഞങ്ങളുടെ കാലത്ത്. ഇന്ന് കമ്പനികൾക്കു വരെ 500 ഹെക്ടർ. ഞാൻ എതിർക്കുന്നില്ല. പക്ഷേ ഒരു കാര്യം മനസ്സിലാക്കണം. അതിന്റെ സ്ലാബ് ഒക്കെ മാറ്റണം. ഈ രണ്ടുകോടി രൂപ നഷ്ടം വരാൻ പാടില്ല. അതിന്റെ സ്ലാബ് മാറ്റിക്കൊണ്ടു ഞാൻ അമ്മെന്റ്മെന്റ് കൊടുത്തിട്ടുണ്ട് പക്ഷേ എന്റെ അമ്മെന്റ്മെന്റ് ഓർഡറിലാവില്ല കാരണം ഉയർത്തുകയാണ്. അതുകൊണ്ട് ഓർഡറിലാവില്ല. ഗവർണ്ണറുടെ സാങ്ഷൻ ഇല്ല. ഞാൻ കഴിഞ്ഞ പ്രാവശ്യം ഗവർണ്ണറുടെ സാങ്ഷനുവേണ്ടി അയച്ചപ്പോൾ ധന കാര്യമന്ത്രിയുടെ അഭിപ്രായത്തിന് അയച്ചു. അവിടെ ഒബ്ജക്ട് ചെയ്തു. അതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം കിട്ടിയില്ല. അതുകൊണ്ട് ഈ പ്രാവശ്യം ഞാൻ ഗവർണ്ണർക്കു അയച്ചില്ല. ഏതായാലും ഞാൻ കുറവു ചെയ്തിട്ടുണ്ട്. അത് ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. വേറൊരു കാര്യം എനിക്ക് പറയാനുള്ളത്, തേങ്ങാപ്പിണ്ണാക്കിന് 3% നികുതി ഏർപ്പെടുത്തിയിരിക്കുന്നു. എന്തിനാണ് മി. ശിവദാസമേനോൻ ഈ തേങ്ങാപ്പിണ്ണാക്കിന് 3% നികുതി വയ്ക്കുന്നത്? അത് നമ്മുടെ പാവപ്പെട്ട കൃഷിക്കാരുടെ കന്നുകാലികൾക്കുള്ള ഭക്ഷണല്ലേ? അതിൽ കൈവയ്ക്കരുത്. അത് ഒഴിവാക്കണം. 50 ലക്ഷം രൂപ വരെ വിറ്റുവരവുള്ള ചെറുകിട വ്യവസായങ്ങൾക്ക് 4% ആയിരുന്ന ടേണോവർ ടാക്സ് ഇപ്പോൾ 6% ആക്കി ഉയർത്തി. അതിനെ സംബന്ധിച്ച് ശ്രീ. ഇസ്ഹാക് കുരിക്കൾ ഇവിടെ പറഞ്ഞു. 50 ലക്ഷത്തിന് മീതെയുള്ള എല്ലാറ്റിനും 6%. ഇന്നലെ വരെ 45 ലക്ഷത്തിന് കച്ചവടം ചെയ്ത സ്മാൾ സ്കെയിൽ ഇൻഡസ്ട്രീസ് അതിനെല്ലാം 4% ആയിരുന്നത് ഇന്ന് 6% ആയി ഉയർത്തുന്നു. അത് നിയമ വിരുദ്ധമാണ്. സെക്ഷൻ 10 അനുസരിച്ച് കുറയ്ക്കാനുള്ള അധികാരമുണ്ട്. നോട്ടിഫിക്കേഷൻ മതി. ആ സെക്ഷൻ 10 അനുസരിച്ച് നോട്ടിഫൈ ചെയ്ത് കുറച്ചു. ആ കുറച്ചതാണ് 4% ആയത്. നിങ്ങൾ അത് 50 ലക്ഷം വരെ 6% ആക്കുന്നു. അതിന് സ്റ്റാറ്റ്യൂട്ടിൽ അമെന്റ്മെന്റ് ഇല്ലാതെ സാദ്ധ്യമല്ല. സെക്ഷൻ 10 അനുസരിച്ച് നോട്ടിഫൈ ചെയ്യാൻ അധികാരമില്ല. കാരണം ഇവിടെ സ്റ്റാറ്റ്യൂട്ട് ആക്ട് അനുസരിച്ച് സെക്ഷൻ 10 അനുസരിച്ച് 4% ആയി നോട്ടിഫൈ ചെയ്തതോടുകൂടി 4% ആണ് അതിന്റെ ടാക്സ്. സെക്ഷൻ 10-ൽ കുറയ്ക്കാൻ മാത്രമേയുള്ളൂ. ഉയർത്തണമെങ്കിൽ സ്റ്റാറ്റ്യൂട്ട് അമെന്റ് ചെയ്യണം. ഇവിടെ സ്റ്റാറ്റ്യൂട്ട് അമെന്റ് ചെയ്തോ? നിങ്ങൾ നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുന്നു. 4% എന്നുള്ളത് നിയമപ്രകാരം ഉയർത്താൻ സാദ്ധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഉയർത്തുന്നത് ശരിയല്ല, പാവപ്പെട്ടവന്റെ പിച്ചച്ചട്ടിയിൽ നിന്നും തട്ടിയെടുക്കുന്ന ഈ സമ്പ്രദായം ശ്രീ. ശിവദാസമേനോൻ, അങ്ങയുടെ ഗവൺമെന്റ് നിർത്തണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഇൻഫർമേഷൻ ടെക്നോളജി. സോഫ്റ്റ്വെയറിന് ടാക്സ് പൂർണ്ണമായി ഒഴിവാക്കിക്കൊടുത്തു. ഹാർഡ്വെയറിന് 7 കൊല്ലത്തേക്കു ഒഴിവാക്കി. ഞാൻ അതിന് എതിരല്ല. പക്ഷേ ബാംബൂ പ്ലൈ ഉണ്ടാക്കുന്ന സഹകരണ സംഘങ്ങൾ വിൽക്കുന്ന ഈറ്റപ്പായയ്ക്ക് 3% ടാക്സ് ഏർപ്പെടുത്തി. നിങ്ങൾ ആരുടെ താൽപര്യത്തിനുവേണ്ടിയാണ് നിൽക്കുന്നത്? ഈറ്റത്തൊഴിലാളികളുടെ താൽപര്യത്തിനുവേണ്ടിയാണോ അതോ കോടീശ്വരൻമാരായ ആളുകളുടെ താൽപര്യത്തിനുവേണ്ടിയാണോ? ഈ ബാംബൂ പ്ലൈ, ഈറ്റപ്പായ ഇതൊക്കെ ടാക്സിൽ നിന്നും ഒഴിവാക്കണം. അതാണ് ഞങ്ങളുടെ ഡിമാന്റ്. പിന്നെ ലിസ്റ്റിൽ ഇല്ലാത്ത ഏതെങ്കിലും സാധനമുണ്ടെങ്കിൽ അതിന് 10% എന്നുപറഞ്ഞു. അപ്പോൾ കുടംപുളിക്ക് 10% വേണമല്ലോ. ഹാർഡുവെയർ, സോഫ്റ്റുവെയർ ഇതൊക്കെ ഒഴിവാക്കിയ നിങ്ങൾക്കു ഈ കുടംപുളിയുടെ 10% ഒന്ന് ഒഴിവാക്കിക്കൂടെ? ഇവിടെ ആദ്യത്തെ ബഡ്ജറ്റിൽ പേജറിന് ഒഴിവാക്കി. കാരണം നമ്മുടെ കർഷകത്തൊഴിലാളികളൊക്കെ പേജർ വച്ചാണല്ലോ നടക്കുന്നത്? പിന്നെ മാർബിളിന് ശ്രീ. ഉമ്മൻചാണ്ടി 15% ആക്കി. ശ്രീ. ശിവദാസമേനോൻ അതിനെ 12½% ആക്കി കുറച്ചു. അത് കണാരേട്ടന്റെ കർഷകത്തൊഴിലാളികൾക്കുള്ള വീട്ടിലിടാനായിട്ടാണ് 12½% ആക്കിയത്. പിന്നെയുള്ളത് ഗ്രാനൈറ്റ്, നിങ്ങൾ ഈ രാജ്യത്ത് ആരുടെ താൽപ്പര്യത്തിനുവേണ്ടിയാണ് നിൽക്കുന്നത്? സർ, നിങ്ങൾ ഈ രാജ്യത്ത് ആരുടെ താൽപര്യത്തിനുവേണ്ടിയാണ് നിൽക്കുന്നത്? കോടീശ്വരൻമാരെ സഹായിക്കുന്ന, ഈറ്റപ്പായ നെയ്ത്തുകാരെവരെ ദ്രോഹിച്ചിട്ട്, കുടംപുളിക്കുവരെ നികുതി കെട്ടിയിട്ട് ഈ സർക്കാർ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ കാര്യങ്ങളെക്കുറിച്ച് ഒന്നേ പറയാനുള്ളൂ. അങ്ങയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു 500 ഹെക്ടർ വരെയുള്ള ആളുകളെ ഒഴിവാക്കി, പട്ടികയിലെ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു രണ്ടു കോടി ഉറുപ്പികയുടെ നഷ്ടം പ്രതീക്ഷിക്കുന്നു എന്ന്. പ്രസംഗത്തിൽ പറഞ്ഞു ഈ കൊല്ലം അത് നടപ്പാക്കുമെന്ന്, ബില്ലിൽ പറഞ്ഞു ഈ നിയമം 1999 ഏപ്രിൽ ഒന്നാം തീയതി മുതൽ നടപ്പാക്കുമെന്ന്. ഇപ്പോൾ സബ്ജക്റ്റ് കമ്മിറ്റിയിൽ പോയി വന്നപ്പോൾ പറയുന്നത് എന്താണെന്നറിയാമോ ഏപ്രിൽ രണ്ടായിരം മുതൽ നടപ്പാക്കും എന്നാണ്. പിന്നെ എന്തിനാ ഈ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത്? എന്നിട്ടിപ്പോൾ അദ്ദേഹം പറഞ്ഞത് എന്താണെന്നറിയാമോ പ്രായോഗികമായി ഈ വർഷം നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ട് എന്നാണ്. ഇത് ആ ഉദ്യോഗസ്ഥന്മാരോട് ചോദിച്ചാൽ അവർ പറയും ബഡ്ജറ്റ് വെളിയിലാണ് ഉണ്ടാക്കിയത്, അതിന്റെ ഫലമാണിത് എന്ന്. ഇപ്പോൾ നടപ്പാക്കാൻ ആ ഉദ്യോഗസ്ഥനോട് ചോദിക്കണം. അപ്പോൾ ആ ഉദ്യോഗസ്ഥൻ പറയുന്നു നടപ്പാക്കാൻ ഇന്ന് ബുദ്ധിമുട്ടുണ്ട്. ആ ഉദ്യോഗസ്ഥൻമാർ അറിയാതെ വെളിയിൽ കൊണ്ടുപോയി ബഡ്ജറ്റ് ഉണ്ടാക്കിയതിന്റെ ഉത്തമമായ തെളിവാണ് ഈ പറയുന്ന കാര്യം. ഈ മന്ത്രിക്ക് നടപ്പാക്കാൻ സാധിക്കുമോ? ഈ നാട്ടിലെ കൃഷിക്കാർ മുഴുവൻ ഉടനെത്തന്നെ ഈ കൺസഷൻ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. ഒരാൾക്ക്, ഒരു കൃഷിക്കാരന് കൊടുക്കാൻ കഴിയില്ല. എന്തുകൊണ്ട്? ഉദ്യോഗസ്ഥരോട് ആലോചിക്കാതെ വെളിയിൽ ബാഹ്യശക്തികളുമായി ആലോചിച്ച് ബഡ്ജറ്റ് ഉണ്ടാക്കിയതിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്നത്. അല്ലെങ്കിൽ എന്തുകൊണ്ട് നിങ്ങളുടെ ഉദ്യോഗസ്ഥർക്ക് ഇതാദ്യം പറയാൻ കഴിഞ്ഞില്ല. ബഡ്ജറ്റ് പ്രസംഗത്തിന്റെ സമയത്ത് പറയാൻ കഴിഞ്ഞില്ല. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് അങ്ങയുടെ കാര്യമൊക്കെ കഷ്ടമാണ്, ധനകാര്യ വകുപ്പിന്റെ സ്ഥിതി മോശമാണ്. അതിന് പാവപ്പെട്ടവനെ ദ്രോഹിച്ചതുകൊണ്ട് ആയില്ല. ആഡംബര നികുതി മൂവായിരം സ്കയർഫീറ്റിനുമുകളിലുള്ള വീടുകൾക്ക് രണ്ടായിരം ഉറുപ്പിക എന്നത് ശരിയല്ല. മൂവായിരം സ്കയർ ഫീറ്റിൽ നാലു കോടി രൂപ ചെലവഴിച്ച വീടുകൾ ഞാൻ അങ്ങേയ്ക്ക് കാണിച്ചുതരാം. മൂവായിരത്തിൽ ആറു ലക്ഷത്തിന്റെ വീട് വച്ചതും ഞാൻ കാണിച്ചുതരാം. ആറു ലക്ഷം കൊണ്ടു വീട് ഉണ്ടാക്കുന്നവനും, നാലു കോടികൊണ്ട് വീടുണ്ടാക്കുന്നവനും ഒരേ റേറ്റ്, രണ്ടായിരം ഉറുപ്പിക. തെങ്ങിനും, കവുങ്ങിനും ഒരേ തളപ്പ് എന്ന് നാട്ടിലൊക്കെ കേട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി, ഇത് ശരിയല്ല, ഞാൻ കഴിഞ്ഞ പ്രാവശ്യം അങ്ങയോടു പറഞ്ഞു സ്ലാബ് വയ്ക്കൂ, ഇതിനെക്കാൾ കൂടുതൽ കിട്ടും എന്ന്. പത്ത് ലക്ഷംവരെ ഒഴിവാക്കൂ, ഇരുപത്തഞ്ചു ലക്ഷത്തിന് രണ്ടായിരം വയ്ക്കൂ. 50 ലക്ഷത്തിന് 5,000 വയ്ക്കൂ. 50 ലക്ഷത്തിനും, ഒരു കോടിക്കുമിടയിൽ അമ്പതിനായിരമോ, ഒരു ലക്ഷമോ, രണ്ടു ലക്ഷമോ അങ്ങനെ സമ്പന്നൻമാരോട് വാങ്ങൂ. പാവപ്പെട്ട ആളുകളെ പിഴിയുന്ന ഈ നികുതിനിർദ്ദേശങ്ങളെ ഞാൻ ശക്തിയായി എതിർക്കുന്നു. അതാണ് എന്റെ വിയോജനക്കുറിപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത് ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഫിനാൻസ് ബില്ലിലെ നിർദ്ദേശങ്ങളോട് ഞാൻ വിയോജിപ്പ് പ്രകടിപ്പിക്കുകയാണ്. ഈ സംസ്ഥാനത്തിന്റെ നികുതിനയം മുഖ്യമായിട്ടും രണ്ടു ലക്ഷ്യങ്ങൾ കണ്ടുകൊണ്ടാണ്. ഒന്ന്, സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കണം. രണ്ട്, സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചക്ക് സഹായകരമായിരിക്കണം ആ നയങ്ങൾ. വ്യവസായം, കൃഷി, വാണിജ്യം, വ്യാപാരം തുടങ്ങിയ മേഖലകളിൽ കൂടുതൽ വളർച്ച ഉണ്ടാകാൻ സഹായിക്കത്തക്ക വിധത്തിലുള്ളതായിരിക്കണം നികുതിനയം. ഞാൻ ഈ ഫിനാൻസ് ബില്ലിലെ പല നിർദ്ദേശങ്ങളെയും എതിർക്കുന്നത് ഈ രണ്ടു ലക്ഷ്യങ്ങളും നേടാൻ ഈ ബില്ലിലെ നിർദ്ദേശങ്ങൾക്കൊന്നും സാധിക്കുന്നില്ല എന്നുള്ളതുകൊണ്ടാണ്. വരുമാനം കുറയുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പു മന്ത്രി തന്നെ ഞങ്ങൾക്ക് എഴുതിത്തന്ന മറുപടിയുണ്ട്. ഈ സഭയിൽ തുറന്നു സമ്മതിച്ചിട്ടുണ്ട്. ടാക്സിന്റെ ടാർജറ്റ്പോലും എത്താൻ സാധിക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിലൊക്കെ ടാർജറ്റിനേക്കാൾ കൂടുതലാണ് പിരിക്കുന്നത്. ഇപ്പോൾ ടാർജറ്റ് പോലും എത്താതെ വരുമാനം കുറയുന്നു. അതിന് എപ്പോഴും ധനകാര്യ മന്ത്രി പറയുന്ന മറുപടി സാമ്പത്തികമാന്ദ്യം എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് ചോദിക്കാനുള്ളത് ഈ സാമ്പത്തിക മാന്ദ്യം മാറ്റുന്നതിന് നിങ്ങളുടെ ഗവൺമെന്റിന്റെ സംഭാവന എന്താ? നിങ്ങൾ വിചാരിച്ചാൽ എല്ലാം നടക്കും എന്നുപറയുന്നില്ല. പക്ഷെ സംസ്ഥാന ഗവൺമെന്റിന് ചിലത് ചെയ്യാനുണ്ട്, അത് നിങ്ങൾ ചെയ്യുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ഇന്നുള്ള സാമ്പത്തികമാന്ദ്യത്തിന്റെ മുഖ്യമായിട്ടുള്ള ഒരു ഘടകം റബ്ബറിന്റെ വിലയിടിവാണല്ലോ? കഴിഞ്ഞ രണ്ടു വർഷക്കാലം കൊണ്ട് നാലായിരം കോടി രൂപയുടെ നഷ്ടം നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായിട്ടുണ്ട്. റബ്ബറിന്റെ വിലയിടിവ് പിടിച്ചുനിർത്താൻ വിലയൊന്ന് വർദ്ധിപ്പിക്കാൻ നിങ്ങൾ എന്തുചെയ്തു? 50,000 ടൺ റബ്ബർ കയറ്റി അയയ്ക്കാനുള്ള ഓഫർ വന്നിട്ട് ചെറുവിരലൊന്ന് അനക്കാത്ത ഗവൺമെന്റാണ് നിങ്ങളുടെ ഗവൺമെന്റ്. കഴിഞ്ഞ ദിവസം ഞങ്ങൾ ശക്തമായിട്ട് സമ്മർദ്ദം ചെലുത്തിയിട്ട് നിങ്ങൾ പറഞ്ഞു നഷ്ടം സഹിച്ചും കയറ്റുമതി ചെയ്യുമെന്ന്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, നാളെ സപ്ലിമെന്ററി ഡിമാന്റിന്റെ അപ്രോപ്രിയേഷനാണ്.

ഞങ്ങൾ പറഞ്ഞു 50 കോടി രൂപയെങ്കിലും നിങ്ങൾ മാറ്റിവയ്ക്കൂ, 50,000 ടൺ റബ്ബർ ഇവിടെനിന്നും കയറ്റി അയയ്ക്കുന്നതിന് ഗവൺമെന്റിന് ഒരു നഷ്ടവും വരുന്നില്ല, ഗവൺമെന്റിന് ലാഭമേ വരികയുള്ളൂ. ഒരു കിലോ റബ്ബറിന് ഒരു രൂപ വിലകുറഞ്ഞാൽ ഒരു വർഷമുണ്ടാകുന്ന നഷ്ടം 56 കോടി രൂപയാണ്. കാരണം 560,000 ടണ്ണാണ് നമ്മുടെ ഒരു വർഷത്തെ ഉൽപ്പാദനം. 56 കോടി രൂപ കേരളത്തിന് കിട്ടുമ്പോൾ നികുതി ഇനത്തിൽ 6 കോടിയിലധികം രൂപയാണ് സംസ്ഥാന ഗവൺമെന്റിന് വരുന്നത്. 50,000 ടൺ റബ്ബർ ഇവിടെനിന്നും കയറ്റി അയച്ചാൽ കുറഞ്ഞത് 10 രൂപയെങ്കിലും ഒരു കിലോ റബ്ബറിന് വില കൂടും. സംസ്ഥാന ഗവൺമെന്റിന് അതിന്റെ ഫലമായിട്ട് ലഭിക്കുന്ന വരുമാനം എത്രയാണ്, 60 കോടി രൂപയായിരിക്കും. 50 കോടി രൂപ നഷ്ടം സഹിച്ച് 50,000 ടൺ റബ്ബർ കയറ്റി അയച്ചാൽ ഇവിടത്തെ സാമ്പത്തിക മാന്ദ്യം മാറ്റുന്നതിന് വളരെയേറെ സഹായകരമായ സ്ഥിതി ഉണ്ടാകും. 560 കോടി രൂപ ഈ സംസ്ഥാനത്തിന് എത്തും. 60 കോടി രൂപയിലധികം വരുമാനം കിട്ടും. എന്തുകൊണ്ടാണ് നിങ്ങൾ അതിന് തയ്യാറാകാത്തത്? 50,000 ടൺ കയറ്റി അയയ്ക്കാനുള്ള നിർദ്ദേശം വന്നിട്ട് അതിനുവേണ്ടി യാതൊന്നും ചെയ്യാതെ, സാമ്പത്തികമാന്ദ്യം എന്നു പറഞ്ഞുകൊണ്ട് നടന്നിട്ട് എന്താ കാര്യം? ഈ ഗവൺമെന്റ് സാമ്പത്തികമാന്ദ്യം മാറ്റുന്നതിന് ഒന്നും ചെയ്യുന്നില്ല. അതുപോലെ നമ്മൾ വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യം, എത്ര കോടി രൂപയാണ് ഓരോ വർഷവും വിദ്യാഭ്യാസ രംഗത്ത് നമ്മുടെ വിദ്യാർത്ഥികൾ വഴി മറ്റ് അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നത്. മെഡിക്കൽ, എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ, മാനേജ്മെന്റ്, പാരാമെഡിക്കൽ ഈ മേഖലകളിലൊക്കെ ആയിരക്കണക്കിന്, പതിനായിരക്കണക്കിന് വിദ്യാർത്ഥികളാണ് തമിഴ്നാട്ടിലും, കർണാടകയിലും, ആന്ധ്രയിലും ഒക്കെ പഠിക്കുന്നത്. ഈ ഗവൺമെന്റ് ഒരു സർവ്വേ നടത്തുവാൻ തയ്യാറാകുമോ? നമ്മൾ സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് വിലപിച്ചുകൊണ്ടിരുന്നാൽ മതിയോ, ഇത് എന്തുകൊണ്ട്സംഭവിക്കുന്നു, നമുക്ക് ഇവിടെ വിനിയോഗിക്കേണ്ട പണം എങ്ങോട്ടുപോകുന്നു, നോക്കണ്ടേ. പക്ഷെ ശാസ്ത്രീയ ബോധം അതിന് അനുവദിക്കുന്നില്ല. ഇവിടെ വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടാക്കിക്കൊടുക്കുന്നില്ല. സാമ്പത്തിക മാന്ദ്യം പരിഹരിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കാത്തതിനെതിരെ ശക്തിയായിട്ടുള്ള പ്രതിഷേധം, ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. ഇന്ന് രാവിലെ അങ്ങ് പറഞ്ഞതെന്താ, ഈ കേരളത്തിലെ മുഴുവൻ ജനങ്ങളെയും ഭീതിപ്പെടുത്തുന്ന കണക്ക്. നമ്മുടെ സംസ്ഥാനം 21-ാം നൂറ്റാണ്ടിലേക്ക് കടക്കുന്നത് 20,000 കോടി രൂപയുടെ സാമ്പത്തിക കടബാദ്ധ്യതയുമായിട്ടാണ്. 21-ാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോൾ നമ്മുടെ റവന്യൂ കമ്മി 2,000 കോടി രൂപ എവിടേക്ക് പോകുന്നു? ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയോട് എനിക്ക് പരിഭവം ഉണ്ട്. അങ്ങ് പലതും ഞങ്ങളിൽ നിന്നും മറച്ചുവയ്ക്കുന്നു. അങ്ങേയ്ക്ക് അറിയാവുന്ന കാര്യങ്ങൾ പോലും അങ്ങ് പറയുന്നുണ്ടോ? ഇന്ന് സഹകരണ ബാങ്കിൽ നിന്നും എടുത്ത കടബാദ്ധ്യതയെക്കുറിച്ച്, അതിന്റെ പലിശയെക്കുറിച്ച് പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞു 6% പലിശയാണ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ. ഈ ഡെപ്പോസിറ്റിന് 322 കോടി രൂപക്ക് 15% പലിശ കൊടുക്കുന്നു. ഇങ്ങോട്ട് കൊണ്ടിടുന്ന ഡെപ്പോസിറ്റിന് എന്തിനാ ഈ 6% മാറ്റി 15% കൊടുക്കുന്നു എന്നു ചോദിച്ചപ്പോൾ 15% കൊടുക്കുന്നില്ല എന്ന് അങ്ങ് പറഞ്ഞു. ഞങ്ങൾ ചോദിച്ചപ്പോൾ അങ്ങ് പറഞ്ഞു 14% എന്നാ എന്റെ കൈയിലുള്ള കണക്ക്, എനിക്ക് കിട്ടിയിരിക്കുന്ന വിവരം എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങ് 24-3-99-ൽ ഡോക്ടർ എം.എ. കുട്ടപ്പൻ, ശ്രീ. ഡൊമിനിക്ക് പ്രസന്റേഷൻ, ശ്രീ. വി.ജെ. പൗലോസ് എന്നീ മൂന്നു പേർക്ക് കൊടുത്തിരിക്കുന്ന മറുപടിക്കകത്ത്, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി ഈ സഭയിൽ ഒപ്പിട്ട് തന്നിരിക്കുന്ന മറുപടിക്കകത്ത് പറഞ്ഞിരിക്കുന്നത് പലിശനിരക്ക് പതിനഞ്ചു ശതമാനമെന്നും ഈ സഭയിൽ അങ്ങയെക്കൂടി തെറ്റിദ്ധരിപ്പിക്കാൻ 14 ശതമാനമെന്നും അങ്ങേയ്ക്ക് എഴുതിതന്ന ഉദ്യോഗസ്ഥൻ ആരാണ്, അങ്ങ് നടപടിയെടുക്കുമോ? സാർ ഞാൻ വിശ്വസിക്കുന്നത് അങ്ങയുടെ കയ്യിൽ പതിനാലു ശതമാനത്തിന്റെ കണക്കേയില്ലെന്നാണ്. ഞങ്ങളിൽനിന്ന് ചില കാര്യങ്ങൾ മറച്ചുവയ്ക്കാൻവേണ്ടി ബോധപൂർവ്വം പറഞ്ഞതാണ്. അങ്ങേയ്ക്ക് 14 ശതമാനമെന്ന് എഴുതിതന്നത് ആരാണ്; അദ്ദേഹത്തിനെതിരെ നടപടിയെടുക്കുമോ, ഇതാ ഞങ്ങൾക്ക് തന്നിരിക്കുന്ന ഉത്തരം ഈ സഭയിൽ നക്ഷത്ര ചിഹ്നമിടാത്ത 354-ാമത്തെ ചോദ്യം. സർ, അങ്ങ് എന്തിനാണ് മറച്ചുവയ്ക്കുന്നത് ട്രഷറി സേവിംഗ്സ് ബാങ്കിന്റെ അക്കൗണ്ടിൽ ആറ് ശതമാനമാണ് പലിശ. ഈ സഹകരണ ബാങ്കിൽ നിന്ന് എടുത്തിരിക്കുന്ന 322 കോടി രൂപയ്ക്ക് 15 ശതമാനം പലിശ കൊടുക്കുന്നുണ്ട്. അങ്ങ് പറഞ്ഞു. ഇങ്ങോട്ട് കൊണ്ടുവന്ന് ആരെങ്കിലും തന്നാൽ ഞങ്ങൾക്ക് സ്വീകരിക്കാതിരിക്കാൻ പറ്റുമോ എന്ന്, സ്വീകരിക്കാതിരിക്കാൻ പറ്റുകയില്ല. ഇങ്ങോട്ടുകൊണ്ടുവന്ന ഡെപ്പോസിറ്റിന് ആറു ശതമാനം പലിശയല്ലേ, പിന്നെ ഇതിന്റെ 15 ശതമാനം പലിശ ഇട്ടത്, അങ്ങ് ബോധപൂർവം പറഞ്ഞു നിയമാനുസൃത നടപടിയേയുള്ളൂ എന്ന്, നിയമാനുസൃതമാണ്, ഗവൺമെന്റും ആവശ്യപ്പെട്ട് ഇടുന്ന ഡെപ്പോസിറ്റിന് കൂടുതൽ പലിശ കൊടുക്കാം. ആവശ്യപ്പെട്ട് ഇടുന്ന ഡെപ്പോസിറ്റിന് കൂടുതൽ പലിശ കൊടുക്കാം. അപ്പോൾ അങ്ങ് പറഞ്ഞ മറ്റേകാര്യം തിരുത്തേണ്ടിവരും. ഇങ്ങോട്ടുകൊണ്ടിട്ട ഡെപ്പോസിറ്റ് എന്ന വാദം മാറ്റേണ്ടിവരും. അങ്ങ് വ്യക്തമായി ഇവിടെ എഴുതിത്തന്ന് ഞങ്ങൾക്ക് ഉത്തരം തന്നിരിക്കേ അതിൽനിന്ന് വ്യത്യസ്തമായി പറഞ്ഞിരിക്കുന്നു, ഇന്നത്തെ സാമ്പത്തികബുദ്ധിമുട്ടുകൾ തുറന്നു പറഞ്ഞുകൂടെ, എന്നിട്ട് അതിന്റെ പരിഹാരത്തെക്കുറിച്ച് സംയുക്തമായിട്ട് ആലോചിച്ചുകൂടെ? വരുമാനം കൂട്ടുന്നതിന് സഹായിക്കുന്ന നിർദ്ദേശങ്ങളല്ല ഈ ബഡ്ജറ്റിൽ ഉള്ളത്. രണ്ടാമത്തെ ലക്ഷ്യം സാമ്പത്തിക വളർച്ച, നികുതിനയം കൊണ്ട് സാമ്പത്തിക വളർച്ച, വ്യവസായം, രാഷ്ട്രീയം, കാർഷികം, വ്യാപാരം, വാണിജ്യം, അതിന് സഹായിക്കുമോ? ശ്രീ. ഇസ്ഹാക് കുരിക്കളും, ശ്രീ. ആര്യാടൻ മുഹമ്മദും പറഞ്ഞ കാര്യങ്ങളിലേയ്ക്ക് ഒന്നും കടക്കുന്നില്ല. ഈ ധനകാര്യ ബില്ലിൽ നമ്മുടെ വ്യവസായ മേഖലയെ ഒന്ന് പ്രോത്സാഹിപ്പിക്കുന്ന യാതൊരു നിർദ്ദേശവും ഇല്ല എന്ന് എനിക്ക് ദുഃഖത്തോടുകൂടി പറയേണ്ടിവന്നതിൽ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രി എന്നോട് ക്ഷമിക്കണം. സർ, നമ്മുടെ വ്യവസായം വളരെ ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഗവൺമെന്റ് തന്നെ അംഗീകരിക്കുന്ന സാമ്പത്തികമാന്ദ്യം വ്യവസായങ്ങൾക്ക് പിടിച്ചുനില്ക്കാൻ സാധിക്കാത്ത സാഹചര്യം അതോടൊപ്പം അമിതമായിട്ടുള്ള ഇലക്ട്രിസിറ്റി ചാർജ് വർദ്ധനവ് ഈ നിലയിൽ വ്യവസായങ്ങൾ നിലനിൽപ്പിനുവേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന അവസരത്തിൽ ടാക്സിന്റെ കാര്യത്തിൽ നികുതി നയത്തിൽ അൽപം സഹായങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരുന്ന കേരളത്തിലെ മുഴുവൻ വ്യവസായികളെയും നിരാശപ്പെടുത്തുന്ന ബഡ്ജറ്റായിരുന്നു ഈ വർഷത്തെ ബഡ്ജറ്റ്. ഇതു മാത്രമല്ല ഇവിടെ ശ്രീ. ആര്യാടൻ മുഹമ്മദും, ശ്രീ. ഇസ്ഹാക് കുരിക്കളും പറഞ്ഞത് ഞാൻ വീണ്ടും ആവർത്തിക്കുന്നു, ചെറുകിട വ്യവസായങ്ങൾ അൻപതു ലക്ഷത്തിനു താഴെ വിറ്റുവരവുള്ളതിന്

LIBRARY ARCHIVES Kerala Legislative Assembly

നാലു ശതമാനത്തിൽ നിന്ന് ആറു ശതമാനമായി നികുതി വർദ്ധിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അങ്ങിത് പുനഃപരിശോധന ചെയ്യണം. ഞങ്ങൾ ഇതിന് ഭേദഗതി തന്നിട്ടുണ്ട്. അങ്ങ് മറുപടി പ്രസംഗത്തിൽ ഇത് അംഗീകരിക്കണം, അല്ലെങ്കിൽ കേരളം വ്യവസായങ്ങളുടെ ഒരു ശവപ്പറമ്പായി മാറാൻ പോകുകയാണ്. നികുതിയിളവു പ്രതീക്ഷിച്ചുകൊണ്ടിരുന്ന വ്യവസായികൾക്ക് നികുതി വർദ്ധിപ്പിക്കുകകൂടി ചെയ്തപ്പോൾ എന്തായിരിക്കും സ്ഥിതി? എന്റെ ജില്ലയിൽ ഒരേയൊരു പൊതുമേഖലാ സ്ഥാപനമേയുള്ളൂ; ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷൻ, ആ ഫാക്ടറി പൂട്ടി. എന്താണ് കാര്യം? അവർക്ക് ഒരു ടൺ പേപ്പർ ഉൽപ്പാദിപ്പിക്കുന്നതിന് 1200 രൂപ കൂടുതൽ ചെലവ് കറണ്ട് ചാർജ് വർദ്ധനവുകൊണ്ട് വന്നിരിക്കുകയാണ്. അവർക്കു പിടിച്ചുനിൽക്കാൻ സാധിക്കുകയില്ല. നോ പ്രോഫിറ്റ്, നോ ലോസ് എന്നുള്ള നിലയിൽ ആയിരുന്നു അവർ ഇതുവരെ പ്രവർത്തിച്ചുകൊണ്ടിരുന്നത്. 1200 രൂപ ഒരു ടണ്ണിന് കൂടുന്നു, അവർ അത് പൂട്ടി. മറ്റ് രണ്ട് സ്വകാര്യ ഫാക്ടറിയുള്ളതിൽ ഇലക്ട്രോ കെമിക്കൽസ് പൂട്ടി. മുഖ്യമായിട്ടുള്ള കാരണം കറണ്ട് ചാർജ് വർദ്ധനവാണ്. സാമ്പത്തികമാന്ദ്യം ഒരു വശത്ത്, മറുവശത്ത് കറണ്ടു ചാർജ് വർദ്ധനവ്. നമുക്ക് അറിയാമല്ലോ. ഒരു അഞ്ചു വർഷം മുൻപ് ഇതുപോലുള്ള ചാർജ്ജുവർദ്ധനവ് ഏതെങ്കിലും ഒരു വ്യവസായി പ്രതീക്ഷിച്ചിരുന്നോ; കേരളത്തിൽ ഇത്രയും വലിയ ഒരു വർദ്ധനവ് ഉണ്ടാകുമെന്ന് ആരെങ്കിലും പ്രതീക്ഷിച്ചിരുന്നുവോ? എല്ലാ വ്യവസായികളുടേയും കണക്കുകൂട്ടലുകളെ തകിടം മറിച്ചുകൊണ്ട് അമിതമായിട്ടുള്ള കറണ്ടു ചാർജ് വർദ്ധനവും നികുതി വർദ്ധനവും കൂടി വരികയെന്നു പറഞ്ഞാൽ ഇവിടെ വ്യവസായങ്ങൾക്ക് പിടിച്ചുനിൽക്കാൻ കഴിയുകയില്ല. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് വീണ്ടും വീണ്ടും അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ നികുതി ഇളവ് കൊടുത്തില്ലായെങ്കിലും നികുതി വർദ്ധനവ് ഉണ്ടാക്കരുത്. ചെറുകിട വ്യവസായങ്ങളുടെ കഴുത്തിന് കത്തിവയ്ക്കുന്ന നികുതി നിർദ്ദേശമാണ് നാലു ശതമാനമെന്നത് ആറു ശതമാനമാക്കിയത്. ഇതെങ്ങനെ ന്യായീകരിക്കും? എട്ടും പത്തും ആറും ശതമാനമുള്ളത് ആറു ശതമാനമായി കുറച്ചത് നല്ലതാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു, അത് ഇന്നത്തെ സാഹചര്യത്തിൽ ആ വ്യവസായങ്ങൾക്ക് വലിയ ഒരു സഹായമായിരിക്കും. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു, വീണ്ടും വീണ്ടും സ്വാഗതം ചെയ്യുന്നു. പക്ഷെ ചെറുകിട വ്യവസായങ്ങൾക്ക് നാലെന്നുള്ളത് ആറു ശതമാനമായി കൂട്ടുന്ന നിർദ്ദേശം പിൻവലിക്കണം. അങ്ങ് പരിശോധിക്കണം അല്ലെങ്കിൽ ഈ നാട്ടിലെ വ്യവസായങ്ങൾ പൂർണ്ണമായിട്ടും നശിക്കും. അവയ്ക്ക് പിടിച്ചുനില്ക്കാൻ സാധിക്കുകയില്ല. അതുകൊണ്ട് ഇതനുസരിച്ച് അനുഭാവപൂർവമായ ഒരു നടപടിയെടുക്കാൻ തയ്യാറാകണം. നമ്മുടെ സാമ്പത്തികവളർച്ചയ്ക്ക് സഹായകമായ രീതിയിൽ നികുതി നിർദ്ദേശങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ജോർജ് ജെ. മാത്യു</u> : സർ, ഞാൻ ഈ നികുതിനിർദ്ദേശങ്ങൾ പലതിനേയും എതിർക്കുകയാണ്. ഇവിടെ എനിക്കു മുൻപ് സംസാരിച്ച ശ്രീ.ആര്യാടൻ മുഹമ്മദ്, ശ്രീ. ഇസ്ഹാക് കുരിക്കൾ, ശ്രീ. ഉമ്മൻചാണ്ടി എന്നിവർ പറഞ്ഞ കാര്യങ്ങൾ ഞാൻ ആവർത്തിക്കുന്നില്ല. ഞാൻ ഈ ഫിനാൻസ് ബില്ലിനെക്കുറിച്ച് സംസാരിച്ചപ്പോൾ നമ്മുടെ ബഹുമാന്യനായ ധനകാര്യമന്ത്രി ഈ സഭയിൽ ഇല്ലായിരുന്നു, ഇപ്പോഴും അദ്ദേഹം ഞാൻ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുമെന്ന് തോന്നുന്നില്ല. കാരണം അദ്ദേഹത്തിന്റെ മനസ്സിൽ ചില കാര്യങ്ങൾ ഉറപ്പിച്ചിട്ടുണ്ട്. ആ കാര്യങ്ങളുടെ ന്യായം പറഞ്ഞാലും അദ്ദേഹം അത്

LIBRARY ARCHIVES Kerala Legislative Assembly

അംഗീകരിക്കുമോ എന്ന് എനിക്ക് സംശയമാണ്. ഇവിടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് വളരെയധികം നികുതി ചുമത്തിയതായി ശ്രീ. ഇസ്ഹാക് കുരിക്കൾ ചൂണ്ടിക്കാട്ടി. എനിക്കു പറയാനുള്ളത്. കാർഷിക മേഖലയാകെ തകരുകയാണ്. ഇങ്ങനെ തകർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ കാർഷിക മേഖലയിൽ ഉള്ള, പ്രത്യേകിച്ച് ചെറുകിട കൃഷിക്കാരുടെമേലുള്ള നികുതി പൂർണ്ണമായിട്ട് ഒഴിവാക്കേണ്ടതാണ്. ഇന്ന് തേങ്ങയുടെയും കൊപ്രയുടേയും മേൽ നികുതി ചുമത്തിയതായിട്ട് പറയുന്നു. എന്നാൽ പല കാർഷികവിളകളുടേയുംമേൽ മൾട്ടി പോയിന്റ് ടാക്സ് വരത്തക്കവിധത്തിലുള്ള വ്യാഖ്യാനങ്ങൾ വരികയാണ്. ഉദാഹരണമായിട്ട് ഏലത്തിനെ ലേലത്തിന് വയ്ക്കുന്നതും അതുപോലെതന്നെ വ്യാപാരികളുമായിട്ടുള്ള കച്ചവടം നടക്കുമ്പോൾ മൾട്ടിപോയിന്റ് ടാക്സാണ് വരുന്നത്. അതിന്റെ ഫലമായി ഇന്ന് ഏലം കള്ളക്കടത്തായി കുമിളിയിൽനിന്ന് തമിഴ്നാട്ടിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. അവിടെ ചെന്നുകഴിഞ്ഞാൽ ഈ നികുതി ഒന്നുമില്ല. ഈ മൾട്ടി പോയിന്റ് ടാക്സ് ഏലത്തിനുണ്ടോ എന്ന കാര്യത്തിൽ ഒരു ക്ലാരിഫിക്കേഷൻ ആവശ്യമാണ്. അതുപോലെതന്നെ ഇന്ന് ലേലത്തിൽപ്പോകുന്ന ഏലത്തിന് സർചാർജ്ജ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സർചാർജ്ജ് ഏർപ്പെടുത്തുകയാണെങ്കിൽ അതു കൊടുക്കേണ്ടിവരുന്നത് ഏലത്തിനാണ്. പർച്ചേസ് ടാക്സിന്റെ ഭാഗമായിട്ടാണ് സർചാർജ് ഏർപ്പെടുത്തുന്നത്. ഏലത്തിന് ആകെ കിട്ടുന്ന ഒരു ശതമാനം ടാക്സിൽ നിന്നാണ് ഈ ലേലം നടത്തുന്ന ആളുകൾക്ക് കൊടുക്കേണ്ടിവരുന്നത്. ഇതിനകത്ത് എന്തെങ്കിലും ന്യായമുണ്ടോ, ഇതിന് സർക്കാർ പ്രത്യേകമായിട്ട് എന്തെങ്കിലും നിർദ്ദേശമിറക്കിയില്ലായെങ്കിൽ ഈ ലേല കേന്ദ്രങ്ങളെല്ലാം ഇവിടെനിന്നും മാറി ബോഡിനായ്ക്കന്നൂരിലേയ്ക്കും അതുപോലെതന്നെ കമ്പത്തേയ്ക്കും മാറും എന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിന്റെ ഒരു പ്രധാനപ്പെട്ട ഉദാഹരണം, ഇവിടെ കാറിന് 15 ശതമാനം നികുതി, പോണ്ടിച്ചേരിയിൽ 6 ശതമാനം നികുതി, എല്ലാപേരും പോയി മുപ്പത്തയ്യായിരം രൂപ ലാഭമുള്ള പോണ്ടിച്ചേരിയിൽ നിന്ന് കാർ വാങ്ങിക്കും. നിങ്ങൾ പറയും ഇവിടെ എൻട്രി ടാക്സ് ഏർപ്പെടുത്തും, ഇവിടെ കാറുകൾ ഉപയോഗിച്ചാൽ പിടിക്കുമെന്നൊക്കെ, ഇൻഡ്യൻ ഭരണഘടനയനുസരിച്ച് നിങ്ങൾക്ക് ഇത് സാദ്ധ്യമല്ല. നിങ്ങൾ എന്തു വിചാരിച്ചാലും ഇത് നടക്കാൻ പോകുന്നില്ല.

സർ, ഏതായാലും 2002 ആകുമ്പോൾ, നമ്മുടെ പുതിയ പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കഴിയുമ്പോൾ എല്ലാ സംസ്ഥാനങ്ങളിലേയും ടാക്സ് ഒന്നാകാൻ പോവുകയാണ്. എന്തിന് പറയുന്നു ലോകത്തുള്ള ഏത് സാധനവും ഇൻഡ്യയിൽക്കൊണ്ടുവന്ന് വിൽക്കുകയാണെങ്കിൽ അങ്ങേയറ്റം ചുമത്താവുന്ന നികുതിയെന്ന് പറയുന്നത് 10 ശതമാനമാണ്. അത് അങ്ങേയറ്റമാണ്. അപ്പോൾ ആ രീതിയിലേക്ക് നമ്മുടെ സമ്പദ്ഘടന ഒരുക്കിക്കൊണ്ടുവരേണ്ടതാണ് ഇന്നത്തെ പ്രധാന ആവശ്യം. അതുപോലെ എന്റെ സുഹൃത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് കോമ്പൗണ്ടിംഗ് ടാക്സിൽ 500 ഹെക്ടർ വരെ ഒഴിവാക്കിക്കൊണ്ട് നിങ്ങൾ കൊണ്ടുവന്ന നിർദ്ദേശങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ഞാൻ പറയുന്നത് 500 ഹെക്ടറാണെങ്കിലും 1000 ഹെക്ടറാണെങ്കിലും ഇതിലൊന്നും യാതൊരു അർത്ഥവുമില്ല. കാരണം, 500 ഹെക്ടറുള്ള ഒരാളും കോമ്പൗണ്ട് ചെയ്യാൻ പോകുന്നില്ല. അങ്ങനെയുള്ള ആളുകളില്ല. പിന്നെ ഏത് വ്യക്തിയുടെ താല്പര്യത്തിനുവേണ്ടിയാണ് ഇത് കൊണ്ടുവന്നതെന്ന് ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. അതുകൊണ്ട് സർക്കാരിന് എന്തെങ്കിലും ലാഭമുണ്ടായാൽ, അവർ സാധാരണ കൊടുക്കുന്ന നികുതിയിൽനിന്ന് എന്തെ

LIBRARY ARCHIVES Kerala Legislative Assembly

ങ്കിലും ലാഭമുണ്ടായാൽ ഞങ്ങൾ സ്വാഗതം ചെയ്തേനെ. കാരണം ടാക്സ്, പിരിക്കാനുള്ള ആളുകൾ വേണ്ടേ? 500 ഹെക്ടറുള്ളവന് സ്വാഭാവികമായി ആഡിറ്റഡ് അക്കൗണ്ട്സ് ഉണ്ട്. ആ ആഡിറ്റഡ് അക്കൗണ്ട് ഉണ്ടെങ്കിൽ നിങ്ങൾ നിശ്ചയിക്കുന്ന പ്രകാരമുള്ള നികുതി തരാൻ അവർ ബാദ്ധ്യസ്ഥരാണ്. 500 ഹെക്ടർ എന്ന് പറഞ്ഞാൽ 1200 ഏക്കറാണ്. 1200 ഏക്കർ വരെ കോമ്പൗണ്ട് ചെയ്യാൻ അനുവദിച്ചത് ഞങ്ങളാരും അറിഞ്ഞിട്ടില്ല. പക്ഷേ, എന്തുകൊണ്ട് അത് വന്നുവെന്ന് പലർക്കും ഒരു സംശയമുണ്ട്. ആരുടെ വ്യക്തിതാല്പര്യം കൊണ്ടാണ് ഇത് വന്നതെന്ന് അറിയാൻ വളരെ ആഗ്രഹമുണ്ട്. നിങ്ങൾ അതിന്റെ അടിസ്ഥാനപരമായ കാര്യം മറന്നുപോയി. അടിസ്ഥാനപരമായ കാര്യമെന്താണ്? 1991-ൽ പുതുക്കിയ കാർഷികാദായ നികുതി ബിൽ നിങ്ങൾ അവതരിപ്പിച്ചു അതിന്റെ പ്രിയാമ്പിൾ ഒന്ന് എടുത്ത് വായിച്ചുനോക്കണം. ഇതൊരു വ്യവസായമായിട്ട് കണക്കാക്കി കേന്ദ്ര ഗവൺമെന്റ് എന്ത് ഇൻകം ടാക്സ് ചുമത്തുന്നോ അതേ റേറ്റുകൾ ഇവിടെ ആപ്ലിക്കബിളായിരിക്കുമെന്ന് പറഞ്ഞിരിക്കുകയാണ്. അതേ റേറ്റുകൾ ആപ്ലിക്കബിളാണെങ്കിൽ ഇന്ന് നിങ്ങൾ ചുമത്തുന്ന 50 ശതമാനം നികുതി നിങ്ങൾ കുറച്ചിട്ടുണ്ടോ? ഇന്ന് കേന്ദ്ര നികുതി അനുസരിച്ച് നിങ്ങൾക്ക് അങ്ങേയറ്റം പിരിക്കാവുന്നത് 30 ശതമാനമോ 35 ശതമാനമോ മാത്രമാണ്. അപ്പോൾ സ്വാഭാവികമായി നിങ്ങൾ ചെയ്യേണ്ട കാര്യം ന്യായമായിട്ട് അവരുടെ റേറ്റ് തന്നെയാക്കണം. ഇതൊരു പ്ലാന്റേഷൻ വ്യവസായമായിട്ട് കണക്കാക്കണം. ഇതൊരു ബലഹീനമായ വ്യവസായമാണ്. അങ്ങനെ കണക്കാക്കി ആ ടാക്സ് കേന്ദ്ര നികുതിയുടെ തത്തുല്യമാക്കുകയാണ് വേണ്ടത്. അത് നിങ്ങൾ ചെയ്തിട്ടുണ്ടോ? അതിന് നിങ്ങൾക്ക് സമ്മതമല്ല. പക്ഷേ, നിങ്ങൾ 500 ഹെക്ടറുകാരന് അങ്ങനെ കൊടുക്കും. ടാറ്റയുടെ തോട്ടത്തിൽ മാത്രമായിട്ടല്ലെങ്കിലും മറ്റുള്ളവരുടെ തോട്ടത്തിന് മാത്രമായിട്ട് ഈ നികുതികൂടി അതിന് വല്ലതും കിട്ടുന്നതു കൊണ്ട് കുഴപ്പമില്ല. പക്ഷേ, ഞാൻ പറഞ്ഞ ഒരു കാര്യം കേന്ദ്ര ടാക്സ് എത്ര മാത്രം ഈടാക്കുന്നോ, അതുപോലെ മാത്രമേ നിങ്ങൾ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ഈടാക്കാൻ പാടുള്ളൂ. അങ്ങനെ വരുമ്പോൾ സ്വാഭാവികമായി ആഡിറ്റ് ചെയ്യാൻ ശേഷിയുള്ളവരൊക്കെ പറയുന്നത് 250 ഹെക്ടർ കഴിഞ്ഞ് അതിന് മുകളിലുള്ളവർക്കെല്ലാം ആഡിറ്റ് ചെയ്യുകയും ചെയ്യാം. ആഡിറ്റ് ചെയ്ത് അക്കൗണ്ട് കൊടുക്കുകയാണെങ്കിൽ നിങ്ങൾ വിഷമിക്കുന്നതെന്തിനാ? യാതൊരു പ്രശ്നവും ഇക്കാര്യത്തിലില്ല. നിങ്ങൾ ആ റേറ്റുകളാണ് കുറയ്ക്കേണ്ടത്. ഇത് അശാസ്ത്രീയമായ റേറ്റുകളാണ്. ഇതൊരു വ്യവസായമായിട്ട് കണക്കാക്കി നിങ്ങൾ മുന്നോട്ടുപോവുകയാണെങ്കിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാവുകയില്ല.

സർ, ഒരുകാര്യംകൂടി പറയാനുണ്ട്. നിങ്ങൾ ആഡംബര നികുതി ഏർപ്പെടുത്തുന്നു. 2787 സ്കയർ മീറ്റർ ഉള്ള കെട്ടിടങ്ങൾക്ക് എല്ലാവർഷവും 2000 രൂപ കൊടുക്കണം. അത് ശരിയാണോ? ഒരിക്കലും ശരിയല്ല. അതിനു മേൽ ആരെങ്കിലും ഒരു കെട്ടിടമുണ്ടാക്കിയാൽ അവർ എല്ലാവർഷവും ബാംഗ്ലൂരിലോ മറ്റ് സ്ഥലങ്ങളിലോ പോയി താമസിക്കേണ്ട ഗതികേടിലേക്ക് വന്നിരിക്കുകയാണ്. എന്നും ഒരു ശല്യമാണ്. എന്തിനാ ഈ അസൂയ? വല്ല ഗൾഫുകാരും വന്ന് കെട്ടിടമുണ്ടാക്കിയാൽ ഉണ്ടാക്കട്ടെ. ഇതിനുള്ള ബെനിഫിറ്റ് ഈ രാജ്യത്തിനുണ്ടാകും. റിപ്പീറ്റഡായിട്ട് എല്ലാക്കൊല്ലവും അത് കൊടുക്കത്തക്ക വിധത്തിലുള്ള ടാക്സ് വരുന്നത് ഒട്ടും ശരിയല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിപ്രസംഗത്തിൽ ഈ കാര്യങ്ങൾക്കും ഒക്കെ ക്ലാരിഫിക്കേഷൻ ഉണ്ടാകണം. ഇൻകംടാക്സിന്റെ കാര്യത്തിൽ സർ-ചാർജ്, മറ്റുള്ള

LIBRARY ARCHIVES Kerala Legislative Assembly

ടാക്സ് പിരിക്കേണ്ട കാര്യം, മൾട്ടി പോയിന്റ് ടാക്സ് വരുന്ന കാര്യം, ഇക്കാര്യങ്ങളിലെല്ലാം വ്യക്തമായ ഒരു ധാരണയുണ്ടാകണം. അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഞാൻ ഈ ധനകാര്യ ബില്ലിനെ ഒരിക്കൽകൂടി എതിർക്കുന്നു.

<u>ശ്രീ. കെ. ബാബു</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1998-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഇവിടെ ഡിസെന്റിംഗ് നോട്ട് നൽകിയ ബഹുമാനപ്പെട്ട അംഗങ്ങൾ ഈ ഫിനാൻസ് ബില്ലിന്റെ ജനദ്രോഹകരമായ വശങ്ങളെ സംബന്ധിച്ച് വിശദീകരിക്കുകയുണ്ടായി. ഈ ഫിനാൻസ് ബില്ലിന്റെയും ഗവൺമെന്റിന്റെയും പൊതുവായ സമീപനം പരിശോധിച്ചാൽ ചെറുകിട വ്യവസായങ്ങളെ തകർക്കുന്ന, കേരളത്തിലെ കൃഷിക്കാരെ ദ്രോഹിക്കുന്ന, സാധാരണ ജനങ്ങൾക്ക് കൂടുതൽ ജീവിതഭാരം അടിച്ചേല്പിക്കുന്ന ഒരു സമീപനമാണ് ഈ ഫിനാൻസ് ബില്ലിലൂടെ പ്രകടമാക്കിയിട്ടുള്ളത്. ഇവിടെ ഓരോ ഇനത്തിലുമുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനെസംബന്ധിച്ച് പറഞ്ഞിട്ടുള്ളതിൽ മിക്കവാറും കാര്യങ്ങൾ സാധാരണ ജനങ്ങളെ ദ്രോഹിക്കുന്നതാണ്.

സർ, ഇവിടെ സ്വർണ്ണ വ്യാപാരത്തിന് കോമ്പൗണ്ടിംഗ് സമ്പ്രദായം ലളിതവൽക്കരിക്കുന്നതിനെക്കുറിച്ചും 500 ഹെക്ടർ വരെയുള്ളവർക്ക് കോമ്പൗണ്ടിംഗ് സൗകര്യം നൽകുന്നതിനെക്കുറിച്ചും പറഞ്ഞപ്പോൾ ഇത് മാർക്സിസ്റ്റ് പാർട്ടിയിൽ വന്നിട്ടുള്ള മാറ്റങ്ങളുടെകൂടി ഒരു സൂചനകൂടിയാണ്. ഇവിടെ കഴിഞ്ഞ കുറെ ദിവസങ്ങളായി ആഡംബരങ്ങൾ കൂട്ടുന്നതിനെ സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുന്നുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിൽ ഒരു വലിയ മാറ്റം വന്നിരിക്കുകയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് സംസാരിച്ചത് മാർക്സിസ്റ്റ് പാർട്ടിയിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊള്ളാതെയാണ്. മാർക്സിസ്റ്റ് പാർട്ടിയുടെ എ.കെ.ജി. സെന്ററിലെ എ.സി. തിയേറ്റർ ഉൾപ്പെടെ അതിന്റെ സൂചനയാണ്. നിങ്ങൾ പറയും പിരിച്ചുകിട്ടിയ പണമാണെന്ന്. അത് പോകട്ടെ. ഞാൻ ആ വശമല്ല സംസാരിക്കുന്നത്. കഴിഞ്ഞദിവസം കൊച്ചിയിൽ ദേശാഭിമാനി പത്രം ഓഫീസിന്റെ മുന്നിൽ ഒരു പ്രദർശനമുണ്ടായി. 'ടാറ്റാ ടീ ദേശാഭിമാനി പ്രവചന മത്സരം'. ഒരു കാർ പ്രദർശിപ്പിച്ചിരിക്കുകയാണ്. എന്താണെന്നറിയാമോ? "ടാറ്റാ ടീ ദേശാഭിമാനി പ്രവചന മത്സരം". നേരത്തേയാണെങ്കിൽ ദേശാഭിമാനി ടാറ്റാ ടീയുടെ പരസ്യം കൊടുക്കില്ല. നേരത്തേ നിങ്ങൾ വിളിച്ചിരുന്നത് ടാറ്റാ, ബിർളാ, ഡാൽമിയാ, ഗോയങ്കാ, അങ്ങനെ തുടങ്ങി പോകുന്നു.

<u>ശ്രീ. ബി. വിജയകുമാർ</u> : സർ, ഹിന്ദുസ്ഥാൻ ലിവർകാരെ കേരള സംസ്ഥാനത്തെ മുഴുവൻ വ്യാപാരികളും ബഹിഷ്കരിച്ചിരുന്നപ്പോൾ അവരുടെ ഹോൾസെയിൽ എടുത്തിരുന്നത് ഇവരുടെ നേതൃത്വത്തിലുള്ള പല തദ്ദേശസ്ഥാപനങ്ങളും നീതിസ്റ്റോറുകളുമായിരുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

<u>ശ്രീ. കെ. ബാബു</u> : സർ, ഞാൻ ഇവിടെ ശ്രീ. ബി. വിജയകുമാർ സൂചിപ്പിച്ചത് ഉൾപ്പെടെ മാർക്സിസ്റ്റ് പാർട്ടിക്ക് വന്നിട്ടുള്ള നിലപാടിലുള്ള മാറ്റമാണ്. ബഹുമാനപ്പെട്ട മന്ത്രി ടി. ശിവദാസമേനോനോട് എനിക്ക് ബഹുമാനമുണ്ട്. പക്ഷേ, കഴിഞ്ഞദിവസം വിദേശ കാറുകൾ വാങ്ങുന്നതിനെക്കുറിച്ച് പറ

LIBRARY ARCHIVES Kerala Legislative Assembly

ഞപ്പോൾ അദ്ദേഹം അതിനെ ന്യായീകരിക്കുകയാണ് ചെയ്തത്. കൂട്ടത്തിൽ ഒരുകാര്യംകൂടി പറയട്ടെ. അദ്ദേഹത്തിന്റെ ഫിനാൻസ് ഡിപ്പാർട്ടുമെന്റ് വിദേശ കാറുകൾ വാങ്ങുന്നതിനെ സംബന്ധിച്ച് എതിർപ്പ് പ്രകടിപ്പിച്ചുവെങ്കിലും അത് എല്ലാം ലംഘിച്ചുകൊണ്ട് വിദേശകാറുകൾ വാങ്ങി ഇപ്പോൾ എന്താണ് സ്ഥിതിയെന്ന് അറിയാമോ? ഏതായാലും ഇവിടെ വിദേശകാറുകൾ വാങ്ങുന്നതിനെക്കുറിച്ച് ചർച്ച നടന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കാർ വാങ്ങുന്നതിനെക്കുറിച്ചും പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കു പ്രായമായി, ബെൻസ് കാർ വാങ്ങുന്നതിനോട് ഞങ്ങൾക്ക് വിയോജിപ്പില്ല. നിങ്ങളുടെ നിലപാടിൽ വന്ന മാറ്റമാണ് പ്രധാനപ്രശ്നം. ശ്രീ. കെ. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ബെൻസ് കാറിൽ പോയാൽ നിങ്ങൾ പറയും പറക്കുന്ന കാർ എന്നൊക്കെ. ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നു അറിയാമോ? കേരള ചരിത്രത്തിൽ ആദ്യമായി മുഖ്യമന്ത്രിയുടെ ബെൻസ് കാറിന് എസ്കോർട്ട് പോകാൻ ഓപ്പൺ ആസ്ട്ര കാർ. ഓപ്പൺ ആസ്ട്ര കാറിന്റെ വിലയെത്രയാണ്? 8.53 ലക്ഷം രൂപയാണ്. 7.53 ലക്ഷം രൂപയ്ക്കുള്ള ഫോർഡ് കാർ വാങ്ങാനുള്ള സൗജന്യംപോലും ചെയ്തില്ല. ഞാൻ ഇത് പറയാൻ കാരണം മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാടിൽ, സമീപനങ്ങളിൽ മാറ്റം വന്നിരിക്കുകയാണ്. (*അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ*)

മുതലാളിമാരെ, സാമ്പത്തികമായിശേഷിയുള്ളവരെ തലോടുകയും പാവപ്പെട്ട ആളുകളെ ദ്രോഹിക്കുകയും ചെയ്യുന്ന സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായിട്ടുമാത്രമേ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ കാണാൻ കഴിയൂ. മുളക്, മല്ലി തുടങ്ങിയ സാധനങ്ങൾക്കെല്ലാം വില വർദ്ധിക്കുമല്ലോ? അതേസമയത്തുതന്നെ സ്വർണ്ണത്തിന്റെ വിലയിൽ, ടാക്സിൽ ഒരു ചെറിയ തലോടൽ. ഞങ്ങൾക്ക് അതിൽ എതിർപ്പില്ല. പക്ഷെ, നമ്മുടെ നാട്ടിലെ സാധാരണക്കാർ അരച്ചുകൂട്ടുന്നത് സ്വർണ്ണമല്ലല്ലോ? മുളക് അല്ലേ? സാധാരണക്കാർ ഉപയോഗിക്കുന്ന നിത്യോപയോഗസാധനങ്ങൾക്കെല്ലാം ദ്രോഹകരമായ ടാക്സ് ചുമത്തിയിരിക്കുന്നു.

സർ, വ്യവസായങ്ങളുടെ സ്ഥിതിയോ? ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ പറഞ്ഞു. നിങ്ങൾ സോഫ്റ്റ്വെയർ ടെക്നോളജി, ഹാർഡ്വെയർ ടെക്നോളജിയെല്ലാം ഇവിടെ വികസിപ്പിച്ചെടുക്കണം. യാതൊരു സംശയവുമില്ല. പക്ഷെ, ചെറുകിട വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ ടാക്സിന്റെ കാര്യത്തിൽ എന്തുകൊണ്ടാണ് വിട്ടുവീഴ്ച ചെയ്യാത്തത്? കഴിഞ്ഞ പ്രാവശ്യം നിങ്ങൾ ഇത് അവതരിപ്പിച്ചപ്പോൾ ഞാൻ ഓർക്കുന്നു, ഖാദി ഉൽപ്പന്നങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തി. പിന്നീട് പിൻവലിച്ചു. ഞങ്ങളുടെ ഭാഗത്തുനിന്ന് ശക്തമായ എതിർപ്പുണ്ടായപ്പോൾ ഖാദി ഉൽപ്പന്നങ്ങളുടെ ടാക്സ് പിൻവലിച്ചു. ഇപ്പോൾ ചെറുകിട വ്യവസായ സംരംഭകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്.

ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഇവിടെ കുടിശ്ശികപിരിവിന്റെ കാര്യത്തിൽ ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഞാൻ അത് വായിക്കുന്നില്ല. ടാക്സിന്റെ 60 ശതമാനം അടച്ചാൽ പലിശ ഇളവിന്റെ കാര്യം ഇതിൽ പറയുന്നുണ്ട്. 1986-87, 87-88, 88-89 എന്നീ വർഷങ്ങളിലെ കേസുകളാണ് ഇപ്പോൾ ട്രൈബ്യൂണൽ എടുത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കേസ്സുകൾ തീർക്കാൻ ഈ നിയമം പര്യാപ്തമല്ല. മഹാരാഷ്ട്രയിലും വെസ്റ്റ്ബംഗാളിലും തമിഴ്നാട്ടിലും disputed ടാക്സിൽ ഒരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റിൽ കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നതുപോലെ ഒരുമിച്ച് ടാക്സിന്റെ 50 ശതമാനവും ചെറിയ തോതിൽ പലിശയും

LIBRARY ARCHIVES Kerala Legislative Assembly

അടച്ചാൽ ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസ്സുകൾ സെറ്റിൽ ചെയ്യുന്നതിനുള്ള ഒരു പരിപാടി വെസ്റ്റ്ബംഗാളിലും മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും സ്വീകരിച്ചിട്ടുണ്ട്. കേരളത്തിൽ അത്തരത്തിലൊരു നിലപാട് സ്വീകരിച്ചാൽ 1986 മുതൽ '89 വരെയുള്ള കേസുകൾ തീർത്ത് അപ്ടുഡേറ്റ് ആക്കാൻ കഴിയും. ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ്, കേന്ദ്രഗവൺമെന്റ് 50 ശതമാനം ടാക്സും ചെറിയ തോതിലുള്ള പലിശയും അടയ്ക്കുന്ന സമാധാൻ സ്കീമെന്നു പറഞ്ഞ് ഒരു സ്കീം കൊണ്ടുവന്നിട്ടുണ്ട്. അത് അങ്ങേയ്ക്കുമറിയാവുന്നതാണ്. വെസ്റ്റ് ബംഗാളും തമിഴ്നാടും മഹാരാഷ്ട്രയും 50 ശതമാനം ടാക്സ് അടച്ച് ചെറിയ തോതിലുള്ള പലിശയും അടച്ച് കേസുകൾ സെറ്റിൽ ചെയ്യുന്നതിനുള്ള ഒരു നടപടിക്രമം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലും അത്തരമൊരു നടപടിയെക്കുറിച്ച് ആലോചിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഒരു ലക്ഷത്തിൽക്കൂടുതൽ ഡിസ്പ്യൂട്ടുള്ള കേസുകളിൽ ഇപ്പോഴത്തെ നിയമമനുസരിച്ച് ചെയർമാൻ കേസ് കേൾക്കണമെന്നാണ് വ്യവസ്ഥ. പക്ഷെ ചെയർമാൻ അഞ്ച് ട്രൈബ്യൂണലുകളിൽ പോകണം. കോഴിക്കോട്, പാലക്കാട്, കോട്ടയം, തിരുവനന്തപുരം, കൊച്ചി എന്നിവിടങ്ങളിൽ പോകണം. അതുകൊണ്ട് ചെയർമാനെ സംബന്ധിച്ചിടത്തോളം സമയപരിതിമൂലം ഈ കേസുകൾ കേൾക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ചെയർമാൻ ഇപ്പോൾ നടക്കുന്ന കേസുകൾ കേൾക്കുന്നതിനുപകരം സ്റ്റേ പെറ്റിഷൻ മാത്രമേ കേൾക്കുന്നുള്ളൂ. അത് പ്രധാനപ്പെട്ട പ്രശ്നമാണ്. അക്കൗണ്ട്സ് മെമ്പറില്ലാത്തതുകൊണ്ടും കേസുകൾ തീർപ്പുകൽപ്പിക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പുകൽപ്പിക്കുന്നതിന് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചതുപോലെ, ഒരു സമാധാൻ സ്കീം പോലെ ഒരു കോമ്പൗണ്ടിംഗ് മെത്തേഡ് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

സർ, ബ്രാൻഡഡ് ഗൂഡ്സിന്റെ കാര്യത്തിൽ ഇവിടെ ടാക്സ് ഉണ്ട്. കേന്ദ്രഗവൺമെന്റ് ബ്രാൻഡഡ് ഗൂഡ്സിന്റെ കാര്യത്തിൽ 1991-ൽ എട്ട് ഇനങ്ങൾക്ക് ടാക്സ് കൊണ്ടുവന്നു. നിത്യോപയോഗ സാധനങ്ങളെ ബാധിക്കുന്ന ടാക്സാണിത്. അത് കേന്ദ്രഗവൺമെന്റ് പിന്നീട് പിൻവലിച്ചു. ആട്ടമാവ് ബ്രാൻഡഡ് ആയതുകൊണ്ട് ടാക്സ് കൊടുക്കണം. നിത്യോപയോഗസാധനങ്ങളെ ഈ ടാക്സ് ബാധിക്കുന്നുണ്ട്. അത് ഒഴിവാക്കാനുള്ള ഒരു നടപടി സ്വീകരിക്കണം.

സർ, അഗ്രികൾച്ചറൽ ഇൻകംടാക്സിനെക്കുറിച്ചാണ് അടുത്തത് എനിക്ക് പറയാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് അഗ്രികൾച്ചറൽ ഇൻകം ടാക്സായി ഇരുപത്തിയഞ്ചോ ഇരുപത്തിയേഴോ കോടി രൂപയാണ് ലഭിക്കുന്നത്. അങ്ങനെ നേരത്തെ പറഞ്ഞതുപോലെ Lions' Share, അങ്ങയുടെ വാക്കുതന്നെ ഞാൻ പറയട്ടെ, ഇതിലെ Lions' Share കിട്ടുന്നത് കമ്പനികളിൽ നിന്നാണ്. കൃഷിക്കാരിൽ നിന്ന് ഒന്നോ രണ്ടോ കോടി രൂപയാണ് കിട്ടുന്നത്. ഇത് കളക്ട് ചെയ്യുന്നതിനുവേണ്ടി ഇരുപതോളം ഓഫീസുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അതുകൊണ്ട് കൃഷിക്കാരെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും കമ്പനികൾക്കുള്ള ടാക്സ് നിലനിറുത്തിക്കൊണ്ടും ഒരു നടപടി സ്വീകരിച്ചാൽ കൃഷിക്കാർക്ക് ആശ്വാസമാകും. കമ്പനികളെ മാത്രമേ ബാധിക്കൂ. സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്ന പണത്തിൽ കാര്യമായ കുറവ് വരികയില്ല.

സർ, അപ്പീൽ കൊടുക്കാനായുള്ള വ്യവസ്ഥകൾ വച്ചിട്ടുള്ളതിൽ ഫിനാൻസ് ബില്ലിലൂടെ എല്ലാ ഇനങ്ങൾക്കും ടാക്സ് വർദ്ധിപ്പിച്ചിരിക്കുകയാണ്. അപ്പലേറ്റ് ട്രൈബ്യൂണലിൽ അപ്പീൽ കൊടുക്കാനുള്ള ഫീസ് വർദ്ധി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചു. കമ്മിഷണർക്ക് റിവിഷൻ പെറ്റിഷൻ കൊടുക്കാൻ ഫീസ് വർദ്ധിപ്പിച്ചു. എല്ലാ ഇനങ്ങൾക്കും ഫീസ് വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ ഒരു പുനഃപരിശോധന വേണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ബാബു, ബില്ലിലേയ്ക്ക് കടന്ന് സംസാരിക്കൂ. സബ്ജക്ട് കമ്മിറ്റിയുടെ ഒരു അഡ്ഹോക്ക് കമ്മിറ്റി ഒരു റിപ്പോർട്ട് തന്നല്ലോ, അത് അങ്ങ് കണ്ടില്ലേ? അതിൽ പറയുന്നതും, ഈ ചർച്ചകളൊക്കെ ഒഴിവാക്കണമെന്നാണ്. ജനറൽ ഡിസ്ക്കഷൻ വേറെയാണ്. ഇതിൽ നമ്മൾ വകുപ്പുതിരിച്ചുള്ള ചർച്ചയിൽ കോൺസൻട്രേറ്റ് ചെയ്യണമെന്നാണ് പറയുന്നത്.

ശ്രീ. കെ. ബാബു : അങ്ങ് പറഞ്ഞത് അക്ഷരംപ്രതി സ്വീകരിച്ചിട്ടുണ്ട്. ഞാൻ പറഞ്ഞതെല്ലാം ടാക്സുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. വേറെ ഒരക്ഷരവും പറഞ്ഞിട്ടില്ല. പിന്നെ ഞാൻ ആകെ പറഞ്ഞത്, ദേശാഭിമാനി ടാറ്റാ ടീ പ്രവചനമത്സരമാണ്.

ശ്രീ. ടി.എം. ജേക്കബ് : ടാറ്റാ ടീ യുടെ കാര്യം പറഞ്ഞല്ലോ. സി.പി.എം. ഓഫീസിന്റെ ഹാൾ ഇപ്പോൾ വാടകയ്ക്ക് കൊടുക്കുന്നത് ലയൻസ് ക്ലബ്, റോട്ടറിക്ലബ്ബിന്റെയൊക്കെ യോഗങ്ങൾ നടത്താനാണ്. ബന്ധങ്ങളൊക്കെ മാറിമാറിവരികയാണ്.

ശ്രീ. കെ. ബാബു : അവർ ഇപ്പോൾ കല്യാണം കഴിക്കുന്നതുപോലും വലിയ വീട്ടിൽനിന്നാണ്. അതാണ് ഇപ്പോഴത്തെ നിലപാട്. ആ സ്റ്റാറ്റസ്സിന് അനുസരിച്ച് കാര്യങ്ങൾ പോകണമല്ലോ. മാർക്സിസ്റ്റു നേതാക്കൻമാരിലും മാർക്സിസ്റ്റു പാർട്ടിയിലും വന്ന, സ്റ്റാറ്റസ്സിന്റെ ലവലിൽ വന്ന മാറ്റത്തിനനുസരിച്ച് ഈ നികുതിനിർദ്ദേശങ്ങളും സാധാരണക്കാരെ ദ്രോഹിക്കുന്നവിധത്തിലുള്ളതും ഗവൺമെന്റിന് കാര്യമായി പ്രയോജനം ചെയ്യാത്തതുമായ നിർദ്ദേശങ്ങളാണ്. അതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുകയാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1999-ലെ കേരള ധനകാര്യബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിന്റെ ദരിദ്രമായ സാമ്പത്തികസ്ഥിതിയിൽ സാധാരണ ജനങ്ങളെ ദ്രോഹിക്കാതെ അവർക്ക് ആശ്വാസം പകരുകയും നികുതി നൽകാൻ കഴിയുന്ന ചിലരിൽനിന്ന് ചെറിയ തോതിൽ നികുതി ഈടാക്കുകയും ചെയ്യുന്ന ഒരു ബഡ്ജറ്റും ആ ബഡ്ജറ്റ് നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ധനകാര്യബില്ലുമാണ് ഇന്ന് ഇവിടെ ചർച്ചയ്ക്ക് വിധേയമായിട്ടുള്ളത്. ഇവിടെ അപ്പുറത്തുനിന്ന് സംസാരിച്ച് ബഹുമാന്യരായ മെമ്പർമാർ ചില നികുതി നിർദ്ദേശങ്ങളെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ സമീപനവും നയവും എന്താണെന്നു ചോദ്യവും ഉന്നയിക്കുകയുണ്ടായി. ഈ ഗവൺമെന്റിന്റെ നയം വളരെ വ്യക്തമാണ്. കേരളത്തിലെ സാധാരണ ജനങ്ങളെ സഹായിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ നയം. അതുകൊണ്ട് ഫൈവ് സ്റ്റാർ ഹോട്ടലുകളിൽനിന്ന് ക്ഷേണം കഴിക്കുന്നവർക്ക് ക്ഷേണത്തിന് കുറച്ച് ടാക്സ് വർദ്ധിപ്പിച്ചിട്ടുണ്ട്. ലക്ഷ്വറി ടാക്സ് കുറച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്. സാധാരണഗതിയിൽ താമസിക്കാൻ പറ്റുന്ന വീട് നിർമ്മിക്കുന്നതിനപ്പുറം യാതൊരു ഉൽപ്പാദനവുമാനവുമില്ലാത്ത മേഖലയിലേയ്ക്ക് പണം മുടക്കുന്നത് നിരുൽസാഹപ്പെടുത്താൻ ഈ നികുതി നിർദ്ദേശം കൊണ്ട് സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഗൾഫ് നാടുകളിൽനിന്നും നമ്മുടെ നാട്ടിലേക്കു വരുന്ന ധാരാളം പണം തിരിച്ചുവരവില്ലാത്ത മേഖലകളിലാണ് നമ്മൾ ഇൻവെസ്റ്റു ചെയ്യുന്നത്. അതിന്റെ പ്രത്യാഘാതം നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിനാൽ കൂടുതൽ വലിപ്പമുള്ളതും കൂടുതൽ പണമുപയോഗിച്ച് വയ്ക്കുന്നതുമായ വീടുകൾക്ക് ചെറിയ നികുതിനിർദ്ദേശം ഇതിലുണ്ട്. അതു സാധാരണക്കാരനെ ദ്രോഹിക്കുന്നതാണോ? അന്യസംസ്ഥാനങ്ങളിൽനിന്നും നമ്മുടെ സംസ്ഥാനത്തേക്ക് കൊണ്ടുവരുന്ന ചില സാധനങ്ങൾക്ക് നികുതി കുറച്ചു എന്നാണ് ശ്രീ. ആര്യാടൻമുഹമ്മദ് ചൂണ്ടിക്കാണിച്ചത്. മൊസൈക്, മാർബിൾ തുടങ്ങിയ സാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളിൽ വില കുറച്ചു കൊടുക്കുന്നതുകൊണ്ട് നമ്മുടെ സംസ്ഥാനത്ത് വ്യാപാരം നടക്കാതെ വന്ന സാഹചര്യത്തിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് മാർബിൾ, മൊസൈക് തുടങ്ങിയ സാധനങ്ങൾ കടന്നുവരാതിരിക്കാൻവേണ്ടി നികുതിയിൽ ഒരു ഏകീകരണം വരുത്തി. അതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്ത് വ്യാപാരം കൂടി. അതിന്റെ അടിസ്ഥാനത്തിൽ നികുതി വരുമാനം കൂടി. വ്യാപാര വാണിജ്യമേഖലയിലുണ്ടായിരിക്കുന്ന സ്തംഭനാവസ്ഥക്ക് പരിഹാരം കാണാൻ ഏർപ്പെടുത്തിയ ചില നടപടികളാണതെല്ലാം. അതു വൻകിടക്കാരെ സഹായിക്കുന്നതല്ല. സ്വകാര്യ കച്ചവടക്കാർക്ക് നികുതി വർദ്ധിച്ചിട്ടുണ്ട്. സാധാരണക്കാരല്ലല്ലോ കാറുകൾ ഉപയോഗിക്കുന്നത്. ഈ നികുതി വർദ്ധനവിനെ നിങ്ങൾക്ക് എങ്ങനെയാണ് എതിർക്കാൻ കഴിയുന്നത്? പുളി, തേങ്ങാപ്പിണ്ണാക്ക് എന്നിവയ്ക്ക് നികുതി ഈടാക്കുന്നു എന്നാണ് അപ്പുറത്തു നിന്നും പ്രസംഗിച്ചത്. ഇവയ്ക്ക് 10% നികുതിയിൽ നിന്നും 4% നികുതിയായി കുറച്ചു. പുളിയുടെയും തേങ്ങാപിണ്ണാക്കിന്റേയും നികുതി ഈ ഗവൺമെന്റ് കൊണ്ടുവന്നതല്ല. ഈ ഗവൺമെന്റിന്റെ ബഡ്ജറ്റ് വന്നതിന്റെ പിറ്റെ ദിവസം എല്ലാ പത്രങ്ങളും എഴുതി. ഒരു പൈസപോലും സാധാരണക്കാരനിൽനിന്നും അധികമായി ഏർപ്പെടുത്തിയിട്ടില്ലായെന്ന്. സംസ്ഥാനത്തെ എല്ലാ മേഖലകളിലുമുള്ള ജനങ്ങൾക്കു ആശ്വാസം പകരുന്ന ഒരു ബഡ്ജറ്റായിരുന്നു ഈ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ളതെന്ന് പത്രങ്ങൾ എഴുതി. ഈ സമീപനമാണോ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്? കേന്ദ്ര ഗവൺമെന്റിന്റേത് പത്തുകോടിയിലേറെ രൂപയുടെ അധിക നികുതി ജനങ്ങളിൽനിന്നും ഈടാക്കുന്ന ബഡ്ജറ്റായിരുന്നു. വൻകിടക്കാർക്ക് വാരിക്കോരി ആശ്വാസ നടപടികൾ നൽകിയ ബഡ്ജറ്റായിരുന്നു കേന്ദ്രഗവൺമെന്റിന്റേത്. അതിനെപ്പറ്റി ഒരക്ഷരം നിങ്ങൾ പറഞ്ഞില്ലല്ലോ. കേരളത്തിലെ ചരിത്രം കുറെക്കാലത്തിനിടയ്ക്ക് എടുത്തു പരിശോധിച്ചാൽ റെയിൽവേയിലൂടെ കൊണ്ടുവരുന്ന അവശ്യസാധനങ്ങളിൽമേൽ നികുതി ഈടാക്കിയിരുന്നില്ല. അവശ്യവസ്തുക്കളിൻമേൽ നികുതി ചാർജ് വർദ്ധനവ് ബാധകമായിരുന്നില്ല. ഇക്കഴിഞ്ഞ ബഡ്ജറ്റിൽ കേരളത്തിലേക്കു കൊണ്ടുവരുന്ന റേഷൻ സാധനങ്ങളിൽമേൽ അധിക കടത്തുകൂലി കേന്ദ്ര ഗവൺമെന്റ് ഈടാക്കി. കേന്ദ്രത്തിന്റെ നയത്തെപ്പറ്റി, കാർഷികമേഖലയിൽ എടുക്കുന്ന നിലപാടിനെപ്പറ്റി, സാമ്പത്തിക രംഗത്തു എടുക്കുന്ന നിലപാടുകളെപ്പറ്റി ഒരക്ഷരം മിണ്ടുന്നില്ല. ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. നെല്ലിന് 490 രൂപയാണ് കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ച വില. ഇവിടെ 690 രൂപക്ക് നെല്ല് സംഭരിക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഏതെങ്കിലും ചില സംസ്ഥാനങ്ങളിലെ കൃഷിക്കാരുടെ താല്പര്യമനുസരിച്ചാണ് കേന്ദ്രഗവൺമെന്റ് ഒരു അഖിലേന്ത്യാവീക്ഷണമില്ലാതെ നെല്ലിന് വില നിശ്ചയിച്ചത്. അതു നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കാൻ പോകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ചുള്ള ഒരു വേവലാതിയും നിങ്ങൾക്കില്ലല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

റബ്ബർകൃഷിയെ തകർച്ചയിൽ നിന്നും രക്ഷിക്കാൻവേണ്ടി അഞ്ചേക്കർ വരെയുള്ള റബ്ബർകൃഷിയെ കാർഷികാദായനികുതിയിൽനിന്നും ഒഴിവാക്കി. അതുപോലെ ലാറ്റക്സിന്റെ നികുതി ഒഴിവാക്കി. ഇതെല്ലാം കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച ചില നയങ്ങളുടെ ഭാഗമായി കേരളത്തിലുണ്ടാകാനിടയുള്ള പ്രശ്നങ്ങൾക്ക് പരിഹാരമായി ഗവൺമെന്റ് സ്വീകരിച്ച നടപടികളാണ്. ഈ സംസ്ഥാനത്ത് ഒരു നികുതിയും ഈടാക്കാതെ എങ്ങനെയാണ് ഇവിടത്തെ വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. പ്രതിപക്ഷം പുതിയ നിർദ്ദേശങ്ങളൊന്നും വച്ചില്ല. ഏതു മേഖലയിൽനിന്നും നികുതി ഈടാക്കാൻ സാധിക്കുമെന്ന നിർദ്ദേശം പ്രതിപക്ഷം വയ്ക്കേണ്ടതല്ലേ? ഏതു മേഖലയിൽ നിന്ന് നികുതി ഈടാക്കിയാലും നിങ്ങൾ എതിർക്കും. സ്വർണ്ണത്തിന്റെ കാര്യം വളരെ വ്യാപകമായി ചർച്ചചെയ്തു. ഒരു തെരഞ്ഞെടുപ്പിലെ പ്രധാനപ്പെട്ട വിഷയം സ്വർണ്ണമായിരുന്നല്ലോ. സ്വർണ്ണത്തിന്റെ വില കയറിയതു കണ്ടോ എന്നുപറഞ്ഞ് വോട്ടു ചോദിച്ചവരാണ് നിങ്ങൾ.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> : അങ്ങ് ഇവിടെ നെല്ലിന് തറവിലയുടെ കാര്യം പറഞ്ഞു. നെല്ലിനു തറവില കൂട്ടിയാൽ അതിനു ആനുപാതികമായി റേഷനരിക്ക് വില വർദ്ധിക്കില്ലേ; അത് അങ്ങ് ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീ. സി.കെ. രാജേന്ദ്രൻ</u> : അതിനാണ് സബ്സിഡി കൊടുത്തുകൊണ്ട് ജനങ്ങളെ സഹായിക്കുന്നത്. കൃഷിക്കാരനു ന്യായമായ വില കിട്ടുകയും ഉപഭോക്താക്കൾക്ക് കുറഞ്ഞ വിലയ്ക്കും അവശ്യസാധനങ്ങൾ ലഭ്യമാകുകയും ചെയ്യുന്നതിനുവേണ്ടിയാണ് പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തണമെന്നു പറയുന്നത്. അതാണു കേരളത്തിൽ ചെയ്തു കൊണ്ടിരിക്കുന്നത്. അതല്ലാതെ കൃഷിക്കാരിൽനിന്നും കുറഞ്ഞ വിലയ്ക്ക് നെല്ല് സംഭരിക്കലല്ല. അതാണ് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം. സോഫ്റ്റ്വെയർ ടെക്നോളജിക്ക് ടാക്സ് കുറച്ചു എന്നുപറഞ്ഞു. ഇൻഡ്യയിൽ തൊഴിൽസാദ്ധ്യത കൂടിവരുന്ന ഒരു മേഖലയാണിത്. കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽസാദ്ധ്യതയുള്ള ഒരു മേഖല എന്ന നിലയിൽ അതിന്റെ വിപുലീകരണത്തിന് സഹായകരമായ ഒരു നിലപാട് ഈ ഗവൺമെന്റ് എടുത്തിട്ടുള്ളതിനെ അംഗീകരിക്കാതെ അതിനെ എതിർക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. കേരളത്തിന്റെ കടം വർദ്ധിച്ചുവരുന്നു എന്നാണ് ഇവിടെ നടന്ന ചർച്ചയിൽ പറഞ്ഞത്. കടം വർദ്ധിക്കാതിരിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള മേഖല ഏതാണ്. കൃഷിക്കാരെ വല്ലാതെ ദ്രോഹിക്കാൻ സാദ്ധ്യമല്ല എന്നുള്ളതുകൊണ്ടാണ് കൃഷിക്കാർക്ക് ആശ്വാസ നടപടികൾ പ്രഖ്യാപിച്ചത്. അതുകൊണ്ടാണ് ചില മേഖലകളിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിച്ചത്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിൽ നിന്നും വ്യത്യസ്തമായി കേരളഗവൺമെന്റ് സ്വീകരിച്ച ആ ഒരു നിലപാടിനെപ്പറ്റി അപ്പുറത്തുനിന്നും ഒരക്ഷരവും പറയാൻ തയ്യാറാകാതിരുന്നത് ഖേദകരമാണ്. ഇവിടെ ഗവൺമെന്റു കൊണ്ടുവന്ന ചില നിർദ്ദേശങ്ങൾക്ക് മാറ്റം വരുത്തി. ഇവിടെ ഉയർന്നുവന്ന അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിലാണ് അങ്ങനെ മാറ്റം വരുത്തിയത്. ഇവിടെ കഴിഞ്ഞ രണ്ടു മൂന്നു വർഷത്തിനിടയിൽ ഒരുപാടു കാര്യങ്ങൾ നടന്നു. ഇവിടെ ഒന്നും നടക്കുന്നില്ല എന്നു ആർക്കും പറയാൻ കഴിയില്ല. ഇവിടെ ഒരുപാട് പുരോഗതി ഉണ്ടായിരിക്കുകയാണ്. ആ പുരോഗതിക്ക് ആവശ്യമായ പണവും ഇവിടെ നിന്നു തന്നെ നാം കണ്ടെത്തണം. വൈദ്യുതിയുടെ സ്വയംപര്യാപ്തതയുടെ കാര്യത്തിൽ 700 മെഗാവാട്ട് വൈദ്യുതിയിലധികം ഉൽപ്പാദിപ്പിക്കാൻ നമുക്കു കഴിഞ്ഞു. രണ്ടായിരമാണ്ടാകുമ്പോൾ പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

സ്വയംപര്യാപ്തതയിലേക്ക് നമ്മൾ എത്തും. അതിനുള്ള പദ്ധതികളാണ് നടപ്പിലാക്കാൻ പോകുന്നത്. അതിനുള്ള പണം കേരള സംസ്ഥാനത്തു നമ്മൾ കണ്ടെത്തിയേ പറ്റൂ. അക്കാര്യത്തിൽ എന്താണു നിങ്ങളുടെ നിർദ്ദേശം? കേന്ദ്രത്തോടു ചോദിക്കാൻ പറ്റില്ല. കേന്ദ്രം തന്നില്ലെങ്കിൽ ആക്ഷേപമില്ല. കേരളത്തിൽ നിന്നും ഇതിനുള്ള വരുമാനം കണ്ടെത്താൻ പാടില്ല. പിന്നെ എന്താണ് വേറെ നിർദ്ദേശം? ഇവിടെ നികുതി പിരിക്കുന്നത് ധൂർത്തടിക്കാനാണോ? മാർക്കറ്റിൽ ഇടപെട്ടുകൊണ്ടു പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തിക്കൊണ്ട് സാധാരണ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന മാവേലിസ്റ്റോറുകളും നീതിസ്റ്റോറുകളും ശക്തിപ്പെടുത്താൻ എടുത്ത നടപടിയെ നിങ്ങൾ അംഗീകരിക്കണ്ടേ? അതിനല്ലെ നികുതി പിരിക്കുന്ന പണം വിനിയോഗിക്കുന്നത്. അന്യ സംസ്ഥാനങ്ങളിൽ സബ്സിഡി കുറച്ചപ്പോഴും ഇവിടെ അതു നിലനിറുത്തി. ആ രീതിയിൽ കേരളത്തിലെ ജനങ്ങളെ സഹായിക്കാനാണ് നികുതി പിരിക്കുന്നത്. ഏതോ ഒരു കാറ് വാങ്ങിയ കാര്യമില്ലായിരുന്നെങ്കിൽ നിങ്ങൾക്ക് ഇവിടെ പ്രസംഗിക്കാൻ വിഷയമുണ്ടാകുമായിരുന്നോ? നിങ്ങളുടെ മന്ത്രിമാർ ബെൻസ് കാറിലും ടൊയോട്ടയിലും ഒക്കെ യാത്ര ചെയ്തിരുന്നവരാണ്. ഈ ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളും കണ്ണടച്ച് ഇരുട്ടാക്കി കണ്ടില്ലെന്നു വരുത്തിക്കൊണ്ട് ഒരു കാറ് വാങ്ങിയതാണ് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്നു വരുത്തിത്തീർക്കാൻ നിങ്ങൾ ശ്രമിച്ചാൽ ജനങ്ങൾ അംഗീകരിക്കുമോ? ജനങ്ങളുടെ കൺമുമ്പിൽ കാണുന്ന കാര്യങ്ങൾ അവർക്കു നല്ല ബോദ്ധ്യമുണ്ട്. അതാണ് തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുന്നത്. അല്ലാതെ നിങ്ങളുടെ നിയമസഭയിലെ അഭിപ്രായപ്രകടനങ്ങൾ കേട്ടിട്ടല്ല. ചില പത്ര വാർത്തകളുടെ അടിസ്ഥാനത്തിലാണ് നിങ്ങളുടെ അഭിപ്രായപ്രകടനങ്ങൾ വരുന്നത്. നിങ്ങളുടെ അഭിപ്രായപ്രകടനങ്ങളിൽ ജനങ്ങൾ കുടുങ്ങിയിരുന്നെങ്കിൽ ഇടതുപക്ഷജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിൽ വരുമായിരുന്നോ? ജനങ്ങൾക്കു വ്യത്യസ്തമായ ചിന്താഗതിയും സ്വതന്ത്രമായ തീരുമാനവുമുണ്ട്. ഇന്നലെ മുഖ്യമന്ത്രി കയ്യൂർ സമരത്തിൽ പങ്കെടുത്തിട്ടുണ്ടോ ഇല്ലയോ എന്നതിനെപ്പറ്റി ശ്രീ. കെ. സുധാകരൻ ചില പരാമർശങ്ങൾ നടത്തി. ചില വാദപ്രതിവാദങ്ങളൊക്കെ ഉന്നയിച്ച് വിജയശ്രീലാളിതനായി അദ്ദേഹം പോകുകയുണ്ടായി. ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായ കയ്യൂർ സമരത്തിന്റെ വിചാരണ കോടതിയിൽ നടക്കുമ്പോൾ അവിടെ മെറ്റീരിയൽ എവിഡൻസായി ഹാജരാക്കിയത് ചർക്കയും നൂലും അന്നത്തെ ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിന്റെ ഭാഗമായി അടിച്ചിറക്കിയ നോട്ടീസുമായിരുന്നു. അതായിരുന്നു അന്ന് കോടതിയിൽ ഹാജരാക്കിയിരുന്നത്. ആ കയ്യൂർ സമരത്തിൽ ബഹുമാനപ്പെട്ട നായനാർ പങ്കെടുത്തോ ഇല്ലയോയെന്ന് ചർച്ച നടത്തുകയും ശ്രീ. നായനാരെ വിചാരണ ചെയ്യണം, ഇനി ശിക്ഷിക്കണമെന്ന് വാദിക്കുകയും ചെയ്തത് അന്ന് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളേയും വിചാരണ ചെയ്യണമെന്നുപറയുന്നതിന് തുല്യമാണ്. ബ്രിട്ടീഷുകാരും ഇതുതന്നെയാണ് പറഞ്ഞത്. ബ്രിട്ടീഷുകാർ പറഞ്ഞത് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത മുഴുവൻ ആളുകളേയും തൂക്കിക്കൊല്ലണമെന്നും കൽത്തുറുങ്കിലടയ്ക്കണമെന്നുമാണ്. ആ ബ്രിട്ടീഷിന്റെ ഏജന്റിനെപ്പോലെ, ബ്രിട്ടീഷുകാരുടെ ചാരനെപ്പോലെ അവരുടെ പ്രേതം ഇപ്പോഴും ഇൻഡ്യയിൽ നിലനിൽക്കുന്നുവെന്നുള്ളതിന്റെ തെളിവായിരുന്നു ബഹുമാനപ്പെട്ട സുധാകരന്റെ ഇന്നലത്തെ പ്രസംഗം. ബഹുമാനപ്പെട്ട സുധാകരൻ, നാളെ നെഹ്രുവിനേയും ഗാന്ധിജിയേയുമൊക്കെ ഇനി വിചാരണചെയ്യണമെന്ന് പറയുകയില്ലേ? നെഹ്രുവിനേയും ഗാന്ധിജിയേയുമൊക്കെ ഇനി വിചാരണ ചെയ്യണം, സ്വാതന്ത്ര്യസമരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

പങ്കെടുത്ത മുഴുവൻ ആളുകളെ, (മരിച്ചുപോയവരെയും, ജീവിച്ചിരിക്കുന്ന സ്വാതന്ത്ര്യസമരസേനാനികളെയും) ആകെ അടച്ച് ആക്ഷേപിക്കുന്നവിധത്തിലായിരുന്നു ഇന്നലെ ബഹുമാനപ്പെട്ട സുധാകരൻ പ്രസംഗിച്ചത്. രാഷ്ട്രീയ സദാചാരം വച്ചുപുലർത്തുന്ന, സത്യസന്ധനായ ആളാണ് ശ്രീ. സുധാകരനെന്ന് വരുത്തിത്തീർക്കാനാണ് ഇന്നലെ അദ്ദേഹം ശ്രമിച്ചത്. ... ഇത് പറയാൻ അദ്ദേഹത്തിന് എന്ത് യോഗ്യതയാണുള്ളത്? അതുകൊണ്ട് ഇത്തരത്തിൽ കണ്ണടച്ച് ഇരുട്ടാക്കി കേരളത്തിലെ രാഷ്ട്രീയ നേതാക്കൻമാരെ അധിക്ഷേപിക്കുന്ന, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അധിക്ഷേപിക്കുന്ന ഇത്തരത്തിലുള്ള പ്രചാരണം കേരളത്തിലെ ജനങ്ങൾ അംഗീകരിക്കാൻ പോകുന്നില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : സർ, ഇവിടെ ചട്ടങ്ങൾ അനുവദിക്കുന്ന ചില മാർഗ്ഗങ്ങളുണ്ട്. ബഹുമാനപ്പെട്ട സി.കെ. രാജേന്ദ്രന് പറയാനുള്ളത് പറയാം. ബഹുമാനപ്പെട്ട സുധാകരനെതിരെയുള്ള ഒരു ആരോപണമാണ്. ഒരു ആരോപണം സഭയിൽ ഉന്നയിക്കണമെങ്കിൽ അത് എഴുതിത്തന്ന് അങ്ങയുടെ അനുമതി ഉണ്ടാകണം. ശ്രീ. സി.കെ. രാജേന്ദ്രൻ അഴിമതിയാരോപണമുന്നയിക്കുന്നതിൽ ഞങ്ങൾ തടസ്സപ്പെടുത്തുന്നില്ല. നിയമസഭാംഗമെന്നുള്ള നിലയിൽ അത് അദ്ദേഹത്തിന്റെ അവകാശമാണ്. പക്ഷേ ഇവിടെ ഈ സഭയിലെ ഒരംഗത്തിനെതിരെ പത്രത്തിൽ വന്ന ഒരു വാർത്തയാണ് പറഞ്ഞത്. പത്രത്തിന്റെ പേര് അദ്ദേഹം പറഞ്ഞിട്ടില്ല. പത്രത്തിൽ വരുന്ന വാർത്തകൾ നമുക്ക് ഉദ്ധരിക്കാൻ കഴിയുമോ? ചട്ടം അനുവദിക്കുന്നുണ്ടോ? എന്റെ ചോദ്യം, ബഹുമാനപ്പെട്ട സുധാകരനെതിരെ ഇത്തരം ആരോപണ സ്വഭാവത്തിൽ ഉന്നയിക്കുന്നതിന് അദ്ദേഹം ചട്ടപ്രകാരം എഴുതി തന്നിരുന്നുവോ? ഇത് എഴുതി തന്നിട്ടാണോ അദ്ദേഹം ഉന്നയിച്ചത്? അല്ലെങ്കിൽ ഇത് നിയമസഭാ രേഖകളിലുണ്ടാകുമോ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : എനിക്ക് ഒരുകാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. ബഹുമാനപ്പെട്ട കാർത്തികേയൻ പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. നമ്മുടെ നിയമസഭയിലെ ഒരു കീഴ്വഴക്കമുള്ളത് ലെജിസ്ലേഷന്റെ കാര്യങ്ങൾ നടക്കുന്ന അവസരത്തിലൊരിക്കലും റൂൾ 285 പ്രകാരമുള്ള കാര്യങ്ങൾ എഴുതി കൊടുത്തുപോലും ഉന്നയിക്കാൻ അനുവദിക്കുകയില്ല. ഞാൻ റൂൾ 285-ന്റെ കാര്യത്തിലേക്ക് കടക്കുന്നില്ല. പക്ഷേ നമ്മുടെ കീഴ്വഴക്കമെന്നുപറയുന്നത് നിയമനിർമ്മാണങ്ങൾ നടക്കുന്ന അവസരത്തിൽ റൂൾ 285 പ്രകാരമുള്ള ഇന്റിമേഷൻ കൊടുത്താൽപോലും ഉന്നയിക്കാൻ അനുവദിക്കുകയില്ല. അലിഗേഷൻസ് ഉന്നയിക്കേണ്ട സന്ദർഭങ്ങൾ എവിടെയൊക്കെയാണ്, റൂൾ 285 എവിടെയൊക്കെയാണ് അപ്ലിക്കബിൾ, ഏതെല്ലാം സന്ദർഭങ്ങളിൽ ആണെന്നുള്ളത് കൃത്യമായി പറഞ്ഞിട്ടുണ്ട്. നാളെ അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയ്ക്ക് വേണമെങ്കിൽ ആ ബില്ലിന്റെ ചർച്ചാവേളയിൽ ശ്രീ.രാജേന്ദ്രന് ഉന്നയിക്കാം. കുഴപ്പമില്ല. പക്ഷേ ഇപ്പോൾ നിയമനിർമ്മാണ ചർച്ച നടക്കുകയാണ്. നിയമനിർമ്മാണ ചർച്ചയിൽ ഇങ്ങനെയുള്ളത് പറയാൻ പാടില്ല. അതാണ് നമ്മുടെ ചട്ടം.

... സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം നീക്കം ചെയ്തു.

... സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം നീക്കം ചെയ്തു.

... സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അത് ചെയർ പറയാൻ പോകുകയാണ്. ബഹുമാനപ്പെട്ട കാർത്തികേയൻ ഇത് ഉന്നയിക്കുന്നതിനു മുൻപുതന്നെ ഞാൻ പറയാൻ പോയതാണ്. അദ്ദേഹം നിറുത്തിയിട്ടാകാമെന്നു വിചാരിച്ചു. അങ്ങയെ തടസ്സപ്പെടുത്താത്തതുകൊണ്ട് അനുവദിച്ചതാണ്. പത്രറിപ്പോർട്ടാണെങ്കിൽപ്പോലും അലിഗേഷനാണെങ്കിൽ അത് ചട്ടപ്രകാരമേ ഉന്നയിക്കാവൂ. അല്ലാതെയുള്ളതൊന്നും രേഖയിലുണ്ടാവുകയില്ല. പത്രത്തിൽ പ്രസിദ്ധീകരിക്കാനും പാടുള്ളതല്ല. പത്രത്തിലുള്ള കാര്യങ്ങളൊക്കെ പറയാം, ചർച്ചയിൽ പങ്കെടുക്കാം, കുഴപ്പമില്ല. അലിഗേഷന്റെ സ്വഭാവത്തിലുള്ള പത്രറിപ്പോർട്ടാണെങ്കിൽപോലും ആരായാലും ചട്ടപ്രകാരമേ ഉന്നയിക്കാവൂ. നമ്മൾ തുടർന്നുവരുന്നത് അതാണ്. ആ രൂപത്തിൽ തന്നെയായിരിക്കണം. അതിനുള്ള സമയവും സന്ദർഭവുമൊക്കെയുണ്ട്.

ശ്രീ. സി.കെ. രാജേന്ദ്രൻ : സർ, ഞാൻ അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുന്നില്ല. ഇന്നലെ ഇവിടെ കുറെ പുസ്തകങ്ങളും പേപ്പർ കട്ടിംഗുകളുമൊക്കെ കൊണ്ടുവന്നിട്ടാണ് ബഹുമാനപ്പെട്ട സുധാകരൻ പ്രസംഗിച്ചത്. എഴുതി കൊടുത്തിട്ടൊന്നുമല്ല പ്രസംഗിച്ചത്. ആ രീതിയേ ഞാൻ പിൻതുടർന്നിട്ടുള്ളൂ. പത്രത്തിൽ വന്ന വാർത്തയാണ്. ആ പത്രം മേശപ്പുറത്തുവയ്ക്കാൻ ഞാൻ തയ്യാറാണ്.

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും അവതരിപ്പിക്കേണ്ടതില്ല.

[1 PM]

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഇവിടെ പൊതുവിൽ വന്ന കാര്യങ്ങൾക്ക് മാത്രം ഞാൻ ചുരുക്കി മറുപടി പറയാം. ഇവിടെ ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് ചില ക്രമപ്രശ്നമുന്നയിച്ചു. അതിന് മറുപടി പറഞ്ഞു, സ്പീക്കർ റൂളിംഗും തന്നു. പക്ഷേ രണ്ടായിരമാണ്ട് എന്നുള്ള പ്രശ്നം വച്ചിട്ട് അദ്ദേഹം പറഞ്ഞത്, ഉദ്യോഗസ്ഥന്മാരെ ഒന്നും വിശ്വസിക്കാതെ, വേറെ എവിടെയോവച്ച് ബഡ്ജറ്റ് പ്രസംഗം തയ്യാറാക്കിയെന്നാണ്. ബാഹ്യശക്തികളാണ് ബഡ്ജറ്റുണ്ടാക്കിയതെന്ന് ഇവിടെ പറഞ്ഞു. ഞാൻ അത് ശക്തിയായി നിഷേധിക്കുന്നു. ഒരു ബാഹ്യശക്തിയുമില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാരും മന്ത്രിയുംകൂടി ചേർന്നു തന്നെയാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഉദ്യോഗസ്ഥന്മാർ അവിടെയിരിക്കുന്നുണ്ട്. അവർ കേൾക്കുന്നുണ്ടാവുമല്ലോ ഈ ആൾ കളവാണോ സത്യമാണോ പറയുന്നതെന്ന്. അവർ ഒരു വിവരവുമില്ലാത്തവരല്ലല്ലോ. ടാക്സസ് ഡിപ്പാർട്ടുമെന്റിലെയും ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെയും ഉദ്യോഗസ്ഥൻമാരെ വിശ്വാസത്തിലെടുത്ത് അവരും ഞാനുമല്ലാതെ ഒരു ബാഹ്യശക്തിയും ബഡ്ജറ്റുണ്ടാക്കുന്നതിൽ ഏർപ്പെട്ടിട്ടില്ലെന്ന് ഞാൻ തറപ്പിച്ചു പറയുന്നു. ഉദ്യോഗസ്ഥന്മാർ ഇവിടെയുണ്ട്. അവർക്ക് ഇവിടെ സംസാരിക്കാൻ പറ്റില്ല. പക്ഷേ എന്നെ അവർ മനസ്സിലാക്കുമല്ലോ. മറിച്ചാണെങ്കിൽ ആനക്കള്ളൻ കളവുപറയുന്നത് കണ്ടോയെന്ന് തോന്നുകയില്ലേ? അല്ലെങ്കിൽ ആ മഹാപാപത്തിന് ഇത് പറഞ്ഞത് കഷ്ടമായിപ്പോയിയെന്നുള്ളത് അവരെങ്കിലും വിചാരിക്കുമല്ലോ. അതിൽ എനിക്ക് ദുഃഖമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മന്ത്രി ഈയിടെ വളരെ ഫിലോസഫിക്കലാണ്.

ശ്രീ. ടി. ശിവദാസമേനോൻ : സർ, ഫിലോസഫി വേണം. നടപ്പിലാക്കാൻ കഴിയാത്ത ഫിലോസഫി വന്ധ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഫിലോസഫി ഇല്ലാതെ പ്രയോഗിക്കുന്നത് അന്ധവുമാണ്. അതു കൊണ്ട് അത് രണ്ടും വേണം. പ്രയോഗവും വേണം തത്വശാസ്ത്രവും വേണം. Action without philosophy അത് sterile ആണ്. അതുപോലെ Philosophy which you cannot practice is sterile. Action without any philosophy is blind. അതുകൊണ്ട് അത് രണ്ടും വേണം. Happy combination വേണം. ഞാൻ അങ്ങ് പറഞ്ഞത് സമ്മതിക്കുന്നു. ഫിലോസഫിക്കൽ ലേശം ആകാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നെ അഭിനന്ദിക്കുന്നുവെന്നു പറഞ്ഞാൽ അങ്ങേയ്ക്ക് വല്ല ഗുണവും കോൺഗ്രസിൽ ഉണ്ടെങ്കിൽ അത് പോകണ്ടെന്നു വച്ചിട്ടാണ് ഞാൻ തുറന്നു പറയാതിരുന്നത്. അത് അങ്ങേയ്ക്ക് അവിടെയുള്ള സ്ഥാനത്തിന് കുറച്ച് ചലനം വരും. നമ്മൾ തമ്മിലുള്ള ലോഹ്യം അവിടെ അറിഞ്ഞാൽ ജോലി പോയികിട്ടും, ഉള്ള കാര്യം ഞാൻ പറയാം. അതുകൊണ്ട് താങ്കളുടെ ഭാവി സുരക്ഷിതമായിരിക്കാൻ വേണ്ടിയാണ് ഞാനും താങ്കളുമായിട്ടുള്ള സൗഹൃദം പുറത്തു പറയാത്തത്.

<u>ശ്രീ. ജി. കാർത്തികേയൻ</u> : അങ്ങ് പ്രതിനിധാനം ചെയ്യുന്നത് സി.പി.എമ്മിനെയാണ്. അതിന്റെ നേതാവാണ് അങ്ങ്. അങ്ങേയ്ക്ക് ഉള്ള Philosophy-യും affinity-യും affiliation-ഉം അങ്ങയുടെ നേതൃത്വസ്ഥാനം നഷ്ടപ്പെടുത്തരുത്. കോൺഗ്രസ് അല്ല അങ്ങയുടെ പാർട്ടി.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ഞാൻ നേതാവൊന്നുമല്ല. പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗമാണ്. ഉത്തരവാദപ്പെട്ട സ്ഥാനമാണ്. പക്ഷെ അതുകൊണ്ടല്ല ഫിലോസഫിക്കൽ ആകുന്നത്. It is a creative social science. അറിയാമോ? മാർക്സിസം പിന്നെ വേറെ എന്താണ്? മാർക്സിസം ഒരു തത്വ ശാസ്ത്രമാണ്. Marxism itself is a philosophy, Creative philosophy. ഇതൊന്നും അറിയാതെ ഫിലോസഫി ഇല്ലാതെ ഞങ്ങൾ നടക്കുന്നുവെന്നാണോ നിങ്ങളുടെ വിചാരം? ഫിലോസഫി ഉണ്ട്. പിന്നെ ബാഹ്യശക്തികളാണ് ബഡ്ജറ്റ് ഉണ്ടാക്കിയത് എന്നു പറഞ്ഞത് ക്രൂരമായിപ്പോയി. അത്രയേ പറയുന്നുള്ളൂ. എനിക്ക് വളരെ ഫീൽ ചെയ്തിട്ടാണ് ഞാൻ പറയുന്നത്. ഫിനാൻസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുണ്ട്, ടാക്സസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാരുണ്ട്. അത് ക്രൂവൽ ക്രിട്ടിസിസമാണ്. ഞാൻ അത് പറയുമ്പോൾ വിശ്വസിക്കാൻ ശ്രമിക്കണം. കാരണം അങ്ങനെയാണെങ്കിൽ ഞാൻ പറയുകയില്ലല്ലോ. ഉദ്യോഗസ്ഥൻമാർ ഇരിക്കുമ്പോൾ ഞാൻ അങ്ങനെ പറഞ്ഞാൽ ഞാൻ കളവ് പറയുന്നവനാണ് അതുകൊണ്ട് നാളെ അവർക്ക് എന്നെ വില ഉണ്ടാകുമോ? സത്യം അതാണ്. പിന്നെ ലാ ഡിപ്പാർട്ടുമെന്റിനെ കൺസൾട്ട് ചെയ്യാതെ ബിൽ ഉണ്ടാക്കാൻ പറ്റുമോ? ഏത് ബിൽ ഉണ്ടാക്കാനും I have to trust them ഞങ്ങൾ ബിൽ ഉണ്ടാക്കിയാലും ലാ ഡിപ്പാർട്ടുമെന്റിൽ vet ചെയ്യാതെ നോട്ടിഫിക്കേഷൻ ചെയ്യാൻ കഴിയുമോ? അങ്ങനെ ചെയ്യുന്നത് ശരിയാണോ? അങ്ങനെയാണോ നിങ്ങളൊക്കെ ചെയ്തിരുന്നത്?

ലാ ഡിപ്പാർട്ടുമെന്റിൽ വെറ്റ് ചെയ്യാതെ even a S.R.O. will not come. അതുകൊണ്ട് ലാ ഡിപ്പാർട്ടുമെന്റ് പറയുന്നത് ഞാൻ വിശ്വസിക്കുന്നു. അതാണ് നിയമത്തിൽ ശരിയെന്നു പറയും. Yes agreed എന്നും പറയും. അങ്ങനെയൊക്കെയാണ് ഭരണം നടക്കുന്നത്. ഏതായാലും ഞാൻ തന്നെയായിട്ടുള്ള ഒറ്റയാൻ വെളിച്ചപ്പാട് തുള്ളുകയല്ല. അതുകൊണ്ട് ഒരു collective functioning ആണ്. പിന്നെ ഒന്ന് പറയാനുള്ളത് റബ്ബറിന്റെ വില കൂട്ടാൻ വേണ്ടി 50 കോടി രൂപ വയ്ക്കാത്തതിനെക്കുറിച്ച് ബഹുമാന്യനായ എന്റെ സുഹൃത്ത് ഉമ്മൻചാണ്ടി പറഞ്ഞു. അതിൽ റബ്ബറിന്റെ വില കുറയാനുള്ള കാര

LIBRARY ARCHIVES Kerala Legislative Assembly

ണത്തെപ്പറ്റി ഞാൻ പറഞ്ഞു. തർക്കം വേണ്ട, നമുക്കൊക്കെ പൊതുവിൽ അറിയുന്ന കാര്യമാണ്. സ്റ്റേറ്റിന് ചെയ്യാൻ കഴിയുന്ന ചില കാര്യങ്ങളുമുണ്ട്. ആ സ്റ്റേറ്റിന് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ, റബ്ബർ കൃഷിക്കാരെ രക്ഷിക്കാൻ എത്ര വിഷമിക്കേണ്ടി വന്നാലും അതിന് സ്റ്റേറ്റ് എക്സ്ചെക്കറിൽ നിന്നും പണം നീക്കി വയ്ക്കാതെ ആ പദ്ധതി പരാജയപ്പെടാൻ പോകുന്നില്ല എന്ന് ഞാൻ ആയിരം വട്ടം പറഞ്ഞു. ഇനിയിപ്പോൾ 1001-ാമത്തെ വട്ടം പറയുന്നു. പിന്നെ എന്താണ് സംശയം? അതിൽ തർക്കമില്ല.

<u>ശ്രീ. ഉമ്മൻചാണ്ടി</u> : ഇത് കഴിഞ്ഞ രണ്ട് വർഷമായിട്ടു പറയുന്നു. പക്ഷെ ഒരു കിലോഗ്രാം റബ്ബർ പോലും ഇവിടെ നിന്നും നഷ്ടം സഹിച്ച് ഗവൺമെന്റ് കയറ്റി അയച്ചിട്ടില്ല. നഷ്ടം സഹിച്ചും കയറ്റി അയയ്ക്കുമെന്ന് അങ്ങ് ഈ സഭയ്ക്കു നൽകിയ ഉറപ്പ് പാലിക്കാൻ ആവശ്യമായ തുക ഈ സപ്ലിമെന്ററി ഡിമാന്റിലെങ്കിലും മാറ്റി വയ്ക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെട്ടത്.

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി എല്ലാം എക്സ്പ്ലെയിൻ ചെയ്തിട്ടുണ്ട്. അതിനുള്ള ഭൗതിക സാഹചര്യം വന്നാൽ ആ പണം SDG-ൽ ഇല്ലെന്നുള്ള കാരണംകൊണ്ട് നിന്നു പോകുമോ? ഏതുസമയത്തും Para 95 of the Budget Manual invoke ചെയ്തുകൊണ്ട് എത്ര പൈസ വേണമെങ്കിലും അഡീഷണൽ ആയിട്ട് ആതറൈസ് ചെയ്യാൻ കഴിയാറുണ്ടല്ലോ. ആവശ്യം വന്നിട്ടില്ല. ആവശ്യം വന്നാൽ ഉണ്ടാകും. അതല്ലേ പറഞ്ഞത് I can always give money. അത് ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിക്കും അറിയാമല്ലോ. അതുകൊണ്ട് ഇത് വെറുമൊരു പ്രചരണമായിട്ട് ദയവ് ചെയ്ത് എടുക്കരുത്. അവരുടെ കണ്ണുനീർ കൊണ്ട് നമ്മൾ കളിക്കരുത്. ഞാൻ പറയുന്നത് ഒരു തീവണ്ടി മറിഞ്ഞാൽ ആളുകളെ രക്ഷിക്കാൻ നോക്കുകയല്ലാതെ അതിൽനിന്നും മാല അപഹരിക്കരുത്. അവസാനത്തെ പിടച്ചിൽ പിടയുന്ന യാത്രക്കാരുടെ കഴുത്തിൽ നിന്നും മാല പറിച്ച് മുതലെടുക്കാനല്ല നോക്കേണ്ടത് അവരെ രക്ഷിക്കാനാണ് നോക്കേണ്ടത്. ഇവിടെ വില ഇടിഞ്ഞ് തകർന്ന് തരിപ്പണമായി വിഷമിക്കുന്ന റബ്ബർകൃഷിക്കാരുടെ വിഷമത്തിൽ നിന്നും മുതലെടുക്കരുത്. അവരെ രക്ഷിക്കാൻ നിങ്ങൾ സഹായിക്കുകയാണ് വേണ്ടത്. പിന്നെ കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള ഡെപ്പോസിറ്റ്, അത് വീണ്ടും ശ്രീ. ഉമ്മൻചാണ്ടി പറഞ്ഞു. If my answer is 15 per cent take it as 15 per cent. I stand it corrected. പിന്നെ 14%, ആ ഫയൽ ഇന്നലെ കണ്ടതായി തോന്നി. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. ഏതായാലും I stand in that answer. പിന്നെ ഇതിൽ അസ്വാഭാവികമായിട്ട് വരുന്നതൊന്നും ഇല്ല. Ways and means 18% ആണ്. അതാണോ നല്ലത് അതോ 15% ഡെപ്പോസിറ്റാണോ നല്ലത്? അതിൽ ഏതാണ് നല്ലത്? അതാണ് ചെയ്തത്. അപ്പോൾ Normal rate of interest-6 per cent ആണ്. Term Deposit upto one year – 11 per cent ആണ് Savings Bank-ൽ. Term Deposit periods exceedingly one year – 13.5 per cent. For deposit of bigger amount for longer period – 14 per cent. അതാണ് ഇപ്പോഴത്തെ പലിശ നിരക്ക്. 6% മാത്രം നിങ്ങൾ പറഞ്ഞു അതല്ല. അതുപോലെതന്നെ ഡെപ്പോസിറ്റ് വാങ്ങുന്നത് ഇത് ആദ്യമാണെന്ന് തോന്നും. മുൻപ് സഹകരണ ബാങ്കിൽ നിന്നും കൂടിയ പലിശയ്ക്ക് ഡെപ്പോസിറ്റ് വാങ്ങിയില്ലേ? ബഹുമാനപ്പെട്ട ഉമ്മൻചാണ്ടി ധനകാര്യമന്ത്രിയായിരുന്നപ്പോഴും ഈ നല്ല കാര്യം ചെയ്തിട്ടുണ്ട്. 13-2-92-ൽ ഹൗസിംഗ് ഫെഡറേഷനിൽനിന്നും 2 കോടി രൂപ മൂന്നു മാസത്തേയ്ക്ക് 18 % പലിശയ്ക്ക് തരണമെന്ന് എഴുതിയിട്ടുണ്ട്. പിന്നെ എന്താണി

LIBRARY ARCHIVES Kerala Legislative Assembly

തിൽ അത്ഭുതമുള്ളത്? എനിക്ക് മനസ്സിലായില്ല. അതാണ് ഞാൻ പറഞ്ഞത്. നിങ്ങളെപ്പോലെ ശുദ്ധൻമാർ ലോകത്തുണ്ടോ? ഏതായാലും ഇതിൻമേലാണ് സുതാര്യത. I am frankly telling you. എന്താണിതിലുള്ളത്? നമ്മൾ രണ്ടാളും ചെയ്തതാണ്. അല്ലാതെ നിൽക്കാൻ കഴിയുകയില്ല. സാധാരണ Ways and Means-ൽ ഏത് ധനകാര്യമന്ത്രിയും ചെയ്യുന്ന കാര്യമാണ്. അത് പറയണമെന്നേയുള്ളു. പിന്നെ ഞാൻ എന്തോ പാതകം ചെയ്തതുപോലെ, അവതരിപ്പിച്ചതുകൊണ്ടുള്ള വിഷമമാണ്.

സർ, പുളിക്കൊക്കെ നികുതി കുറയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. 10%-ൽ നിന്ന് 4% ആക്കിയതാണ്. പിന്നെ മുളക്, ഉപ്പ്, എന്നൊക്കെ പറഞ്ഞത് പലവ്യഞ്ജനങ്ങൾക്ക് എല്ലാറ്റിനുംകൂടി ഒരേ റേറ്റാക്കിയതാണ്. അല്ലാതെ ഓരോന്നിനും - മല്ലിക്ക് 6%, മറ്റേതിന് 3% വേറൊന്നിന് 9% എന്നിങ്ങനെ ബിൽ എഴുതേണ്ട. Grocery-ക്ക് മുഴുവൻ യൂണിഫൈ ചെയ്തതാണ്. അതിൽ എന്താണ് തെറ്റ്? It is an easy corection. അതുകൊണ്ട് ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇത്രയും കാര്യങ്ങൾ മാത്രമേ ഞാൻ പറയാനാഗ്രഹിക്കുന്നുള്ളു. പിന്നെ കാറിന്റെ കാര്യം പറയണം. ഫോറിൻ കാർ, ഫോറിൻ കാർ എന്നുള്ള വാക്ക് ഉപയോഗിക്കരുത്. ലക്ഷ്വറി കാറെന്നു ഉപയോഗിച്ചു കൊള്ളു. വില പിടിപ്പുള്ള കാറെന്നു ഉപയോഗിച്ചു കൊള്ളു. ഫോറിൻ കാറെന്നു പറയരുത്. കാരണം പഴയ ബെൻസ് കാർ പോലെയാണോ ഇപ്പോഴത്തെ ബെൻസ് കാർ? ബെൻസ് കാർ ഇവിടെ ഉണ്ടാക്കുന്നതാണ്. അംബാസിഡറോ? എസ്കോർട്ട്..... അംബാസിഡർ കാർ ഹിന്ദുസ്ഥാൻ മോട്ടോർസ് ആണ് ഉണ്ടാക്കുന്നത്. ആദ്യം എന്തായിരുന്നു? മോറിസ് ആയിട്ടുള്ള കൊളാബറേഷനാണ്. ഫിയറ്റോ? ഇറ്റാലിയനാണ്. ദയവ് ചെയ്തൊന്ന് മനസ്സിലാക്കു. അതുപോലെതന്നെ ഫോർഡ്. അമേരിക്കനാണ്. ഇപ്പോൾ എസ്കോർട്ട്സുണ്ടാക്കുന്നു. ജെർമൻ കൊളാബറേഷനാണ്. വിദേശ നിർമ്മിതമായ ഒരു കാറിലും ഞങ്ങൾ കയറിയിട്ടില്ല. അത് മനസ്സിലാക്കണം. വിദേശ നിർമ്മിതമായ കാറിൽ കയറുകയില്ലെന്നല്ല. കയറിയിട്ടില്ല. അതുകൊണ്ട് വിദേശ കാർ വാങ്ങി, വിദേശ കാർ വാങ്ങിയെന്നു പറയരുത്. അഗ്രികൾച്ചറൽ ഇൻകംടാക്സിന്റെ കോമ്പൗണ്ടിംഗിൽ കുറച്ചുകൂടി ഒബ്ജക്ടിവിറ്റി, അതായത് ടാക്സ് കുറച്ചുകൂടി വസ്തുനിഷ്ഠമായിരിക്കും. ആത്മനിഷ്ഠമാകരുത്. ആത്മനിഷ്ഠ അസെസ്സ്മെന്റ് കുറച്ചുകൊണ്ടുവരികയും വസ്തുനിഷ്ഠസ്വഭാവം നികുതിക്ക് കൊണ്ടു വരികയും ചെയ്താൽ നികുതിദായകന് കുറച്ചു രക്ഷയായി. നികുതിദായകന് രക്ഷ വേണമെങ്കിൽ Taxation should be objective and not subjective അപ്പോൾ അസസ്സിംഗ് അതോറിറ്റിയുടെ സബ്ജക്റ്റിവിറ്റി കുറച്ചുകൊണ്ടുവരികയും നികുതിദായകന് ഒബ്ജക്ടിവിറ്റി കൊണ്ടുവരുകയും ചെയ്യുക എന്നുള്ളത് ഒരു പ്രധാന നയമാണ്. അത് അവിടെ ഉള്ളവരും അംഗീകരിക്കുമെന്നാണ് എന്റെ അഭിപ്രായം. അതാണ് കോമ്പൗണ്ടിംഗ് കൊണ്ടുള്ള ഗുണം. അല്ലെങ്കിൽ കോമ്പൗണ്ട് ചെയ്തിട്ടില്ലെങ്കിൽ best of judgement, best assessment എന്നൊക്കെ പറഞ്ഞിട്ട് കുഴപ്പമുണ്ടാക്കേണ്ട. കോംപൗണ്ട് ചെയ്താൽ അത്രേയുള്ളു. അതേ ഞാൻ പറഞ്ഞുള്ളു. ഈ ചർച്ചയിൽ പല വിലപ്പെട്ട നിർദ്ദേശങ്ങളും വന്നിട്ടുണ്ട്. ആ നിർദ്ദേശങ്ങളെല്ലാം ഭാവിയിൽ സാമ്പത്തിക മാനേജുമെന്റ് നടത്തുമ്പോഴും ടാക്സേഷൻ പ്രൊപ്പോസലൊക്കെ കൊണ്ടുവരുമ്പോഴും ഒക്കെ എനിക്ക് പാഠമാണ്. ആ പാഠം ഞാൻ ഉൾക്കൊള്ളുന്നു. ഇത്രയും കാര്യങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളു. ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി.കെ. രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പിൻവലിക്കുന്നത് സംബന്ധിച്ച് -

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തപ്രകാരമുള്ള 1999-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനക്കെടുത്തിരിക്കുന്നു.

2-ാം വകുപ്പ്

ശ്രീ. പി.ജെ. ഫ്രാൻസിസ് : Sir, I move the following amendment:

(87) In sub-section (1) of Section 4 of Act 11 of 1957 proposed to be inserted by clause 2, after the words "if any person collects" insert the words "for himself or for any other person".

ശ്രീ. കെ.സി. ജോസഫ് : Sir, I move the following amendment.

(88) In sub-section (1) of section 4 of Act 11 of 1957 proposed to be inserted by clause 2, after the words "contravention of sub-section (2) of section 3, he, '' insert the words "or any other person for whom the sum was collected."

ഇവിടെ ഈ ബില്ലിൽ പറയുന്നത് ഏതെങ്കിലുമൊരാൾ നിയമരഹിതമായി സർചാർജ് പിരിക്കുകയാണെങ്കിൽ 5000 രൂപയിൽ കൂടാത്ത പിഴ നൽകുമെന്നാണ്. ഈ തുക ഒരാൾ പിരിച്ച് ഒരു എംപ്ലോയർക്ക് കൊടുക്കുകയാണെങ്കിൽ ആ എംപ്ലോയർക്ക് ലയബിലിറ്റി ഇല്ല. എന്റെ അമെന്റുമെന്റിന്റെ ഉദ്ദേശ്യം തുക പിരിക്കുന്ന ആൾ മാത്രമല്ല, ആർക്കുവേണ്ടി പിരിക്കുന്നുവോ ആ ആളിനുകൂടി ഒരു പീനൽ ലയബിലിറ്റി ഉണ്ടാകണം. അതുകൊണ്ട് എന്റെ 88-ാം നമ്പർ അമെന്റുമെന്റ് ഞാൻ മൂവ് ചെയ്യുകയാണ്.

Shri C. Moyin Kutty : Sir, I move the following amendments :

(89) In section 4(1) of Act 11 of 1957 proposed to be inserted by clause 2, for the words "not exceeding five thousand rupees" substitute the words "not exceeding seven thousand rupees."

(108) In the proviso to section 4(1) of Act 11 of 1957, proposed to be inserted by clause 2, add the words "within a period of three months" at the end.

Shri P.P. Sulaiman Rawther : Sir, I move the following amendments :

LIBRARY ARCHIVES Kerala Legislative Assembly

(100) In section 4(1) of Act 11 of 1957 proposed to be inserted by clause 2, for the words "five thousand" the words "twenty five thousand" shall be substituted.

(107) In the proviso the section 4(1) of Act 11 of 1957, proposed to be inserted by clause 2, after the words "from whom it was collected" add the following words "within a reasonable time after understanding the mistake together with 14% interest."

(121) In section 4(2) of Act 11 of 1957 proposed to be inserted by clause 2. The present sub-section (2) shall be renumbered as (1a) and a new sub-section shall be added as follows:-

"(2) The assessing authority shall inform by registered post the person from whom the amount was collected in contravention of the provisions of sub-section (2) of section 3 of his eligibility for reimbursement".

Shri K. Babu : Sir, I move the following amendment:

(101) In sub-section (1) of section 4 of Act 11 of 1957, proposed to be inserted by clause 2, for the words "giving such person an opportunity" substitute the words "giving such person a reasonable opportunity".

Shri V. Balaram : Sir, I move the following amendment:

(103) In sub-section (1) of section 4 of Act 11 of 1957, proposed to be inserted by clause 2 add the words "and a reasonable opportunity for being heard" at the end.

Shri Johny Nelloor : Sir, I move the following amendment:

(104) In sub-section (1) of section 4 of Act 11 of 1957, proposed to be inserted by clause 2 the proviso shall be deleted.

Smt. Sobhana George : Sir, I move the following amendment:

(118) For the proviso to sub-section (1) of section 4 of Act 11 of 1957, proposed to be inserted by clause 2, substitute the following "Provided that where the assessing authority is satisfied that the sum collected has been returned to the person from whom it was collected he may after giving the person concerned a reasonable opportunity to show cause why no penalty shall be imposed and a reasonable opportunity for being heard by order impose the penalty referred to in this sub-section."

Shri Aryadan Mohmmed : Sir, I move the following amendment:

(120) In Section 4 of the Kerala Surcharge on Taxes Act, 1957, proposed to be inserted by clause 2, after sub-section (1) add the following as sub-section (2) and renumber:-

"(2) Any person aggrieved by the orders of the assessing authority may within thirty days from the date of order may prefer an appeal to the Deputy Commissioner, who may after making such enquiries as he deems fit confirm, set aside or revise the orders of the assessing authority". ഞാൻ ആദ്യത്തെ പ്രസംഗത്തിൽ പറഞ്ഞിരുന്നതാണിത്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : മറ്റു ഭേദഗതികളൊന്നും ഓർഡറിലില്ല.

ശ്രീ. ടി.എം. ജേക്കബ് : ഇതിനകത്ത് ഞാൻ ഒരൊറ്റ വാക്കേ പറയുന്നുള്ളൂ. ക്ലാസ് 2-ൽ penalty for illegal collection of surcharge... അതുകൊണ്ട് അത് വളരെ ക്ലിയറായിട്ടുണ്ട്. പിന്നെ ആ പ്രൊവൈസോയുടെ ആവശ്യമില്ല. അതുകൊണ്ട് അത് ഡിലീറ്റ് ചെയ്യണമെന്നാണ്. ശ്രീ. ജോണിനെല്ലൂർ മൂവ് ചെയ്ത അതേ ഭേദഗതി തന്നെയാണ് എന്റെയും ഭേദഗതി. ആ പ്രൊവൈസോയുടെ ആവശ്യമില്ലെന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ : അങ്ങ് ഈ ക്ലാസ്സിൽ ഭേദഗതി കൊടുത്തിട്ടില്ല. ഇത് രണ്ടാം വകുപ്പാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഈ ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ.സി. ജോസഫ് അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മൊയീൻകുട്ടി അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ബാലറാം അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശോഭനാ ജോർജ് അവതരിപ്പിച്ച ഭേദഗതിയെ

LIBRARY ARCHIVES Kerala Legislative Assembly

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച

ഭേദഗതി പിൻവലിക്കുന്നത് സംബന്ധിച്ച്.....

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു. 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ സംബന്ധിച്ച്...

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 3-ാം വകുപ്പിൽ രണ്ടു അമെന്റുമെന്റ് കൊണ്ടു വരുന്നു.

Sir, I move the following amendments:

(293) In the third proviso to clause (a) of sub-section (1) of section 7 of the Kerala General Sales tax Act, 1963 proposed to be substituted by sub-clause (3) of clause 3 of the Bill for the words "dealer has paid tax consecutively for a period" occuring in both the places the words "dealer has paid compounded tax consecutively for a period" shall be substituted.

(294) In sub-section (1) of section 23A of the Kerala General Sales Tax Act, 1963 proposed to be substituted by sub-clause (7) of clause 3 of the Bill, the following further proviso shall be inserted, namely:-

"Provided also that where a dealer has paid the principal amount of tax or other amount due under this Act prior to the 1st day of April, 1999 in pursuance of any order issued under this Act by the Government or any authority, the interest payable by such dealer under this section shall be forty per cent of the interest outstanding as on the 1st day of April, 1999".

ചെറിയൊരു വ്യത്യാസമേയുള്ളു. അതായത് ടാക്സ് മാത്രമുള്ളതിനെ 'കോമ്പൗണ്ട് ടാക്സ് എന്നാക്കുന്ന ഭേദഗതിയേ ഉള്ളു.' 293-ാം നമ്പർ ഭേദഗതിയും 294-ാം നമ്പർ ഭേദഗതിയും അതുതന്നെയാണ്.

ശ്രീ. പി.ജെ. ജോയി : Sir, I move the following amendments:

LIBRARY ARCHIVES Kerala Legislative Assembly

(122) In section 7(1) (a) of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(3) (i) after the word "ornament" add 'or wares'.

(134) In the proviso to section 14(1) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(4) for "one thousand" substitute "one hundred and twenty".

ഇതിനകത്ത് വെള്ളിആഭരണങ്ങൾ എന്നു മാത്രമേ വന്നിട്ടുള്ളൂ. അതിൽ വെള്ളിഉപകരണങ്ങൾകൂടി വരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാനിത് അവതരിപ്പിച്ചത്.

Dr. M.A. Kuttappan : Sir, I move the following amendments :

(129) In sub-section (7AAAA) of section 7 of the Kerala General Sales Tax Act, 1963 proposed to be inserted by clause 3(3) (iii)

(i) for the words "shall not be liable" substitute 'shall be liable'

(ii) for the words "or to pay interest" substitute the words "However he shall not pay interests".

(133) In the proviso to section 14(1) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(4) for "one thousand" substitute "one hundred and twenty five".

(142) In section 22(4) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(6) (1) after "Government" in the second line add "if such dealer is a company".

(2) for "officers of a company" substitute "officers of such company".

(147) In section 23 A of the Kerala General Sales Tax Act, 1963, proposed to be substituted by clause 3(7) for the word "sixty" add the word "fifty".

(148) In the first proviso to section 23A of the Kerala General Sales Tax Act, 1863, proposed to be substituted by clause 3(7) for "31st day of January 2000" substitute "31st day of March 2000".

(149) In the second proviso to section 23A of the Kerala General Sales Tax Act, 1963, proposed to be substituted by clause 3(7).

(1) for the words "on the 1st day of April 1999" substitute the words "on the date of payment of the amount".

(2) In sub-section (3) for "1st day of April, 1999" substitute "on the date of payment of the amount".

(184) In Sl.No.87 to the First Schedule of the Kerala General Sales Tax Act 1963, proposed to be substituted by clause 3 (13) (vi) for '25' substitute '15'.

ആദ്യത്തെ ഭേദഗതി എനിക്ക് മൂവ് ചെയ്യാമോ എന്നറിഞ്ഞുകൂടാ. കാരണം അൽപം ടാക്സ് വർദ്ധിപ്പിക്കുന്ന കാര്യമാണ്. അതുകൊണ്ട് എനിക്ക് അത് മൂവ് ചെയ്യാൻ വിഷമം തോന്നുന്നു. 1994-ലാണ് സർക്കാർ വ്യാപാരികൾക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം ആരംഭിക്കുന്നത്. ഓരോ വർഷവും 25% വച്ച് കോമ്പൗണ്ടിംഗ് ഫീ വർദ്ധിപ്പിക്കണമെന്നാണ് നിശ്ചയം. അങ്ങനെയാ

LIBRARY ARCHIVES Kerala Legislative Assembly

ണെങ്കിൽ ഈ വർഷം വരുമ്പോൾ 125% ആണ് വരേണ്ടത്. വന്നിരിക്കുന്നത് 120% എന്നാണ്. അത് എന്തുകൊണ്ട് വന്നു എന്നെനിക്കറിഞ്ഞുകൂടാ. അതാണ് എന്റെ ഭേദഗതി. അതുകൊണ്ട് ഞാനത് മൂവ് ചെയ്യുന്നില്ല. ഞാനത് അറിയിക്കുകയാണ്. എന്റെ 129-ാമത്തെ ഭേദഗതി, വർക്സ് കോൺട്രാക്ടർ 1999 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്യാത്ത ആളാണെങ്കിൽ അതിനുമുൻപുള്ള രജിസ്ട്രേഷൻ ഫീസ് കൊടുക്കാൻ ബാധ്യസ്ഥനല്ല. നേരെമറിച്ച്, അതിന്റെ ടാക്സ് വാങ്ങണം. രജിസ്ട്രേഷൻ ഫീ നൽകേണ്ടതാണ്. പക്ഷെ അതിനു മുൻപുള്ള ഫീസ് വാങ്ങേണ്ടതില്ല. എന്റെ അഭിപ്രായം രജിസ്റ്റർ ചെയ്യുമ്പോൾ ഫീസ് വാങ്ങണം. ഫീസ് വാങ്ങിയില്ലെങ്കിൽ രജിസ്ട്രേഷൻ ആകില്ല. രജിസ്ട്രേഷൻ ഫീ വാങ്ങുമ്പോഴാണ് രജിസ്റ്റർ ചെയ്യുന്നത്. ഫീസ് വാങ്ങുന്നത് രജിസ്ട്രേഷന്റെ ആളല്ല. അതുകൊണ്ട് വാങ്ങുന്നതിൽ അർത്ഥമില്ല. ഇത് പുതിയ ടാക്സേഷനും അല്ല. എന്നുമുതലാണ് രജിസ്റ്റർ ചെയ്യുന്നത് ആ രജിസ്ട്രേഷൻ കാലത്തെ ഫീസ് വാങ്ങിയിരിക്കണം. "shall not be liable" എന്നാണ് നിലവിലുള്ള നിയമത്തിൽ പറയുന്നത്, അങ്ങനെ രജിസ്ട്രേഷൻ ഫീ നൽകാൻ ആ കോൺട്രാക്ടറെ ഉത്തരവാദപ്പെടുത്തുന്ന ഒരു ഭേദഗതിയാണ് എന്റേത്. അതുപോലെ "or to pay interest" substitute the words "However he shall not pay interests". അത് കോൺസികവന്റായിട്ടുള്ള ഒരു അമെന്റ്മെന്റ് കൂടിയാണ്. എന്റെ 142-ാം ഭേദഗതിയിൽ പറയുന്നത്, ഒരു ഡീലർ ടാക്സ് ഗവൺമെന്റിൽ സമയത്ത് അടയ്ക്കാതെ വന്നാൽ ആ ഡീലർക്കുവേണ്ടി ടാക്സ് കളക്ട് ചെയ്ത കമ്പനിയുടെ ഡയറക്ടർ അല്ലെങ്കിൽ മാനേജർ അല്ലെങ്കിൽ സെക്രട്ടറി അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്യോഗസ്ഥന്മാർ ഈ പണം ടാക്സായി അടയ്ക്കണമെന്നാണ് ആ വ്യവസ്ഥയിൽ പറയുന്നത്. ഇതൊരു കമ്പനിയുടെ കാര്യത്തിലാണ്. മറിച്ച്, ഒരു പ്രൊപ്രൈറ്ററി സ്ഥാപനമാണെങ്കിൽ ഈ പറയുന്ന ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ ഇവിടെ ഉണ്ടായി എന്നുവരില്ല. അതുകൊണ്ട് കമ്പനിയുടെ കാര്യത്തിൽ ഈ ഭേദഗതി വേണമെന്നാണ് എന്റെ അഭിപ്രായം. 142-ാം ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്, ഗവൺമെന്റ് എന്ന ഭാഗം കഴിഞ്ഞ്. "if such dealer is a company" എന്നുകൂടി ചേർത്താൽ അത് പൂർണ്ണമാകും. അല്ലെങ്കിൽ പ്രൊപ്രൈറ്ററി കമ്പനിയെ സംബന്ധിച്ച് ബുദ്ധിമുട്ടുണ്ടാകും. അത് ഒഴിവാക്കാൻ വേണ്ടിയാണ് ഞാൻ ഈ ഭേദഗതി ഉന്നയിക്കുന്നത്. ടാക്സ് അടയ്ക്കാനുള്ള ഒരു വ്യാപാരി 31-1-1997 -നു മുൻപുള്ള ടാക്സും ആ ടാക്സിന്റെ 60 ശതമാനവും വേവ് ചെയ്യാനുള്ള ഒരു വകുപ്പാണ് കൊണ്ടുവന്നിരിക്കുന്നത്. 147-ാം നമ്പർ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നത്. ഇന്ററസ്റ്റിന്റെ 60 ശതമാനം ആവശ്യമില്ല. അത് 50 ശതമാനം ആയി കുറയ്ക്കണമെന്നാണ് എന്റെ ഭേദഗതി. എന്റെ 148-ാം നമ്പർ ഭേദഗതി, ടാക്സിന്റെ ഇന്ററസ്റ്റ് കുറയ്ക്കുന്നത് രണ്ടായിരാമാണ്ട് ജനുവരി 31 വരെയുള്ള കാലാവധി വച്ചു കൊടുത്തിരിക്കുകയാണ്. ആ ദിവസത്തിന് എന്താണ് ഇത്ര സാങ്റ്റിറ്റി എന്ന് എനിക്കു മനസ്സിലായിട്ടില്ല. 31-1-2000. മന്ത്രി യഥാർത്ഥത്തിൽ ഈ വിഭാഗം ആളുകളോട് ഒരു സഹാനുഭൂതിയാണ് കാണിക്കുന്നതെങ്കിൽ ആ സാമ്പത്തികവർഷം അവസാനിക്കുന്നതുവരെ, അതായത് 31-3-2000 ആക്കിയാൽ നന്നായിരിക്കും. ഈ ജനുവരി 31 കൊണ്ടുവന്നത് എന്ത് എന്ന് എനിക്കു മനസ്സിലാകുന്നില്ല. മഹാമനസ്കതയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് 31-3-2000 വരെ എന്നാക്കി മാറ്റണമെന്നാണ് എന്റെ ആ ഭേദഗതി. എന്റെ 184-ാമത്തെ ഭേദഗതിയിൽ നോൺ-ആൽക്കഹോളിക് ഡ്രിംഗ്സിന്റെ ടാക്സ് 25 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. സാധാരണ, ആളുകൾ ദാഹിച്ച് വലയുമ്പോളാണ് ഡ്രിംഗ്സ് കുടിക്കാൻ പോകുന്നത്. കോളായോ, ഫാന്റായോ, ഒരു നാരങ്ങാവെള്ളം പോലും കുടിക്കാൻ പോകുന്നത് അങ്ങനെയാണ്. ആൽക്കഹോളിക്കിന് ടാക്സ് കുറവാണ്. അത് മനസ്സിലാക്കാം. അതിനുവേണമെങ്കിൽ ടാക്സ് വർദ്ധിപ്പിച്ചോളൂ. പക്ഷെ ഇവിടെ നോൺ-ആൽക്കഹോളിക് ഡ്രിംഗ്സിനാണ് ടാക്സ് കൂട്ടിയിരിക്കുന്നത്. ആൽക്കഹോളിക് ഡ്രിംഗ്സിന് കുറയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും നോൺ-ആൽക്കഹോളിക് ഡ്രിംഗ്സിന് കൂട്ടുകയും ചെയ്തിരിക്കുക യാണ്. ആൽക്കഹോളിക്കിന് കഴിഞ്ഞ പ്രാവശ്യമാണ് കുറച്ചത്. ദയവായിട്ട് നോൺ-ആൽക്കഹോളിക്കിന് ഡ്രിംഗ്സിന്റെ 25 ശതമാനം എന്നുള്ളത് 15 ശത മാനമായി കുറയ്ക്കണമെന്നുള്ളതാണ് എന്റെ ഭേദഗതി.

Shri P.P. Sulaiman Rawther : Sir, I move that:-

(124) In clause (a) of section 7(1) of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(3) (i) for the words "twenty five" the word "fifty" shall be substituted.

(127) In clause (a) of section 7(1) of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(3) (i) the present explanation shall be renumbered as II and the following shall be inserted as explanation I.

"EXPLANATION I.—For the purpose of this clause new branch means any shop or place of trade of the same sort which is not situated within a radius of 10 kms. of the principal place of business".

(143) In sub-section (4) of section 22 of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(6) the words "Other officers" shall be deleted.

(145) In item (a) of the Explanation to sub-section (4) of section 22 of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(6) after the words "Other association of individuals" and before the words "or a Co-operative Society" add the words "whether registered or not and the existance of which can be proved by direct, or circumstantial evidence".

(150) In sub-section (2) of section 23A of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(7) for the words "31st day of December" the words "30th November" shall be substituted.

(151) In sub-section (3) of section 23A of the Kerala General Sales Tax Act, 1963, proposed to be substituted by clause 3(7) after the words "the assessing authority shall" and before the word "intimate" add the words "within two weeks from the date of receipt of the application".

127-ാമത്തെ ഭേദഗതിയിൽ ബ്രാഞ്ചസിന് ഒരു വിശദീകരണം വേണമെ ന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. പ്രധാനപ്പെട്ട കടങ്ങൾക്ക് എത്ര അക ലത്തിലുള്ളതാണ് ബ്രാഞ്ചായിട്ട് കണക്കാക്കുന്നത് എന്നാണ് എനിക്ക് അറി യേണ്ടത്. അതുപോലെ 143-ാം ഭേദഗതിയിൽ, ടാക്സ് കളക്ട് ചെയ്യാൻ ചുമ തലപ്പെട്ട ആളുകൾ Persons responsible for collection on behalf of the dealer including the Director, Manager, Secretary or other officers of a company. എന്നുള്ളിടത്ത് 'other officers', എന്നത് നീക്കം ചെയ്യണം എന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ടി.എം. ജേക്കബ് : Sir, I move that -

(125) In clause (a) of sub-section (1) of section 7 of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(3) (i) for the words "in respect of each new branch for the first year shall be twenty five per cent of

LIBRARY ARCHIVES Kerala Legislative Assembly

the compounded tax" the words "in respect of each new branch for the first year shall be thirty per cent of the compound tax" shall be inserted.

സ്വർണ്ണം, വെള്ളി വ്യാപാരികൾ പുതിയ ശാഖകൾ തുറക്കുമ്പോൾ ഓരോ ശാഖയ്ക്കും ആദ്യവർഷം നൽകേണ്ട കോമ്പൗണ്ട് ചെയ്ത നികുതി മുഖ്യ ബിസിനസ് സ്ഥലത്തെ സംബന്ധിച്ച് കോമ്പൗണ്ട് ചെയ്ത നികുതിയുടെ 25 ശതമാനം എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സന്ദർഭത്തിൽ അമെന്റ്മെന്റ് മൂവ് ചെയ്താൽ ബഹുമാനപ്പെട്ട മന്ത്രിക്ക് സ്വീകരിക്കാൻ ബുദ്ധിമുട്ടുവരും എന്ന് എനിക്കറിയാം. പക്ഷെ ഭാവിയിൽ, അടുത്ത വർഷത്തേയ്ക്കൊക്കെ ആലോചിക്കുന്ന സന്ദർഭത്തിൽ എൻഹാൻസ് ചെയ്യേണ്ടതാണ്. ആ നികുതി വർദ്ധിപ്പിച്ചുവയ്ക്കുന്നതാണ് എപ്പോഴും നല്ലത്.

ശ്രീ. ജോണി നെല്ലൂർ : Sir, I move that –

(126) In clause (a) of sub-section (1) of section 7 of the Kerala General Sales Tax Act, 1963 proposed to be substituted by clause 3(3) (i) the words beginning from "and where any such dealer" shall be deleted.

(155) Section 26G of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(8) shall be deleted.

ഞാൻ സംസാരിക്കുന്നില്ല.

ശ്രീമതി. ശോഭനാ ജോർജ് : Sir, I move that –

(128) To clause (a) of sub-section 7(1) of Act 15 of 1963 add the following as first proviso "provided that where a dealer of gold or silver ornaments or wares has compounded the tax to be paid by him under this Act in 1993-94 and the subsequent years and if the tax paid by him during 1998-99 was equal to four times the compounded tax paid by him during 1993-94 the amount of tax to be paid by him for the four years from 1999-2000 to 2003-2004 shall be an amount equal to the tax paid by him in 1998-99".

(131) In the proviso to section 14(1) of the Kerala General Sales Tax Act, 1963 proposed to be inserted by clause 3(4) for "one thousand" substitute "one hundred and fifty".

ഞാൻ സംസാരിക്കുന്നില്ല.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : Sir, I move that –

(136) In the proviso to section 14(1) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(4) for "one thousand" substitute "one hundred".

കാഷ്യൽ ട്രേഡർ രജിസ്ട്രേഷൻ ഫീസ് ആയിരം രൂപ വളരെ കൂടുതലാണ്. അത് കുറയ്ക്കണമെന്നാണ് എന്റെ അമെന്റ്മെന്റ്

ശ്രീ. ഇ.എം. അഗസ്തി : Sir, I move that –

(137) In the proviso to section 14(1) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(4) for "one thousand" substitute "seventy five".

(141) In section 22(4) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(6) (1) after the word "Government" in the second line add the words "the dealer if such dealer is an individual or"

LIBRARY ARCHIVES Kerala Legislative Assembly

(2) after the word "company" add the words "if such dealer is a company".

(146) In section 23A of the Kerala General Sales Tax Act, 1963, proposed to be substituted by clause 3(7) for the word "sixty" add the word "forty".

(154) In section 26B of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(8) after the word "persons" wherever it appears add the words "or persons".

ഞാൻ സംസാരിക്കുന്നില്ല. 141-ാം നമ്പർ ഭേദഗതി ഡോ. എം.എ. കുട്ടപ്പൻ മൂവ് ചെയ്ത രണ്ടാമത്തെ ഭേദഗതി തന്നെയാണ്. കമ്പനി എന്ന ട്രേഡറെക്കൂടി ഈ പരിധിയിൽ കൊണ്ടുവരണം എന്നാണ്. 146-ഉം ഞാൻ മൂവ് ചെയ്യുന്നു. സംസാരിക്കുന്നില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : Sir, I move that –

(138) In the proviso to section 14(1) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(4) for "one thousand rupees" substitute "fifty rupees".

(161) In Serial Number 35 to the Kerala General Sales Tax Act, 1963, proposed to be amended by clause 3(13) (iii) for '6' substitute '2'.

(196) In Sl.No. 124A to the First Schedule of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(13) (ix) in column (4) for '20' substitute '10'.

(197) In Sl.No. 127 to the First Schedule of the Kerala General Sales Tax Act, 1963, proposed to be amended by clause 3(13) (x) shall be deleted.

(198) In Serial No.127 to the First Schedule of the Kerala General Sales Tax Act, 1963 proposed to be amended by clause 3(13) (x) delete serial number 127 and the entries against it and include the item "tamarind including ball tamarind" in the third schedule.

(200) In Serial Number 5 to the Second Schedule to the Kerala General Sales Tax Act, 1963, proposed to be substituted by clause 3(14), for '4' appearing in Column (4) against (a) and (b) substitute '2'.

(212) In clause 3 after sub-clause 15(iv) add the following as sub-clause (16) namely:-

"16 in the Sixth Schedule for serial number 6 and the entries against it the following shall be substituted, namely:-

6.	Small Scale Industrial Units	(i)	Sales of goods other than tyre, tube and flap upto fifty lakhs of rupees manufactured by them within the State.	4	Nil
		(ii)	Sale of goods other than tyre, tube and flap over fifty lakhs	5	Nil

LIBRARY ARCHIVES Kerala Legislative Assembly

	of rupees but below one crore of rupees manufactured by them within the State		
(iii)	Sale of goods other than tyre, tube and flap over one crore of rupees manufactured by them within the State	6	Nil

ഞാൻ പ്രസംഗിക്കുന്നില്ല. പക്ഷേ കാഷ്വൽ ട്രേഡേഴ്സിന് ആയിരംരൂപ എന്നൊക്കെ പറഞ്ഞാൽ വളരെ കഷ്ടമാണ്. ഈ സന്ദർഭത്തിലെങ്കിലും ബഹു: മന്ത്രി അതു കൺസിഡർ ചെയ്താൽ കൊള്ളാം.

ശ്രീ. വി. ബാലറാം : Sir, I move that –

(139) In Section 17(4B) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(5) (i) delete the words "to the contrary".

(158) In section 38(2) of the Kerala General Sales Tax Act, 1963, proposed to be amended by clause 3(ii) for the words "five hundred" substitute the words "three hundred".

General Sales Tax Act-ന്റെ Section 17(4B) യിൽ പറയുന്നത് "Notwithstanding anything to the contrary contained ..... in the forgoing provision of this section എന്നാണ്. Notwithstanding anything contained എന്നുമതി. 'to the contrary' എന്നത് ആവശ്യമില്ല.

ശ്രീ. പി.ജെ. ഫ്രാൻസിസ് : Sir, I move that –

(140) In section 22(4) of Kerala General Sales Tax Act, 1963, proposed to be inserted by clause 3(6) after the words "any dealer" add "other than a Government undertaking".

ബഹുമാനപ്പെട്ട മന്ത്രി അങ്ങ് ശ്രദ്ധിക്കണം. ഡീലറിന് ഡയറക്ടറേയും മാനേജരേയും സെക്രട്ടറിയേയും ഒക്കെ ഉൾപ്പെടുത്താം. ഉൾപ്പെടുത്തുക മാത്രമല്ല ഒറ്റയ്ക്കായും അല്ലാതെയും അവർ ലയബിളാണ്. നമ്മുടെ പബ്ലിക് അണ്ടർടേക്കിംഗ് കമ്പനിയിലൊക്കെ ഒരുപാട് ടാക്സ് കുടിശ്ശികയായി കിടപ്പുണ്ട്. ഇപ്പോൾ വരുന്നവരിൽനിന്നുപോലും ഈടാക്കും, അതുകൊണ്ടാണ് ഞാൻ ഭേദഗതി വരുത്തുന്നത്.

... after the words "any dealer" add "other than a Government undertaking"

പബ്ലിക് അണ്ടർടേക്കിംഗ് കമ്പനിയെ ഒഴിവാക്കണമെന്നാണ് എന്റെ ഭേദഗതി. ആ ഭേദഗതി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : Sir, I move that –

(144) In section 22(4) of the Kerala General Sales Tax Act, 1963, proposed to be inserted by clause 3(6) add at the end "or them".

സംസാരിക്കുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഞാൻ എന്റെ 160, 199, 211, എന്നീ ഭേദഗതികൾ അവതരിപ്പിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(160) In clause 3 after sub-section 13(i) add the following as sub-clause 13(ia) namely:-

"(ia) against serial number 23 in column (4) for the figure (6) the figure '4' shall be substituted".

(199) In Clause 3 after sub-clause 13(x) add the following, namely:-

"(xi) against serial number 161 for the entry in Column (3) substitute the following namely:-

"at the point of last purchase in the State by a dealer other than a Co-operative Society who is liable to tax under Section 5".

(211) In clause 3 after sub-clause 15(iv) add the following as sub-clause (16) namely:-

"(16) in the Sixth Schedule for serial number 6 and the entries against it the following shall be substituted, namely:-

" 6.	Small Scale Industrial Units	(i)	Sales of goods other than tyre, tube and flap upto fifty lakhs of rupees manufactured by them within the State.	4	Nil
		(ii)	Sale of goods other than tyre, tube and flap over fifty lakhs of rupees manufactured by them within the State.	6	Nil

ഇതിൽ 160-ൽ ബിസ്ക്കറ്റിന്റെ ടാക്സ് 6 ശതമാനമായി വർദ്ധിപ്പിച്ചിരിക്കുന്നു. എന്നുവച്ചാൽ നമ്മൾ അതിന് ഒരു കൺസെഷൻ കൊടുത്തിരുന്നു. വർഷങ്ങളായി നാലു ശതമാനമെന്ന കൺസെഷൻ അവർക്കു കൊടുത്തിരുന്നു. ആ കൺസെഷൻ കൊടുക്കുന്നതിന് ഒരു ബാക്ക്ഗ്രൗണ്ടുണ്ട്. ഇൻഡ്യയിലെ ചില സംസ്ഥാനങ്ങളിൽ ബിസ്ക്കറ്റിനു ടാക്സില്ല. കാരണം എല്ലാ സംസ്ഥാനങ്ങളും 2 മുതൽ 4 ശതമാനംവരെയാണ് ടാക്സ് ഈടാക്കുന്നത്. അതുകൊണ്ട് 4 ശതമാനമെന്ന കൺസെഷണൽ റേറ്റ് നമ്മൾ വച്ചു. ഇപ്രാവശ്യം അത് 6 ശതമാനമായിരിക്കുന്നു. ബിസ്ക്കറ്റ് ഇൻഡസ്ട്രി വളരെ പ്രതിസന്ധി നേരിടുകയാണ്. മോഡേണൈസേഷൻ നടന്നുകൊണ്ടിരിക്കുന്നു. പക്ഷെ കേരളത്തിലെ യൂണിറ്റുകൾക്കൊന്നും മോഡേണൈസേഷനുപോകാൻ കഴിയുകയില്ല. കാരണം ഇവിടെ നെഗറ്റീവ് ലിസ്റ്റാണ്. അതുകൊണ്ട് ടാക്സ് എക്സംപ്ഷൻ പോലുള്ള ഇൻസെന്റീവുകൾ കിട്ടുകയില്ല. അതുകൊണ്ട് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന അവസരത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ടാക്സ് ഈടാക്കിയാൽ ആ ഇൻഡസ്ട്രിയെ ഞെക്കിക്കൊല്ലുന്നതിന് തുല്യമാണെന്നാണ് എന്റെ അഭിപ്രായം. റബ്ബർ സൊസൈറ്റികളെ പർച്ചേസ് ടാക്സിൽനിന്നും ഒഴിവാക്കണമെന്നുള്ളതാണ് 199-ാമത്തെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. 211-ാമത്തേതിൽ ചെറുകിട വ്യവസായ യൂണിറ്റുകളിൽ 50 ശതമാനത്തിനു താഴെ വിറ്റുവരവ് ഉള്ളവർക്ക് 4 ശതമാനമായിരുന്നു. 6 ശതമാനമാക്കിയാൽ ആ സ്ഥാപനം പൂട്ടിപ്പോകും. സാമ്പത്തികമാന്ദ്യവും വൈദ്യുതി ചാർജ്ജിന്റെ വർദ്ധനവും കാരണം താങ്ങാ

LIBRARY ARCHIVES Kerala Legislative Assembly

നാവാത്ത അടിയായി നിൽക്കുകയാണ്. അതിനിടയ്ക്ക് 2 ശതമാനം വർദ്ധന വെന്നുവന്നാൽ ഒരുലക്ഷം രൂപയാണ് 50 ലക്ഷം ടേൺ ഓവറുള്ള ഒരു യൂണിറ്റിന് അധികമായിട്ട് വരുന്നത്. അതൊരിക്കലും ചെയ്യരുത്. നമ്മുടെ ടാക്സ് റേറ്റ് കുറയ്ക്കുന്നില്ല. കൂട്ടാതെയെങ്കിലുമിരിക്കണം.

ശ്രീ. ടി.എം. ജേക്കബ് : Sir, I move that –

(152) Section 26C of the Kerala General Sales Tax Act, 1963 proposed to be inserted by clause 3(8) shall be deleted.

ഭേദഗതി 152-ൽ ജനറൽ സെയിൽടാക്സ് ആക്ടിൽ പുതിയ 2 ക്ലാസാണ് (26ബി, 26സി) കൊണ്ടുവന്നിരിക്കുന്നത്. അതിൽ പ്രൈവറ്റ് കമ്പനിയിലെ ഡയറക്റ്റേഴ്സിന്റെ ലയബിലിറ്റി ഫിക്സ് ചെയ്യാനാണ് 26-സി പറഞ്ഞിരിക്കുന്നത്. അതിൽ നിന്നുപോയത് അല്ലെങ്കിൽ ലിക്വിഡേഷനിൽ നിൽക്കുന്നത് അല്ലെങ്കിൽ ഒരുനിലയിലും അവരുടെ കൈയിൽനിന്നും പണം തിരിച്ചുപിടിക്കാൻ നിവൃത്തിയില്ലാതെവരുന്ന ഇത്തരത്തിലുള്ള പ്രൈവറ്റ് കമ്പനികളെ സംബന്ധിച്ചിടത്തോളം ഡയറക്ടർ ബോർഡ് മെമ്പേഴ്സായിരുന്ന ആളുകളിൽ നിന്നും പിന്നീട് ഈടാക്കാമെന്നുള്ള വ്യവസ്ഥയാണ് കൊണ്ടുവന്നിരിക്കുന്നത്. അത് വാസ്തവത്തിൽ അനീതിയാണ്. കാരണം ഒരു നിലയിലും ടാക്സ് ഈടാക്കാൻ കഴിയാത്തിടത്ത് എന്നു പറഞ്ഞിട്ട് ഇന്ന് അതിൽ ഒരു ഡയറക്ടർ ബോർഡ് മെമ്പറാണ്. പല പ്രൈവറ്റ് കമ്പനികളെ സംബന്ധിച്ചിടത്തോളം ഈ ഡയറക്ടർ ബോർഡ് മെമ്പേഴ്സായിട്ടുവരുന്നവർ പല കാര്യങ്ങളാൽ വരാം. എല്ലാവരും പൂർണ്ണമായി ഈ ബിസിനസ്സുമായിട്ട് ഡയറക്ടായിട്ട് ഇൻവോൾവ്ഡായിരിക്കുകയില്ല. അങ്ങനെ വരുന്ന ഒരു ഡയറക്ടർ ഡയറക്ടറായിരുന്നു എന്ന കാരണത്താൽ പിന്നെ വരുന്ന ഡ്യൂസെല്ലാം അയാളിൽനിന്നും റിക്കവറി ചെയ്യുക എന്നു പറഞ്ഞാൽ അയാളുടെ പ്രൈവറ്റ് പ്രോപ്പർട്ടിയിലേക്കുള്ള അറ്റാച്ച്മെന്റും മറ്റു കാര്യങ്ങളുമൊക്കെയുണ്ടാകും. അത് ശരിയായ കീഴ്വഴക്കമല്ല. നേരത്തെ ജനറൽ സെയിൽസ്ടാക്സ് ആക്ടിൽ അതില്ലായിരുന്നു. ഇപ്പോൾ ഇൻകോർപ്പറേറ്റു ചെയ്തതാണ്. അതിന്റെ ആവശ്യമില്ലായെന്നാണ് എനിക്കുതോന്നുന്നത്.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഓർഡറിലല്ല.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റു ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഇതിൽ രണ്ടുകാര്യം ഒരുമിനിറ്റു കൊണ്ടുപറയാം. ഇവിടെ ചെറുകിടവ്യവസായങ്ങൾക്കു 50 ലക്ഷത്തിനു മേലുള്ളവർക്ക് 50 ലക്ഷം എന്ന പരിധി എടുത്തുകളഞ്ഞ് സ്മാൾസ്കെയിൽ ഇൻഡസ്ട്രീസിന് 6 ശതമാനമാക്കി. അത് ചെറുകിട വ്യവസായങ്ങളെ തകർക്കുന്നുവെന്നു പറഞ്ഞ്... ചെറുകിട വ്യവസായങ്ങൾക്ക് 50 ലക്ഷത്തിന്റെ മേൽ 51 ലക്ഷമാണെന്ന് വിചാരിക്കുക. എന്നാൽ 51 ലക്ഷത്തിനുംകൂടി വൻകിട വ്യവസായത്തിന്റെ നികുതിയാണ് കൊടുത്തിരിക്കുന്നത്. ഒരു ലക്ഷത്തിന്റെ മാത്രമല്ല 51 ലക്ഷത്തിനും 60 ലക്ഷമാണെങ്കിൽ ആ 10 ലക്ഷം കൂടിച്ചേർത്ത് 60 ലക്ഷം ഒന്നിച്ചുകൊടുക്കണം. I think it is 10%. 10 ശതമാനം കൊടുക്കണം. ഇത് അവരുടെ പ്രതിനിധികളുമായും ടാക്സസ് ഡിപ്പാർട്ടുമെന്റുമായും ഒക്കെ ഡീറ്റെൽഡ് ഡിസ്ക്കഷൻ നടത്തിയശേഷം.... കാരണം 50 ലക്ഷം എന്നുപറഞ്ഞാൽ പലരും 50 ലക്ഷത്തിന്റെ ഉള്ളിൽ കൊടുത്തു. അതിന്റെ മേലെ ബിസിനസ്സുണ്ടാകും. അപ്പോൾ യഥാർത്ഥ ചെറുകിട വ്യവസായിയും 50 ലക്ഷത്തിൽ ഒതുക്കിനിർത്തും. അങ്ങനെ നിർത്താതിരിക്കാൻ വേണ്ടിയാണിത്. ഇതിപ്പോൾ അങ്ങനെ നിർത്തേണ്ട ആവശ്യമില്ല. അതുപോലെ 50 ലക്ഷമാക്കാൻ വേണ്ടി,

LIBRARY ARCHIVES Kerala Legislative Assembly

നിർത്തിയതിനുവേണ്ടി ഒരു പഠനം നടത്താം. എല്ലാവർക്കും 10 ശതമാനം 50 ലക്ഷത്തിന്റെ മേലുള്ളവർക്ക് 10 ശതമാനം എന്നുള്ളത് ഇല്ലാതാക്കി എല്ലാവർക്കും 6 ശതമാനം എന്നാക്കിയത് ചെറുകിട വ്യവസായങ്ങളുടെ പ്രോൽസാഹനത്തിനുവേണ്ടിയാണ്. അവരുമായിട്ടുള്ള ഡിസ്കഷന്റെ അടിസ്ഥാനത്തിലാണ്. മറ്റൊന്ന്, റബ്ബർ സൊസൈറ്റീസിന്റെ പർച്ചേസ് ടാക്സ്. അത് ഒരു മിസ്നോമറാണ്. കാരണം ഗ്രോവറിൽ നിന്ന് റബ്ബർ വാങ്ങുന്നതിനല്ല ടാക്സ്. Purchase tax is on the last point എന്നുവച്ചാൽ ടയർ മാഗ്നറ്റസിനാണ് ആനുകൂല്യം. ലാസ്റ്റ് പോയിന്റിൽ ആണ് റബ്ബറിന്റെ പർച്ചേസ് ടാക്സ്. അതുകൊണ്ട് റബ്ബർ സൊസൈറ്റിക്കോ അല്ലെങ്കിൽ റബ്ബർ ഡീലർക്കോ പർച്ചേസ് ടാക്സ് ഒഴിവാക്കിക്കൊടുത്താൽ അവസാനത്തെ പോയിന്റിലാണ് കൊടുക്കേണ്ടത്. അവർക്കാണ് ഗുണം. ഇവരുടെ പേരുപറഞ്ഞ് ഫയർസ്റ്റോൺ, ഡൺലപ് തുടങ്ങിയ ടയർ കമ്പനികൾ രക്ഷപ്പെടും. അത് വേണ്ടയെന്നുവച്ചാണ് പർച്ചേഴ്സ് ടാക്സ് ഇപ്പോൾ പെർമനന്റായിട്ട് ഇല്ലാതാകുന്നത്. ഇതാണ് പറയാനുള്ളത്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച 293, 294 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി.ജെ. ജോയി അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ: എം.എ. കുട്ടപ്പൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ അവതരിപ്പിച്ച ഭേദഗതികൾ പിൻവലിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി.എം. ജേക്കബ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോണി നെല്ലൂർ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി ശോഭനാ ജോർജ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഇ.എം. അഗസ്തി അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ബാലറാം അവതരിപ്പിച്ച ഭേദഗതികൾ നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി.ജെ. ഫ്രാൻസിസ് അവതരിപ്പിച്ച ഭേദഗതി നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതികൾ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി നിരാകരിക്കുന്നത് സംബന്ധിച്ച്....

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ....

ഭേദഗതി നിരാകരിച്ചിരിക്കുന്നു.

823/2010.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ശ്രീ. ഉമ്മൻചാണ്ടി, അങ്ങ് അവതരിപ്പിച്ച ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഉമ്മൻചാണ്ടി : എന്റെ 160, 211 എന്നീ ഭേദഗതികൾ ഞാൻ പ്രസ് ചെയ്യുന്നു. പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ = 34

1.	ശ്രീ.	ചെർക്കളം അബ്ദുള്ള
2.	"	എ.വി. അബ്ദുറഹിമാൻ ഹാജി
3.	"	കെ. അച്ച്യുതൻ
4.	"	എ.കെ. ആന്റണി
5.	"	വി. ബാലറാം
6.	"	പി.കെ.കെ. ബാവ
7.	"	കെ.എ. ചന്ദ്രൻ
8.	"	ഡൊമിനിക് പ്രസന്റേഷൻ
9.	"	പി.ജെ. ഫ്രാൻസിസ്
10.	"	ജോർജ് ജെ. മാത്യു
11.	"	ശ്രീ. ഇസ്ഹാക് കുരിക്കൾ
12.	"	ടി.എം. ജേക്കബ്
13.	"	ജോണി നെല്ലൂർ
14.	"	കെ.സി. ജോസഫ്
15.	"	ജി. കാർത്തികേയൻ
16.	"	കെ.കെ. നായർ
17.	ഡോ.	എം.എ. കുട്ടപ്പൻ
18.	ശ്രീ.	കെ. മുഹമ്മദാലി
19.	"	എ.കെ. മണി
20.	"	സി. മൊയീൻകുട്ടി
21.	"	ആര്യാടൻ മുഹമ്മദ്
22.	"	ഉമ്മൻചാണ്ടി
23.	"	വി.ജെ. പൗലോസ്
24.	"	തിരുവഞ്ചൂർ രാധാകൃഷ്ണൻ
25.	ശ്രീമതി	രാധാ രാഘവൻ
26.	ശ്രീ.	തേറമ്പിൽ രാമകൃഷ്ണൻ
27.	ശ്രീമതി	റോസമ്മ ചാക്കോ
28.	"	ശോഭനാ ജോർജ്
29.	ശ്രീ.	കെ. സുധാകരൻ
30.	"	പി.പി. തങ്കച്ചൻ
31.	"	സി.എഫ്. തോമസ്
32.	"	കെ.സി. വേണുഗോപാൽ
33.	"	ബി. വിജയകുമാർ
34.	"	കെ.പി. വിശ്വനാഥൻ

പ്രതികൂലിക്കുന്നവർ = 53

1.	ശ്രീ.	എ. അലി ഹസ്സൻ
2.	"	ആനത്തലവട്ടം ആനന്ദൻ

LIBRARY ARCHIVES Kerala Legislative Assembly

3.	"	എൻ. അനിരുദ്ധൻ
4.	"	ആന്റണി രാജു
5.	"	ബാബു ദിവാകരൻ
6.	"	എൻ.ആർ. ബാലൻ
7.	"	ടി.കെ. ബാലൻ
8.	"	സി.പി. ബാലൻ വൈദ്യർ
9.	"	വെങ്ങാനൂർ പി. ഭാസ്കരൻ
10.	"	വി.കെ. ചന്ദ്രൻ
11.	"	ഇ. ചന്ദ്രശേഖരൻ നായർ
12.	"	എം. ദാസൻ
13.	"	പി.സി. ജോർജ്
14.	"	ടി.കെ. ഹംസ
15.	"	സി.എൻ. ജയദേവൻ
16.	"	ടി.എസ്. ജോൺ
17.	ഡോ:	കെ.സി. ജോസഫ്
18.	ശ്രീ.	എ. കണാരൻ
19.	"	എൻ. കണ്ണൻ
20.	"	എളമരം കരീം
21.	"	കെ.ടി. കുഞ്ഞഹമ്മദ്
22.	"	പി.ടി. കുഞ്ഞിമുഹമ്മദ്
23.	"	സി.എ. കുര്യൻ
24.	ശ്രീമതി	ആർ. ലതാദേവി
25.	ശ്രീ.	ലോനപ്പൻ നമ്പാടൻ
26.	പ്രൊഫ.	മീനാക്ഷി തമ്പാൻ
27.	ശ്രീ.	പാലൊളി മുഹമ്മദ് കുട്ടി
28.	"	പിരപ്പൻകോട് മരളി
29.	"	ടി. നാണു മാസ്റ്റർ
30.	"	സി.കെ. നാണു
31.	"	എം. നാരായണൻ (കുഴൽമന്ദം)
32.	"	എം. നാരായണൻ (ഹോസ്ദുർഗ്)
33.	"	പി. നാരായണൻ
34.	"	കെ. പ്രകാശ് ബാബു
35.	ശ്രീമതി	എൻ.കെ. രാധ
36.	ശ്രീ.	കെ. രാധാകൃഷ്ണൻ
37.	"	പി. രാഘവൻ
38.	"	സി.കെ. രാജേന്ദ്രൻ
39.	"	കെ.പി. രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

40. " പി. രാജു
41. " രാജു എബ്രഹാം
42. " വി.പി. രാമകൃഷ്ണപിള്ള
43. " കടമ്മനിട്ട രാമകൃഷ്ണൻ
44. " യു.എസ്. ശശി
45. " കെ.പി. സതീശ്ചന്ദ്രൻ
46. " സത്യൻ മൊകേരി
47. " ടി. ശിവദാസമേനോൻ
48. " പി.പി. സുലൈമാൻ റാവുത്തർ
49. " പി.എസ്. സുപാൽ
50. " കടകംപള്ളി സുരേന്ദ്രൻ
51. " എം.എ. തോമസ്
52. " വർഗ്ഗീസ് വൈദ്യർ
53. " പി. വിശ്വൻ

നിഷ്പക്ഷത പാലിക്കുന്നവർ : ഇല്ല.

മി. സ്പീക്കർ :

അനുകൂലിക്കുന്നവർ : 34
പ്രതികൂലിക്കുന്നവർ : 53
നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഉമ്മൻചാണ്ടി അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതിയും സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

ശ്രീ. എം.എ. കുട്ടപ്പൻ : എന്റെ 213, 229, 242, 256, 258 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(213) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4(3), delete the word "annually".

(229) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4(3), for the words "two thousand" substitute the words "One thousand".

(242) For sub-section (1) of Section 5A of the Kerala Building Tax Act, 1975 proposed to be inserted by clause 4(3) substitute the following:

LIBRARY ARCHIVES Kerala Legislative Assembly

"*5A. Charge of luxury tax.*-(1) Notwithstanding anything contained in this Act there shall be charged a luxury tax annually at the rate hereinafter given in this sub-section on every residential building having a plinth area of 278.7 square meters or more completed on or after the 1st day of April, 1999.

Rate

Sl.No.	*Classification of building on the basis of investment*	*Rate per year Rupees*
1.	Investment upto ten lakhs of rupees	Fifty rupees
2.	Investment above ten lakhs but below fifteen lakhs	Seventy five rupees
3.	Investment above fifteen lakhs but below twenty five lakhs	One hundred rupees
4.	Investment above twenty five lakhs but below fifty lakhs	Two hundred rupees
5.	Investment above fifty lakhs but below seventy five lakhs	Six hundred rupees
6.	Investment above seventy five lakhs but below one crore	Seven hundred rupees
7.	Above one crore	Eight hundred rupees

(256) For Sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"(1) Notwithstanding anything contained in this Act there shall be charged a luxury tax on every building the construction of which is completed on or before 1st April 1999 and which is having a plinth area of 278.7 square meters based on the cost of construction, the luxurious amenities and facilities provided therein and the aesthetic appeal thereof in accordance with the rate shown in the table below:

Provided that the Government may by notification in the Gazette exempt any building or class of buildings used free of rent for bonafide educational or religious purposes or other purposes connected with the social and community life of the public.

Table

Sl.No.	*Classification of building on the basis luxury, investment and aesthetic appeal*	*Rate per year Rupees*
1.	Investment upto ten lakhs of rupees	Nil
2.	Investment above ten lakhs but below fifteen lakhs	Six hundred rupees

LIBRARY ARCHIVES Kerala Legislative Assembly

3.	Investment above fifteen lakhs but below twenty five lakhs	Seven hundred rupees
4.	Investment above twenty five lakhs but below fifty lakhs	Eight hundred rupees
5.	Investment above fifty lakhs but below seventy five lakhs	One thousand rupees
6.	Investment above seventy five lakhs but below one crore	One thousand and two hundred rupees
7.	Investment one crore	One thousand and five hundred rupees".

(258) For Section 5A(2) of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"(2) The luxury tax assessed under this section shall be paid before the 31st day of March succeeding the completion of construction of the building".

ഈ വകുപ്പ് കെട്ടിടങ്ങളുടെ ആഡംബര നികുതിയെ സംബന്ധിച്ച ഒന്നാണ്. 1999 ഏപ്രിൽ മാസം പണി പൂർത്തിയാക്കുന്ന കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ വർഷവും 278.7 സ്കയർ മീറ്റർ പ്ലിന്ത് ഏരിയായുള്ള ഓരോ കെട്ടിടത്തിനും ഓരോ വർഷവും 2,000 രൂപ ലക്ഷ്വറി ടാക്സ് കൊടുക്കണമെന്നാണ്. അത് ഓരോ വർഷവും എന്നുള്ളത് ഒഴിവാക്കിയിട്ട് ഒരിക്കൽ ഈടാക്കാനുള്ളതാണ്. ആനുവലി എന്നുള്ളത് ഒഴിവാക്കണം. ഒരിക്കൽമാത്രം ലക്ഷ്വറി ടാക്സ് കളക്ട് ചെയ്താൽ മതി എന്നതാണ് എന്റെ 213-ാം നമ്പർ ഭേദഗതി.

229-ാം നമ്പർ ഭേദഗതി, 2,000 രൂപ എന്നുള്ളത് 1,000 രൂപയാക്കി കുറവുചെയ്യുക എന്നതാണ്.

242-ാം നമ്പർ ഭേദഗതി, നേരത്തെ ശ്രീ. ആര്യാടൻ മുഹമ്മദ് സൂചിപ്പിച്ചതുപോലെ 278.7 സ്കയർ മീറ്റർ പ്ലിന്ത് ഏരിയയുള്ള കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം, 10 ലക്ഷം രൂപയ്ക്ക് കെട്ടിടം പണിയാം, 1 കോടി രൂപയ്ക്ക് കെട്ടിടം പണിയാം. എത്ര തുകയാണ് കെട്ടിടങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നത്. അതിന്റെ ആനുപാതികമായിട്ട് ലക്ഷ്വറി ടാക്സ് കളക്ട് ചെയ്യുക എന്നതാണ് എന്റെ ഭേദഗതി. അതിനു വേണ്ടി ഒരു പ്രത്യേക പട്ടികയും (ക്ലാസിഫിക്കേഷൻ) ഹാജരാക്കിയിട്ടുണ്ട്. ഒരേ പ്ലിന്ത് ഏരിയയിലുള്ള കെട്ടിടത്തിനു ഇൻവെസ്റ്റ്മെന്റ് പല തരത്തിലാകും. പലരും ആഡംബരത്തിനു കൂടുതൽ പണം മുടക്കാറുണ്ട്. അതുകൊണ്ട് പ്ലിന്ത് ഏരിയ മാത്രം ആധാരമാക്കിയാൽ പോരാ. ആ കെട്ടിടത്തിനുവേണ്ടി എത്രമാത്രം തുക ചെലവഴിച്ചു, അതനുസരിച്ചുവേണം ടാക്സ് ഈടാക്കേണ്ടത്. അതിനു ഞാൻ ക്ലാസിഫിക്കേഷൻ കൊടുത്തിട്ടുണ്ട്.

256-ാം നമ്പർ ഭേദഗതി, ക്ലാസിഫിക്കേഷൻ പ്രകാരം ടാക്സ് ഈടാക്കുന്നതോടൊപ്പംതന്നെ മറ്റു ചില കാര്യങ്ങൾ നോക്കേണ്ടത് ചില കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ടാക്സ് ഒഴിവാക്കേണ്ടതുണ്ട്. ഉദാഹരണം, എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ അല്ലെങ്കിൽ മതസ്ഥാപനങ്ങൾ അങ്ങനെയുള്ള കെട്ടി

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്ക് ടാക്സ് ഒഴിവാക്കേണ്ടതുണ്ടെങ്കിൽ അതിനു വ്യവസ്ഥ വേണം അതിനുവേണ്ടിയാണ് എന്റെ 256-ാം നമ്പർ ഭേദഗതി.

258-ാം നമ്പർ ഭേദഗതി, മാർച്ച് 31-ന് ഓരോ വർഷവും ടാക്സ് പിരിക്കണം എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. എന്റെ ഭേദഗതി പണി പൂർത്തിയായശേഷം അടുത്തുവരുന്ന മാർച്ച് 31 എന്നാക്കണം. കാരണം കെട്ടിടംപണി പൂർത്തിയാകുമ്പോഴേക്കും കെട്ടിട ഉടമ വലിയ സാമ്പത്തിക പ്രതിസന്ധിയിലായിരിക്കും. അതുകൊണ്ട് കെട്ടിടം പണി പൂർത്തിയായതിനു ശേഷം വരുന്ന മാർച്ച് 31 ആയിരിക്കണം എന്നുള്ളതാണ് എന്റെ ഈ ഭേദഗതി.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : എന്റെ 216, 252 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

(216) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4 (3), for the words "two thousand" substitute the words "eight hundred".

(252) For sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"5A. Charge of luxury tax.-(1) Notwithstanding anything contained in this Act there shall be charged a luxury tax annually at the rate hereinafter given in this sub-section on every residential building having a plinth area of 278.7 square meters or more completed on or after the 1st day of April, 1999.

Rate

Sl.No.	*Classification of building on the basis of investment*	*Rate per year Rupees*
1.	Investment upto ten lakhs of rupees	Nil
2.	Investment above ten lakhs but below fifteen lakhs	Eight hundred rupees
3.	Investment above fifteen lakhs but below twenty five lakhs	Nine hundred rupees
4.	Investment above twenty five lakhs but below fifty lakhs	One thousad rupees
5.	Investment above fifty lakhs but below seventy five lakhs	One thousand and five hundred rupees
6.	Investment above seventy five lakhs but below one crore	One thousand and seven hundred rupees
7.	Above one crore	Two thousand rupees".

ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞതുതന്നെയാണ് എനിക്കും പറയുവാനുള്ളത്. എല്ലാ ബിൽഡിംഗും ഒരേ താരിഫിൽ കാണുന്നത് ശരിയല്ല. 200, 1000 സ്കയർ മീറ്ററിൽ ഇറ്റാലിക് മാർബിൾ കൊണ്ടുള്ള വീടുകൾ നമ്മുടെ നഗരത്തിൽ ധാരാളമുണ്ട്. അതുകൊണ്ട് എല്ലാ കെട്ടിടവും ഒരുപോലെ കാണുന്നത് ശരിയല്ല. അതിൽ വ്യത്യാസം കാണണം എന്നതാണ് എന്റെ ഭേദഗതി.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.സി. വേണുഗോപാൽ : സർ, എന്റെ 218, 244 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(218) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4 (3), for the words "two thousand" substitute the words "nine hundred".

(244) For sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"*5A. Charge of luxury tax.*-(1) Notwithstanding anything contained in this Act there shall be charged a luxury tax annually at the rate hereinafter given in this sub-section on every residential building having a plinth area of 278.7 square meters or more completed on or after the 1st day of April, 1999.

Rate

Sl.No.	*Classification of building on the basis of investment*	*Rate per year Rupees*
1.	Investment upto ten lakhs of rupees	Nil
2.	Investment above ten lakhs but below fifteen lakhs	Two hundred rupees
3.	Investment above fifteen lakhs but below twenty five lakhs	Two hundred and Seventy five rupees
4.	Investment above twenty five lakhs but below fifty lakhs	Five hundred rupees
5.	Investment above fifty lakhs but below seventy five lakhs	Seven hundred rupees
6.	Investment above seventy five lakhs but below one crore	Eight hundred rupees
7.	Above one crore	One thousand rupees".

ശ്രീ. കെ.സി. ജോസഫ് : സർ, 219, 250, 255 എന്നീ നമ്പർ ഭേദഗതികൾ ഞാൻ മൂവ് ചെയ്യുന്നു.

(219) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4 (3), for the words "two thousand" substitute the words "nine hundred and fifty five".

(250) For sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"*5A. Charge of luxury tax.*-(1) Notwithstanding anything contained in this Act there shall be charged a luxury tax annually at the rate hereinafter given in this sub-section on every residential building having a plinth area of 278.7 square meters or more completed on or after the 1st day of April, 1999.

Rate

LIBRARY ARCHIVES Kerala Legislative Assembly

Sl.No.	*Classification of building on the basis of investment*	*Rate per year Rupees*
1.	Investment upto ten lakhs of rupees	Ninety rupees
2.	Investment above ten lakhs but below fifteen lakhs	One hundred and twenty rupees
3.	Investment above fifteen lakhs but below twenty five lakhs	One hundred and Sixty rupees
4.	Investment above twenty five lakhs but below fifty lakhs	One hundred and eighty rupees
5.	Investment above fifty lakhs but below seventy five lakhs	Two hundred rupees
6.	Investment above seventy five lakhs but below one crore	Four hundred rupees
7.	Above one crore	Six hundred rupees".

(255) For sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"(1) Notwithstanding anything contained in this Act there shall be charged a luxury tax on every building the construction of which is completed on or before 1st April 1999 and which is having a plinth area of 278.7 square meters based on the cost of construction, the luxurious amenities and facilities provided therein and the aesthetic appeal thereof in accordance with the rate shown in the table below.

Provided that the Government may by notification in the Gazette exempt any building or class of buildings used free of rent for bonafied educational or religious purposes or other purposes connected with the social and community life of the public.

Table

Sl.No.	*Classification of building on the basis luxury, investment and aesthetic appeal*	*Rate per year Rupees*
1.	Investment upto ten lakhs of rupees	Nil
2.	Investment above ten lakhs but below fifteen lakhs	Eight hundred rupees
3.	Investment above fifteen lakhs but below twenty five lakhs	Nine hundred rupees
4.	Investment above twenty five lakhs but below fifty lakhs	One thousand rupees

LIBRARY ARCHIVES Kerala Legislative Assembly

5.	Investment above fifty lakhs but below seventy five lakhs	One thousand and two hundred rupees
6.	Investment above seventy five lakhs but below one crore	One thousand and five hundred rupees
7.	Investment above one crore	One thousand and six hundred rupees".

ഡോ. എം.എ. കുട്ടപ്പൻ പറഞ്ഞ അഭിപ്രായമാണ് എനിക്കുമുള്ളത്. ഞാൻ ആവർത്തിക്കുന്നില്ല. ലക്ഷ്വറി ടാക്സ് വളരെ സ്വാഗതാർഹമായ കാര്യമാണ്. കെട്ടിടങ്ങളിൽ അമിത ആഡംബരം കാണിക്കുന്നത് അവസാനിപ്പിക്കണം. അതിനു റീസണബിളായിട്ടുള്ള ഒരു ക്ലാസിഫിക്കേഷൻ ഉണ്ടായില്ലെങ്കിൽ എല്ലാ കെട്ടിടങ്ങളും ഒരേ താരിഫിൽ കാണുന്നത് ശരിയല്ല. അതിന്റെ കൺസ്ട്രക്ഷൻ കോസ്റ്റ് അനുസരിച്ച് ടാക്സ് ഈടാക്കുന്നതാണ് നല്ലത്. ഏതായാലും ലക്ഷ്വറി ടാക്സ് ഈടാക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u> : സർ, 232, 237 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(232) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4 (3), the words "two thousand rupees" shall be substituted by the words "thousand five hundred rupees".

(237) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4(3) for the words "having a plinth area of 278.7 square metres or more" shall be substituted by the words "having a plinth area of 278.7 square metres or more and having flooring with marble, granite or wood and completed on or after 1st day of April, 1999".

ബഹുമാനപ്പെട്ട മന്ത്രി എന്നെ വളരെ ദയനീയമായി നോക്കുന്നതു കൊണ്ട് ഞാൻ സംസാരിക്കുന്നില്ല.

<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> : സർ, 234, 248 എന്നീ നമ്പർ ഭേദഗതികൾ ഞാൻ അവതരിപ്പിക്കുന്നു.

(234) In section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4 (3), for the words "two thousand" substitute the words "one thousand one hundred and fifty".

(248) For sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"*5A. Charge of luxury tax.*-(1) Notwithstanding anything contained in this Act there shall be charged a luxury tax annually at the rate hereinafter given in this sub-section on every residential building having a plinth area of 278.7 square meters or more completed on or after the 1st day of April, 1999.

Rate

Sl.No.	*Classification of building*	*Rate per year*

LIBRARY ARCHIVES Kerala Legislative Assembly

	on the basis of investment	*Rupees*
1.	Investment upto ten lakhs of rupees	Nil
2.	Investment above ten lakhs but below fifteen lakhs	One hundred and fity rupees
3.	Investment above fifteen lakhs but below twenty five lakhs	Two hundred and twenty five rupees
4.	Investment above twenty five lakhs but below fifty lakhs	Three hundred rupees
5.	Investment above fifty lakhs but below seventy five lakhs	Six hundred rupees
6.	Investment above seventy five lakhs but below one crore	Nine hundred rupees
7.	Above one crore	One thousand rupees".

ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം, അങ്ങ് പറഞ്ഞത് ലക്ഷ്വറി എന്നത് റിലേറ്റീവ് ടേം ആണെന്നാണ്. അങ്ങനെ പറഞ്ഞ അങ്ങ് അതിൽ ഉറച്ചു നിൽക്കുന്നുണ്ടെങ്കിൽ ഇവിടെ ഭവനനിർമ്മാണത്തിൽ അത് എത്തിയിട്ടില്ല. അതുകൊണ്ട് ഇതൊരു ആഡംബര നികുതിയാണ്. ആ തുക നികുതിക്ക് 248-ാം നമ്പർ ഭേദഗതി അനുസരിച്ച് എന്തുമാത്രം തുക ചെലവഴിക്കുന്നു അത നുസരിച്ച് ആഡംബരം നിശ്ചയിക്കുന്ന തരത്തിൽ നികുതി ഈടാക്കുവാൻ അങ്ങ് തയ്യാറാകണമെന്ന് അപേക്ഷിക്കുന്നു.

മി. സ്പീക്കർ : ശ്രീ. ടി.എം. ജേക്കബിന്റെ 231-ാം നമ്പർ ഭേദഗതി ഡോ: എം.എ. കുട്ടപ്പൻ അവതരിപ്പിച്ച 229-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. അതുകൊണ്ട് അതു അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. ടി.എം. ജേക്കബ് : സർ, എന്റെ 236-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

(236) In Section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4(3), for the words "having a plinth area of 278.7 square metres or more" substitute the words "having a plinth area of 278.7 square metres or more and having flooring with marble or granite".

ബഹുമാനപ്പെട്ട മന്ത്രി കാറുകളുടെ കാര്യം പറഞ്ഞു, അതേ മാന ദണ്ഡം തന്നെയാണ്. ഒരു പുതിയ ക്ലാസ്സാണ് ലക്ഷ്വറി. അദ്ദേഹം പറഞ്ഞത് ഇപ്പോഴത്തെ കാലത്ത് ലക്ഷ്വറി എന്നതില്ല. കാരണം പണ്ട് വിദേശത്തുണ്ടാക്കിയ കാറൊക്കെ ഇവിടെ ഇപ്പോഴുണ്ട്, ഇപ്പോൾ ഇൻഡ്യയിൽ നിർമ്മിക്കുകയാണ് എന്നൊക്കെയാണ്. ഇവിടെ ലക്ഷ്വറി ടാക്സ് പറഞ്ഞിരിക്കുന്നത് 278.7 സ്കയർ മീറ്ററോ അതിൽ കൂടുതലോ പ്ലിന്ത് ഏരിയയുള്ള കെട്ടിടങ്ങൾക്ക് എന്നാണ്. 1-4-1999-നോ അതിനുശേഷമോ പണി തീർത്ത കെട്ടിടങ്ങൾക്ക്, ആ കൺസെപ്റ്റൊക്കെ മാറ്റേണ്ട കാലഘട്ടമാണ്. അദ്ദേഹം ആ ചിന്താഗതിക്കുള്ള ആളാണെന്ന് എനിക്ക് അറിയാം. പല കാര്യങ്ങളിൽ, ഒരു വീടു പണി തുകഴിഞ്ഞാൽ വീടിനകത്ത് ലക്ഷ്വറിയായിട്ടുള്ള ധാരാളം സാധനങ്ങൾ വയ്ക്കുവാൻ സാധിക്കും.

LIBRARY ARCHIVES Kerala Legislative Assembly

2 PM സർ, ഒരാൾ 278.7 സ്കയർ മീറ്റർ ഉള്ള ഒരു കെട്ടിടം പണിതാൽ അയാൾ ലക്ഷ്വറി ടാക്സ് കൊടുക്കണമെന്നു പറയുന്നത് ശരിയല്ല. അതെന്താണെന്നുള്ളത് നോക്കി, ഇപ്പോൾ കുറയ്ക്കാൻ പറ്റുമോ എന്നറിയില്ല. അടുത്ത വർഷത്തെ ബഡ്ജറ്റ് വരുമ്പോഴെങ്കിലും ഇത് ഒഴിവാക്കണം. ആളുകളെ വെറുതെ ബുദ്ധിമുട്ടിക്കരുത്. ബുദ്ധിമുട്ടിച്ചിട്ട് വലിയ കാര്യമില്ല, കിട്ടാനും ഒന്നുമില്ല. അതല്ലെങ്കിൽ അതിനൊരു സ്ലാബു നിശ്ചയിക്കണം. 278 സ്കയർമീറ്ററുള്ള ഗ്രാനൈറ്റ് ഫ്ളോറിംഗുള്ള വീടുമുണ്ട്, സിമന്റ് ഫ്ളോറിംഗുള്ള വീടുമുണ്ട്. ഗ്രാനൈറ്റ് ഇടുന്നവനും സിമന്റിടുന്നവനും ഒരേ ചാർജ്ജാണ് ഇവിടെ കൊടുക്കുന്നത്. മൊസൈക്ക് ഇടുന്ന വീടുമുണ്ട്. മൊസൈക്ക് പല ക്വാളിറ്റിയിലുണ്ട്. ബക്കർ മോഡൽ വീടുമുണ്ട്. അതുപോലെ നിർമ്മിതിയുടെയുമുണ്ട്. ഇവിടെ പ്ലിന്ത് ഏരിയ പറഞ്ഞിരിക്കുന്നത് വച്ച് ലക്ഷ്വറി ടാക്സിടുന്നത് അശാസ്ത്രീയമായ രീതിയാണ്. അങ്ങനെയൊരു സമീപനത്തിലേയ്ക്ക് നമ്മൾ പോകരുത്. നിങ്ങൾ ലക്ഷ്വറി ടാക്സ് ഈടാക്കിയില്ലേ, അതിനെ നിങ്ങൾ എന്തിനാണ് എതിർക്കുന്നത്, വലിയ സാമ്പത്തിക ചുറ്റുപാടുള്ളവർക്കല്ലേ എന്നൊക്കെ ചോദിക്കുന്നത് ശരിയല്ല. അതുകൊണ്ട് ലക്ഷ്വറി എന്താണെന്ന് ആദ്യം ഡിഫൈൻ ചെയ്യുക. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എനിക്കറിയാം, ഞാൻ പറഞ്ഞ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്ന ആളാണ് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി. അതുകൊണ്ട് ഈ പ്രാവശ്യം നടന്നില്ലെങ്കിലും, അടുത്ത ബഡ്ജറ്റ് അങ്ങ് അവതരിപ്പിക്കുമോ എന്നറിയില്ല, അങ്ങ് അതു കൊണ്ടുവരുകയാണെങ്കിൽ ഈ കാര്യം പ്രത്യേകം പരിഗണിക്കുക.

<u>ശ്രീ. പി.പി. സുലൈമാൻ റാവുത്തർ</u> : സർ, താഴെപ്പറയുന്ന 238, 259 എന്നീ ഭേദഗതികൾ അവതരിപ്പിക്കുന്നു.

(238) Section 5A(1) of the Kerala Building Tax Act, 1975 proposed to be inserted by clause 4 (3) shall be recast as follows:-

"5A. Charge of luxury tax.-(1) Notwithstanding anything contained in this Act there shall be charged an annual luxury tax on buildings having a plinth area of 278.7 square metres situated in any city corporation, municipality or panchayat at the rate of rupees six thousand, three thousand and one thousand respectively".

(259) After section 5A of the Kerala Building Tax Act 1975 proposed to be inserted by Clause 4(3) the following shall be inserted as 5B:

"5B *Exemption from luxury tax.*- Every religious institution and buildings attached to such religious institution shall be exempted from luxury tax".

സർ, 238-ൽ, കെട്ടിടങ്ങൾക്ക് നികുതി ഏർപ്പെടുത്തുമ്പോൾ കോർപ്പറേഷനും മുനിസിപ്പാലിറ്റിക്കും പഞ്ചായത്തിനും വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

259-ൽ, റെസിഡൻഷ്യൽ സ്വഭാവമുള്ള മതപരമായ സ്ഥാപനങ്ങളുണ്ട്. ആശ്രമങ്ങൾ, മഠങ്ങൾ കൂടാതെ അനാഥാലയങ്ങൾ എന്നിവയുണ്ട്. അത്തരം സ്ഥാപനങ്ങളെ ഈ നികുതിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

Smt. Sobhana George : താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(241) For sub-section (1) of Section 5A of the Kerala Building Tax Act 1975 proposed to be inserted by clause 4 (3) substitute the following:

"*5A. Charge of luxury tax.*-(1) Notwithstanding anything contained in this Act there shall be charged a luxury tax annually at the rate hereinafter given in this sub-section on every residential building having a plinth area of 278.7 square meters or more completed on or after the 1st day of April, 1999.

Rate

Sl.No.	*Classification of building on the basis of investment*	*Rate per year Rupees*
1.	Investment upto ten lakhs of rupees	One hundred and fifty rupees
2.	Investment above ten lakhs but below fifteen lakhs	Two hundred and fifty rupees
3.	Investment above fifteen lakhs but below twenty five lakhs	Three hundred and fifty rupees
4.	Investment above twenty five lakhs but below fifty lakhs	One thousand rupees
5.	Investment above fifty lakhs but below seventy five lakhs	One thousand and two hundred rupees
6.	Investment above seventy five lakhs but below one crore	One thousand and five hundred rupees
7.	Above one crore	Two thousand rupees".

സർ, ഇവിടെ നേരത്തെ പറഞ്ഞതുപോലുള്ള ഒരഭിപ്രായമാണ് എനിക്കുള്ളത്. ലക്ഷ്വറി ടാക്സിനെ സ്വാഗതം ചെയ്യുന്നു. വീടിന് കൺസ്ട്രക്ഷൻ കോസ്റ്റനുസരിച്ചുവേണം ടാക്സ് ഈടാക്കേണ്ടതെന്നുള്ള ഭേദഗതിയാണ് നമുക്കെല്ലാവർക്കും ആവശ്യപ്പെടാനുള്ളത്.

മി. സ്പീക്കർ : മറ്റു ഭേദഗതികൾ ഓർഡറിലല്ല.

